


# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2025 സെപ്റ്റംബർ 01 – 16

Volume XIX Issue 16

അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111







# നൊബേൽ സമ്മാനത്തിന് ശിപാർശ നൽകണമെന്ന ട്രംപിന്റെ ആവശ്യം മോദി നിരസിച്ചതാണ് ഇരട്ടി തീരുവ ഈടാക്കാൻ കാരണമെന്ന് ന്യൂയോർക്ക് ടൈംസ്




വാഷിങ്ടൺ: ഇന്ത്യക്കുമേൽ 50 ശതമാനം തീരുവ ഏർപ്പെടുത്തിയ യു.എസ് തീരുമാനത്തിന് പിന്നിൽ നൊബേൽ സമ്മാനത്തിന് ശിപാർശ നൽകണമെന്ന യു.എസ് പ്രസിഡന്റിന്റെ ആവശ്യം നരേന്ദ്ര മോദി നിരസിച്ചതാണെന്ന് ന്യൂയോർക്ക് ടൈംസിന്റെ റിപ്പോർട്ട്. ജൂൺ 17ന് നടന്ന ഫോൺ സംഭാഷണത്തിലായിരുന്നു ട്രംപിന്റെ ആവശ്യം. എന്നാൽ, മോദി ഇത് നിരസിക്കുകയായിരുന്നു. ഇതോടെയാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിൽ വിള്ളൽ വീണതെന്ന് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്യുന്നു.

ജൂൺ 17ന് ഇന്ത്യ പാകിസ്താൻ യുദ്ധം അവസാനിപ്പിക്കുന്നതിൽ താൻ വലിയ പങ്കുവഹിച്ചെന്ന് മോദിയോട് ട്രംപ് പറഞ്ഞു. അതിനൊപ്പം പാകിസ്താൻ തന്നെ നൊബേൽ സമ്മാനത്തിനായി ശിപാർശ ചെയ്തിട്ടുണ്ടെന്നും അറിയിച്ചു. ഇതിനൊപ്പം ഇന്ത്യയും ഇത്തരത്തിൽ ശിപാർശ ചെയ്യണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ, പാകിസ്താനുമായുള്ള യുദ്ധം തീർക്കാൻ ട്രംപ് ഇടപെട്ടുവെന്ന അവകാശവാദം അംഗീകരിക്കാൻ മോദി തയാറായില്ല.നൊബേലിന് ശിപാർശ ചെയ്യണമെന്ന ആവശ്യവും നിരസിച്ചു. ഇതോടെയാണ് ഇന്ത്യക്കുമേൽ അധിക തീരുവ ഏർപ്പെടുത്താൻ യു.എസ് തീരുമാനിച്ചതെന്നാണ് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട്.

അതിനിടെ ട്രംപ് മറ്റ് രാജ്യങ്ങൾക്കുമേൽ ഏർപ്പെടുത്തിയ തീരുവകളിൽ പലതും നിയമവിരുദ്ധമെന്ന് വിധിയുമായി യു.എസ് കോടതി. ഫെഡറൽ അപ്പീൽ കോടതിയുടേതാണ് വിധി. വിവിധ രാജ്യങ്ങൾക്കുമേൽ തീരുവ ഏർപ്പെടുത്താനുള്ള ട്രംപിന്റെ നീക്കങ്ങൾക്ക് കനത്ത തിരിച്ചടി നൽകുന്നതാണ് കോടതി ഉത്തരവ്.

നേരത്തെ ഡൊണാൾഡ് ട്രംപിന് അനിയന്ത്രിതമായി തീരുവ ചുമത്താൻ അധികാരമില്ലെന്ന് കീഴ്കോടതി വിധിച്ചിരുന്നു. തുടർന്ന് ഈ വിധിക്കെതിരെ ട്രംപ് അപ്പീൽ കോടതിയെ സമീപിക്കുകയായിരുന്നു. ട്രംപിന്റെ വ്യാപാരനയങ്ങളെ കുറിച്ച് സംശയം ജനിപ്പിക്കുന്നതാണ് അപ്പീൽ കോടതിയിൽ നിന്നുണ്ടായ ഉത്തരവ്.

# ട്രംപിന്റെ നയം ഇന്ത്യയെ ചൈനയിലേക്ക് അടുപ്പിക്കും: യുഎസ് മുൻ ദേശീയസുരക്ഷാ ഉപദേഷ്ടാവ്

വാഷിങ്ടൺ : ഇന്ത്യയിൽ നിന്നുള്ള ഉത്പന്നങ്ങൾക്ക് ഡൊണാൾഡ് ട്രംപ് ഭരണകൂടം അധിക താരിഫ് ചുമത്തിയ നടപടിയെ രൂക്ഷമായി വിമർശിച്ച് യുഎസ് മുൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജേക്ക് സുള്ളിവൻ. ട്രംപിന്റെ വ്യാപാര ആക്രമണംഇന്ത്യയും യുഎസും തമ്മിലുള്ള ബന്ധത്തിൽ വർഷങ്ങളായി നേടിയെടുത്ത പുരോഗതിക്ക് തിരിച്ചടിയാണെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയെ ചൈനയുമായി അടുപ്പിക്കാനാണ് ട്രംപിന്റെ നയം സഹായിക്കുകയെന്നും സുള്ളിവൻ ചൂണ്ടിക്കാട്ടി. ഈ നയങ്ങൾ ഇരു രാജ്യങ്ങളും തമ്മിലുള്ള സൗഹൃദപരമായ ബന്ധം കൂടുതൽ വഷളാക്കുമെന്നും അത് മേഖലയിലെ രാഷ്ട്രീയ സ്ഥിതിയെ ബാധിക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. നിലവിലെ സാഹചര്യത്തിൽ, ഇന്ത്യയുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടത് അമേരിക്കയുടെ താൽപര്യത്തിന് അത്യാവശ്യമാണെന്നും സുള്ളിവൻ കൂട്ടിച്ചേർത്തു.

# കമല ഹാരിസിന്റെ സീക്രട്ട് സർവീസ് സുരക്ഷ റദ്ദാക്കി ട്രംപ് ഭരണകൂടം

**– പി പി ചെറിയാൻ**

വാഷിംഗ്ടൺ ഡി സി: മുൻ വൈസ് പ്രസിഡന്റും 2024 ലെ ഡെമോക്രാറ്റിക് പ്രസിഡന്റ് സ്ഥാനാർത്ഥിയുമായിരുന്ന കമല ഹാരിസിനുള്ള സീക്രട്ട് സർവീസ് സംരക്ഷണം 2025 സെപ്റ്റംബർ 1 മുതൽ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പിൻവലിച്ചു. സെപ്റ്റംബർ 23ന് പുറത്തിറങ്ങാനിരിക്കുന്ന തന്റെ പുതിയ പുസ്തകമായ 107 ഡേയ്സിന്റെ മൾട്ടിസിറ്റി ടൂറിനായി കമല ഹാരിസ് തയ്യാറെടുക്കുന്നതിനിടെയാണ് ഈ തീരുമാനം.

കമല ഹാരിസിന്റെ സുരക്ഷ 2025 ജനുവരിയിൽ ജോ ബൈഡൻ ഒരു വർഷത്തേക്ക് നീട്ടിയിരുന്നു. അദ്ദേഹത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ്, അതായത് 2026 ജനുവരി വരെ. എന്നാൽ, വൈറ്റ് ഹൗസ് ഇപ്പോൾ അത് ഔദ്യോഗികമായി അവസാനിച്ചതായി പ്രഖ്യാപിച്ചു.

മുൻ വൈസ് പ്രസിഡന്റ് ̈ കമല ഡി. ഹാരിസ് എന്ന വ്യക്തിക്ക്, 2025 സെപ്റ്റംബർ 1 മുതൽ നിർത്തലാക്കാൻ ഞങ്ങൾക്ക് അധികാരമുണ്ട്. വൈറ്റ് ഹൗസ് എഴുതി.

# ഇന്ത്യയിലെ അംബാസഡറായി സെർജിയോ

**– പി പി ചെറിയാൻ**



ട്രംപിന്റെ പേഴ്സണൽ ചീഫാണ് 38 കാരനായ സെർജിയോ ഗോർ. നിയമന കാര്യങ്ങളിൽ ട്രംപിനോട് കാണിച്ച വിശ്വസ്ഥതയാണ് അദ്ദേഹത്തെ ഈ സ്ഥാനത്തേക്ക് ഉയർത്താൻ കാരണം. ഇന്ത്യയിലേക്കുള്ള അംബാസഡറായും, ദക്ഷിണമധ്യേഷ്യൻ രാജ്യങ്ങളുടെ പ്രത്യേക പ്രതിനിധിയുമായാണ് അദ്ദേഹത്തെ നിയമിച്ചിട്ടുള്ളത്. ഈ സ്ഥാനത്തേക്ക് സ്ഥിരീകരണം ലഭിക്കുന്നത് വരെ അദ്ദേഹം പേഴ്സണൽ ചീഫ് സ്ഥാനത്ത് തുടരും.

ജോർജ്ജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം നേടിയ ഗോർ, കോളേജ് റിപ്പബ്ലിക്കൻസിൽ പങ്കെടുക്കുകയും യൂണിവേഴ്സിറ്റിയുടെ യംഗ് അമേരിക്കാസ് ഫൗണ്ടേഷന്റെ ചാപ്റ്റർ സ്ഥാപിക്കുകയും ചെയ്തു. 2008 ലെ സെനറ്റർ ജോൺ മക്കെയ്നിന്റെ പ്രസിഡന്റ് തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ അദ്ദേഹം ഒരു പ്രവർത്തകനായിരുന്നു. റിപ്പബ്ലിക്കൻ നാഷണൽ കമ്മിറ്റിയിൽ പ്രവർത്തിച്ചു. പിന്നീട് പ്രതിനിധികളായ സ് റ്റീവ് കിംഗ്, മിഷേൽ ബാച്ച്മാ ൻ, റാണ്ടി ഫോർബ്സ് എന്നിവരുടെ വക്താവായി സേവനമനുഷ്ഠിച്ചു. 2013 മെയ് മാസത്തിൽ, കെന്റക്കി സെനറ്റർ റാൻഡ് പോളിന്റെ രാഷ്ട്രീയ പ്രവർത്തന സമിതിയായ റാൻഡ്പാകിൽ ഗോർ പ്രവർത്തിക്കാൻ തുടങ്ങി. ഒടുവിൽ പോളിന്റെ വക്താവ്, കമ്മ്യൂണിക്കേഷൻസ് ഡയറക്ടർ, ഡെപ്യൂട്ടി ചീഫ് ഓഫ് സ്റ്റാഫ് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു.


സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക


ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം

പി.ഡി.എഫ് ഫയലിനോടൊപ്പം

www.timesofamericanmalayali.com

പ്രതിമാസ സാംസ്കാരിക മാസിക

സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം



ഈ ലക്കത്തിൽ

സന്ധ്യയിൽ തെളിഞ്ഞ തിരിനാളം

എം. കെ. സാനു

# ഫോമാ നാഷണൽ കൺവെൻഷൻ കിക്കോഫും ബിസിനസ് മീറ്റും 2ന്

ചിക്കാഗോ: ഫോമാ സെൻട്രൽ റീജിയന്റെ ആഭിമുഖ്യത്തിൽ നാഷണൽ കൺവെൻഷൻ കിക്കോഫും ബിസിനസ് മീറ്റും സംയുക്തമായി ഈ വരുന്ന നവംബർ 2 ഞായറാഴ്ച ഉച്ചക്ക് 2.30ന് മോർട്ടൻ ഗ്രോവിലുള്ള സെന്റ് മേരീസ് ക്നാനായ ചർച്ച് ഹാളിൽ വെച്ച് നടക്കുന്നതാണ്.

ഫോമാ നാഷണൽ എക്സിക്യൂട്ടീവ് മെമ്പേഴ്സ്, നാഷനൽ ലീഡേഴ്സ്, ചിക്കാഗോയിലെയും അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിലെയും ബിസിനസ് ലീഡേഴ്സ് എന്നിവർ ഈ കൺവെൻഷനിൽ സംബന്ധിക്കുന്നതാണ്. പ്രസ്തുത മീറ്റിങ്ങിന്റെ സുഗമമായ നടത്തിപ്പിനായി, സെൻട്രൽ റീജിയൻ ആർവിപി ജോൺസൻ കണ്ണൂക്കാടൻ, ബിസിനസ്സ് മീറ്റ് ചെയർമാൻ ജോസ് മണക്കാട്, റീജിയണൽ സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു എന്നിവർ നേതൃത്വം നൽകുന്ന കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു.

തുടക്കക്കാരും പരിചയസമ്പന്നരുമായ എല്ലാ അമേരിക്കൻ മലയാളി ബിസിനസ് സംരംഭകർക്കും വേണ്ടിയാണ് ഈ ബിസിനസ് മീറ്റ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് സംഘാടകർ അറിയിച്ചു. സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ, അവർക്ക് ലഭിക്കാവുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം, തുടങ്ങി നിരവധി വിഷയങ്ങൾ ഈ മീറ്റിൽ ചർച്ച ചെയ്യും. ബിസിനസ് രംഗത്ത് നിരവധി വർഷങ്ങളുടെ പരിചയ സമ്പത്തുള്ള വിദഗ്ധർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. മാറുന്ന ലോകത്തിൽ ബിസിനസ്സിനെക്കുറിച്ചുള്ള ധാരണകൾ, സമീപനം, പ്രൊഫഷണൽ ഡെവലപ്മെന്റ്, മാർക്കറ്റിംഗ് ട്രെൻഡുകൾ എന്നീ വിഷയങ്ങൾ ബിസിനസ് മീറ്റിൽ ചർച്ച ചെയ്യും. പുതിയ സംരംഭകർക്ക് ഇതൊരു മുതൽക്കൂട്ടായിരിക്കും.

ഈ ബിസിനസ്സ് മീറ്റിനോടൊപ്പം തന്നെ നാഷണൽ കൺവെൻഷന്റെ കിക്കോഫും നടക്കുന്നതാണ്. ഈ പരിപാടിയിലേക്ക് ഫോമാ റീജിയൻ മെംബേർസ് ഉൾപ്പെടെ എല്ലാ മലയാളി സുഹൃത്തുക്കളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

കമ്മിറ്റി അംഗങ്ങൾ : ഫോമാ നാഷണൽ ബിസിനസ് മീറ്റ് ചെയർമാൻ ബേബി ഊരാളിൽ ഫോമാ നാഷണൽ ബിസിനസ് മീറ്റ് കോ ഓർഡിനേറ്റർ ഓജസ് ജോൺ, ഫോമാ നാഷണൽ എക്സിക്യൂട്ടീവ്സ് : ബേബി മണക്കുന്നേൽ (ഫോമാ നാഷണൽ പ്രസിഡണ്ട്)

ബൈജു വർഗീസ് (ഫോമാ നാഷണൽ സെക്രട്ടറി), സിജിൽ പാലക്കലോടി (ഫോമാ നാഷണൽ ട്രഷറർ), ഷാലു പുന്നൂസ് (ഫോമാ നാഷണൽ വൈസ് പ്രസിഡണ്ട്), പോൾ പി ജോസ് (ജോയിന്റ് സെക്രട്ടറി), അനുപമ കൃഷ്ണൻ ( ജോയിന്റ് ട്രഷറർ), മാത്യു മുണ്ടക്കൽ (നാഷണൽ കൺവെൻഷൻ ചെയർമാൻ), പീറ്റർ കുളങ്ങര (കേരള കൺവെൻഷൻ ചെയർമാൻ).

റീജിയണൽ ബിസിനസ് മീറ്റ് : ആൻഡ്രൂ പി തോമസ്, സ്റ്റീഫൻ കിഴക്കേക്കുറ്റ്, ജോൺ പാട്ടപതി, പ്രമോദ് സക്കറിയ ജോസ് ചാമക്കാല, ജോണി വടക്കുംചേരി, ടോം സണ്ണി.

റീജിയണൽ എക്സിക്യൂട്ടീവ്സ് : ജോൺസൻ കണ്ണൂക്കാടൻ ആർ വി പി, ജോർജ് മാത്യു (നാഷണൽ കമ്മിറ്റി മെമ്പർ, ജോസി കുരിശിങ്കൽ (നാഷണൽ കമ്മിറ്റി മെമ്പർ), ആഷ മാത്യു (നാഷനൽ വിമൻസ് റെപ്), ബെന്നി വാച്ചാച്ചിറ (ഫോമാ നാഷണൽ ജുഡീഷ്യൽ ചെയർ), ആന്റോ കവലക്കൽ (ചെയർമാൻ), അച്ചൻകുഞ്ഞ് മാത്യു (സെക്രട്ടറി).

രാജൻ തലവടി (ട്രഷറർ) റോസ് വടകര (വിമൻസ് ചെയർപേഴ്സൺ), സാബു കട്ടപ്പുറം (റീജിയണൽ കോ ഓർഡിനേറ്റർ).

# വേൾഡ് മലയാളി കൗൺസിൽ നോർത്ത് ടെക്സസ് പ്രൊവിൻസും സണ്ണിവെയിൽ പ്രൊവിൻസും സംയുക്തമായി ഓണം ആഘോഷിച്ചു



ഡാളസ്: വേൾഡ് മലയാളി കൗൺസിൽ ഓഗസ്റ്റ് 23-ാം തീയതി ശനിയാഴ്ച കാരോൾട്ടനിൽ സ്ഥിതി ചെയ്യുന്ന സെന്റ് ഇഗ്നേഷ്യസ് യാക്കോബായ ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് ഓണം ആഘോഷിച്ചു. അന്നാ മേരി അഗസ്റ്റിന്റെഎങ്ങുംമെങ്ങും നിറയും വെളിച്ചമേഎന്ന് തുടങ്ങുന്ന പ്രാർത്ഥനാ ഗാനത്തോടെ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. വേൾഡ് മലയാളി കൗൺസിൽ നോർത്ത് ടെക്സാസ് പ്രൊവിൻസ് പ്രസിഡന്റ് ആൻസി തലച്ചെല്ലൂരിന്റെ സ്വാഗത പ്രസംഗത്തിന് ശേഷം ഗ്ലോബൽ ചെയർമാൻ ഗോപാല പിള്ള, അമേരിക്കൻ റീജിയൺ പ്രസിഡന്റ് ജോൺസൺ തലച്ചല്ലൂർ, മുഖ്യ അതിഥിയായ സെന്റ് മറിയം ത്രേസ്യാ മിഷൻ നോർത്ത് ഡാളസ് ഡയറക്ടർ ഫാ. ജിമ്മി എടക്കുളത്തൂരും മറ്റ് ഭാരവാഹികളും ഒരുമിച്ച് ഈ വർഷത്തെ ഓണം ആഘോഷത്തിന് തിരി തെളിച്ചു.

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ നിന്ന് ഇവിടെ വന്ന് സണ്ണി വെയിൽ സിറ്റി കൗൺസിൽ മെമ്പറാകുകയും അതൊടൊപ്പം തന്നെ വേൾഡ് മലയാളി കൗൺസിലിന്റെ സണ്ണിവെയിൽ പ്രൊവിൻസിന്റെ പ്രസിഡന്റുമായ മനു ഡാനിയെ അച്ചൻ പ്രശംസിച്ചു.

അത്ത പൂക്കളം, കേരളത്തിന്റെ കലാ സംസ്ക്കാരിക തനിമയോടു കൂടിയ ഗ്രൂപ്പ് സോംങ്, ഗ്രൂപ്പ് ഡാൻസ്, ക്ലാസിക്കൽ ഡാൻസ്, തിരുവാതിര, നാടൻ പാട്ട്, ഗ്രൂപ്പ് ഡാൻസ് തുടങ്ങിയവയും താലപ്പൊലിയും ചെണ്ടമേളത്തോടും കൂടി മഹാബലിയെ എതിരേറ്റ് വേദിയിലേക്ക് ആനയിച്ച കാഴ്ച വളരെയധികം മനോഹരമായ ഒരു ദൃശ്യ വിരുന്നായിരുന്നു. ഓണാഘോഷത്തിൽ പങ്കാളികളായ എല്ലാവർക്കും ഇലയിൽ വിളമ്പിയ വിഭവ സമൃദ്ധമായ സദ്യയും ഒരുക്കിയിരുന്നു.

സ്മിതാ ജോസഫ്, മനു തോമസ്, അമ്പിളി ലിസാ ടോം എന്നിവർ എം.സിമാരായിരുന്നു. ചെയർമാൻ സുകു വർഗീസ്, സജി ജോസഫ്, പ്രസിഡന്റ് ആൻസി തലച്ചെല്ലൂർ, മനു ഡാനി, ജനറൽ സെക്രട്ടറി സ്മിതാ ജോസഫ്, സാജോ തോമസ്, ട്രഷറർ സിറിൾ ചെറിയാൻ, പ്രസാദ് വർഗീസ് എന്നീവർ ഈ ആഘോഷത്തിന് നേതൃത്വം നൽകി.

# വേൾഡ് മലയാളി കൗൺസിൽ ഷിക്കാഗോ പ്രൊവിൻസ് ഓണം ആഘോഷിച്ചു




ഷിക്കാഗോ : ജീവ കാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന ലോക മലയാളികളുടെ ഏറ്റവും വലിയ ആഗോള ശൃംഖലയിലെ അംഗമായ വേൾഡ് മലയാളി കൗൺസിൽ ഷിക്കാഗോ പ്രൊവിൻസ് ഈ വർഷത്തെ ഓണം ആഗസ്ത് 28ന് നോർത്ത് ബറൂക്കിൽ വച്ച് നടത്തി. തദവസരത്തിൽ ഷിക്കാഗോ പ്രൊവിൻസ് അംഗം കൂടിയായ ഷിക്കാഗോ മലയാളി അസോസിയേഷന്റെ അടുത്ത ടേമിലേക്കു തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് ജോസ് മണക്കാട്ടിനു സ്വീകരണവും നൽകി.

പാരമ്പര്യപരമായ ഇലയിൽ വിളമ്പിയ ഓണസദ്യയ്ക്ക് ശേഷം നടത്തിയ സമ്മേളനത്തിൽ പ്രൊവിൻസ് പ്രസിഡന്റ് ബെഞ്ചമിൻ തോമസ് അധ്യക്ഷത വഹിച്ചു. പ്രൊവിൻസ് യൂത്ത് ഫോറം പ്രസിഡന്റ് അലോണ ജോർജിന്റെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച മീറ്റിംഗിലേക്കു പ്രൊവിൻസ് ചെയർമാൻ മാത്തുക്കുട്ടി ആലുംപറമ്പിൽ ഏവരെയും സ്വാഗതം ചെയ്തു.

തുടർന്ന് നടത്തിയ അധ്യക്ഷ പ്രസംഗത്തിൽ ബെഞ്ചമിൻ തോമസ് ഏവർക്കും ഓണത്തിന്റെ നന്മകളും ആശംസകളും നേരുകയും ജോസ് മണക്കാട്ടിനും ടീമിനും എല്ലാ വിജയങ്ങളും നേരുകയും ചെയ്തു.

തിരുവല്ല മാർത്തോമ്മാ കോളേജ് മുൻ അദ്ധ്യാപകനും, പ്രോവിൻസിന്റെ അഡ്വൈസറി ബോർഡ് ചെയർമാനുമായ പ്രൊഫ.തമ്പി മാത്യു മുഖ്യ ഓണസന്ദേശം നൽകി. ആമോദരത്തോടെ വസിക്കണമെങ്കിൽ, ഐക്യവും, സമാധാനവും, പരസ്പര സ്നേഹവും അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മാത്യൂസ് എബ്രഹാം (മുൻ പ്രൊവിൻസ് ചെയർമാൻ, അഡ്വൈസറി ബോർഡ് മെമ്പർ), ഫിലിപ്പ് പുത്തൻപുരയിൽ (വൈസ് പ്രസിഡന്റ്), പ്രവീൺ തോമസ് (ഫൊക്കാന വൈസ് പ്രസിഡന്റ്) എന്നിവർ തങ്ങളുടെ ചെറുപ്പകാലത്തെ ഓണാഘോഷങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കുകയും ജോസ് മണക്കാട്ടിന് വിജയാംശസകൾ നേരുകയും ചെയ്തു.

തുടർന്ന് നടത്തിയ മറുപടി പ്രസംഗത്തിൽ ജോസ് മണക്കാട്ട് ഏവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ഷിക്കാഗോ പ്രൊവിൻസിന്റെ പ്രവർത്തനങ്ങൾ ഏകോപിക്കുകയും ചെയ്തു.

പ്രൊവിൻസ് സെക്രട്ടറി തോമസ് ഡിക്രൂസ് മീറ്റിംഗിൽ സംബന്ധിച്ച ഏവർക്കും നന്ദി രേഖപ്പെടുത്തി. പ്രൊവിൻസ് വൈസ് ചെയർപേഴ്സൺ, ബീനാ ജോർജ് എം.സി ആയി പ്രവർത്തിച്ചു.

ഷിക്കാഗോ പ്രൊവിൻസിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2017 ലാണ്. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് ജനോപകാര പ്രവർത്തനങ്ങൾ നടത്തിവരുന്നു.

പ്രധാനമായി കേരളത്തിലെ നിർദ്ധനാരായ 11 കുടുംബങ്ങൾക്ക് സ്വന്തമായി വീടുകൾ നിർമ്മിച്ചു നൽകുവാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യമാണ് ഞങ്ങൾക്കുള്ളത്. അതിന് സഹായ സഹകരണങ്ങൾ നൽകിയ ഏവർക്കും നന്ദി അറിയിക്കുകയും ചെയ്തു

# എട്ടുനോമ്പ് പെരുന്നാളിനോടനുബന്ധിച്ചു വി.കുർബാന നടത്തപ്പെടുന്നു

**– എൻ.സി.മാത്യു**

ഫ്ലോറിഡ: വി. ദൈവമാതാവിന്റെ ജനനപെരുന്നാളിനോടനുബന്ധിച്ചുള്ള എട്ടുനോമ്പ് പെരുന്നാളും വി. കുർബാനയും ഒർലാണ്ടോ സെൻറ് എഫ്രേം യാക്കോബായ സുറിയാനി പള്ളിയുടെ നേതൃത്വത്തിൽ, ജാക്സൺ വില്ല് മദർ ഓഫ് ഗോഡ് ഓഫ് സൂനോറോ സിറിയക് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് സെപ്റ്റംബർ 6ന് ശനിയാഴ്ച്ച നടക്കും.

പരി.സുറിയാനി സഭയിൽ ജനനപെരുന്നാളാഘോഷിക്കാൻ അപൂർവ്വ ഭാഗ്യം ലഭിച്ച ശുദ്ധിമതിയായ ദൈവമാതാവിന്റെ ജനനപെരുന്നാളിനോടനുബന്ധിച്ചു മലങ്കരയിൽ പ്രാദേശികമായി പ്രചാരത്തിലിരിക്കുന്ന എട്ടുനോമ്പുപെരുന്നാളും വി.കുർബാനയും, സുറിയാനിസഭയ്ക്കു ലഭിച്ച അമൂല്യ തിരുശേഷിപ്പായ പരി.ദൈവമാതാവിന്റെ ഇടക്കെട്ടിന്റെ (സൂനോറോ) അംശം സ്ഥാപിതമായിരിക്കുന്ന ജാക്സൺ വില്ല് മദർ ഓഫ് ഗോഡ് ഓഫ് സൂനോറോ സിറിയക് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് സെപ് 6ന് ശനിയാഴ്ച രാവിലെ 9.30ന് നടത്തപ്പെടുന്നു. വി.കുർബാനയെ തുടർന്ന് വി.മാതാവിനോടുള്ള മധ്യസ്ഥപ്രാർത്ഥന, ധൂപപ്രാർത്ഥന, കൈമുത്ത്, നേർച്ചവിളമ്പ് എന്നിവ ഉണ്ടായിരിക്കും. വി.കുർബാനയ്ക്കും പെരുന്നാൾ ശുശ്രൂഷകൾക്കും റവ.ഫാ.ടോംസൺ ചാക്കോ നതൃത്വം നൽകുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്
റവ.ഫാ.ബെന്നി ജോർജ് (വികാരി) 978 930 3047
റവ.ഫാ.ടോംസൺ ചാക്കോ 813 526 5495
ടിജോ മാത്യൂ(സെക്രട്ടറി) 407 580 4485
ഷാജി ജോൺ (ട്രസ്റ്റി) 732 533 4412

## സാറാ കോശി നാഷണൽ സ്പീച്ച് ആൻഡ് ഡിബേറ്റ് അസോസിയേഷൻ യുഎസ്എ ഡിബേറ്റ് ടീമിൽ



ഡാളസ് :പ്ലാനോ ഐ എസ് ഡി സീനിയർ വിദ്യാർത്ഥിനിയും മലയാളിയുമായ സാറാ കോശിയെ നാഷണൽ സ്പീച്ച് ആൻഡ് ഡിബേറ്റ് അസോസിയേഷൻ ഈ വർഷത്തെ യുഎസ്എ ഡിബേറ്റ് ടീമിലേക്ക് തിരഞ്ഞെടുത്തു.അമേരിക്കയിൽ നിന്നും സാറാ കോശി ഉൾപ്പെടെ പന്ത്രണ്ടു വിദ്യാർത്ഥികളെയാണ് ഡിബേറ്റ് ടീമിലേക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു. നാരങ്ങാനം കണ്ടൻകുളത്തു ഡോ. നൈബു കോശിയുടെയും (അർബുദരോഗ വിദഗ്ധൻ) ഡോ. അനിത മാത്യുവിന്റെയും(റുമാറ്റോളജിസ്റ്റ്) മകളാണ് സാറാ.

വിദ്യാർഥികളുടെ വാഗ്സാമർഥ്യം, സംവാദം, പൊതുപ്രസംഗം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള അമേരിക്കയിലെ ദേശീയ സംഘടനയായ നാഷണൽ സ്പീച്ച് ആൻഡ് ഡിബേറ്റ് അസോസിയേഷൻ, യുവമനസ്സുകളെ പ്രചോദിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന ഈ സംഘടനയുടെ നേതൃത്വത്തിൽ ലോകമെമ്പാടും പ്രസംഗസംവാദ മത്സരങ്ങൾ നടക്കാറുണ്ട്. യുവതലമുറയുടെ ആശയങ്ങൾക്കും ശബ്ദങ്ങൾക്കും ഒരു വേദി ഒരുക്കുക എന്നതാണ് ചടങ്ങയുടെ പ്രധാന ലക്ഷ്യം. വർഷംതോറും നടക്കുന്ന ദേശീയ ടൂർണമെന്റ്, ഈ മേഖലയിലെ ഏറ്റവും വലിയ മത്സരമാണ്.

പ്രസംഗവും സംവാദവും വിദ്യാർഥികളുടെ ജീവിതത്തെ മാറ്റിമറിക്കാൻ സഹായിക്കുന്നു. ഇത് ആത്മവിശ്വാസം വർധിപ്പിക്കാനും, പഠനത്തിൽ കൂടുതൽ മികവ് പുലർത്താനും, ആശയവിനിമയ ശേഷി മെച്ചപ്പെടുത്താനും, വിമർശനാത്മക ചിന്താശേഷി വളർത്താനും സഹായിക്കുന്നു. ഈ കഴിവുകൾ ഭാവിയിൽ വിദ്യാർഥികളുടെ വിജയത്തിന് നിർണായകമാണ്.

സമൂഹം നമ്മൾ ആരായിരിക്കണമെന്ന് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, പ്രസംഗവും സംവാദവും നമ്മൾ ആരാണെന്ന് മനസ്സിലാക്കാനും അതിനെ ആത്മാർഥമായി സ്വീകരിക്കാനും ശക്തി നൽകുന്നു. വാക്കുകളുടെയും ആശയങ്ങളുടെയും ശക്തി ഉപയോഗിച്ച് സമൂഹത്തിലെ വിള്ളലുകൾ ഇല്ലാതാക്കാനും മറ്റുള്ളവരെ അവരായിത്തന്നെ സ്വീകരിക്കാൻ പഠിപ്പിക്കാനും സാധിക്കും, NSDA അംഗമായ ബെനെയാം ഹസ്സൻ പറയുന്നു.

## ഇന്ത്യ അസോസിയേഷൻ ഓഫ് നോർത്ത് ടെക്സസ് 48–ാമത് ആനന്ദ് ബസാറും ഇന്ത്യയുടെ 79–ാം സ്വാതന്ത്ര്യദിനവും ആഘോഷിച്ചു



**– പി പി ചെറിയാൻ**

ഡാളസ്: ഓഗസ്റ്റ് 23ന് ഫ്രിസ്കോ റഫ്റൈഡേഴ്സ് സ്റ്റേഡിയം കണ്ടത് അവിസ്മരണീയമായ ഒരു ദിവസമാണ്! നോർത്ത് ടെക്സസിലെ ഏറ്റവും വലിയ സ്വാതന്ത്ര്യദിനാഘോഷങ്ങളിലൊന്നിന് വേദിയായ ഈ പരിപാടി സംഘടിപ്പിച്ചത് ഇന്ത്യ അസോസിയേഷൻ ഓഫ് നോർത്ത് ടെക്സസ് ആണ്. പതിനായിരക്കണക്കിന് ആളുകളാണ് ആഘോഷത്തിൽ പങ്കെടുത്തത്.

മുഖ്യാതിഥി ഹൂസ്റ്റണിലെ ഇന്ത്യൻ കോൺസൽ ജനറൽ ഡി.സി. മഞ്ജുനാഥ് സ്വാതന്ത്ര്യദിന പ്രസംഗം നടത്തി.

പ്രമുഖരും പ്രാദേശിക നേതാക്കളും സന്നദ്ധസംഘടനകളും അണിനിരന്ന ദേശഭക്തി വിളിച്ചോതുന്ന പരേഡ്. ഡാലസിലെ പ്രാദേശിക ഡാൻസ് സ്കൂളുകൾ അവതരിപ്പിച്ച മനോഹരമായ കലാപരിപാടികൾ. അയാന്റ് നേതൃത്വത്തിലുള്ള രാജീവ് കാമത്ത്, മഹേന്ദർ റാവു, ബി.എൻ. റാവു എന്നിവരുടെ ഹൃദയസ്പർശിയായ പ്രസംഗങ്ങൾ. ഭക്ഷണം, ഷോപ്പിംഗ്, സാംസ്കാരിക പ്രദർശനങ്ങൾ എന്നിവയുമായി 130ൽ അധികം സ്റ്റാളുകൾ. കുട്ടികൾക്കായി മെഹന്തി, ഫേസ് പെയിന്റിംഗ്, ബൗൺസ് ഹൗസുകൾ, ക്രിക്കറ്റ് ഇന്ത്യൻ ഐഡൽ 13–ാം വിജയി ഋഷി സിംഗ്, ഇന്ത്യൻ ഐഡൽ 14–ാം ഫൈനലിസ്റ്റ് അഞ്ജന പദ്മനാഭൻ എന്നിവർ നയിച്ച സംഗീത കച്ചേരി. രാത്രി ആകാശത്തെ പ്രകാശപൂരിതമാക്കിയ അതിമനോഹരമായ വെടിക്കെട്ട്. വിവിധ വിനോദങ്ങൾ എന്നിവ ഉൾപ്പെടെ വൈവിധ്യമാർന്ന പരിപാടികൾ ആഘോഷത്തിന്റെ മാറ്റ് വർധിപ്പിച്ചു.

ഈ അവിസ്മരണീയമായ ആഘോഷം യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ സന്നദ്ധ പ്രവർത്തകർക്കും സ്പോൺസർമാർക്കും സാമൂഹിക പങ്കാളികൾക്കും വൈസ് പ്രസിഡന്റ് കേരളത്തിൽ നിന്നുള്ള ജസ്റ്റിൻ വർഗീസ് നന്ദി അറിയിച്ചു.

## മിഷിഗണിൽ രാജ്മോഹൻ ഉണ്ണിത്താന് സ്വീകരണം



**– അലൻ ജോൺ**

ഡിട്രോയിറ്റ്: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് മിഷിഗൺ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ് എം.പിയും കോൺഗ്രസ് നേതാവുമായ രാജ്മോഹൻ ഉണ്ണിത്താന് മിഷിഗണിൽ ആവേശകരമായ സ്വീകരണം നൽകി. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ചരിത്രവും രാഷ്ട്രീയവും കൃത്യമായി അവതരിപ്പിച്ചുകൊണ്ട് രാജ്മോഹൻ ഉണ്ണിത്താൻ മുഖ്യ പ്രഭാഷണം നടത്തി.

താൻ എന്നും നിലപാടുകളുള്ള ഒരു കോൺഗ്രസുകാരൻ ആയിരിക്കുമെന്നും സ്ഥാനങ്ങളെക്കാളപ്പുറം കോൺഗ്രസ് പ്രസ്ഥാനമാണ് ജീവനുതുല്യം വലുതെന്നും അദ്ദേഹം ആവർത്തിച്ചു പറഞ്ഞു. കാന്റൺ ഒതെന്റിക്ക ഇന്ത്യൻ കുസീൻ റെസ്റ്റോറന്റിൽ വെച്ച് നടന്ന സ്വീകരണ സമ്മേളനത്തിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് മിഷിഗൺ ചാപ്റ്ററിന്റെ പ്രസിഡന്റ് ഡോ. മാത്യു വർഗീസ് അദ്ധ്യക്ഷത വഹിച്ചു.

അജയ് അലക്സ്, ജോൺ വർഗീസ് (ജോജി), പ്രിൻസ് ഏബ്രഹാം എന്നിവർ ആശംസ പ്രസംഗം നടത്തി. അലൻ ജോൺ സ്വാഗതം ആശംസിക്കുകയും സൈജൻ കണിയോടിക്കൽ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

## വിദേശ ഡ്രൈവർമാർ വർധിക്കുന്നത് അമേരിക്കൻ പൗരന്മാരുടെ ജീവൻ അപകടത്തിലാക്കുന്നുവെന്നു സ്റ്റേറ്റ് സെക്രട്ടറി റൂബിയോ

**– പി പി ചെറിയാൻ**

വാഷിംഗ്ടൺ ഡിസി: വിദേശ ഡ്രൈവർമാർ യു. എസ് റോഡുകളിൽ വർധിക്കുന്നത് അമേരിക്കൻ പൗരന്മാരുടെ ജീവൻ അപകടത്തിലാക്കുന്നുണ്ടെന്നും, ഇത് അമേരിക്കൻ ട്രക്ക് ഡ്രൈവർമാരുടെ ഉപജീവനത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്നും അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി റൂബിയോ എക്സിൽ കുറിച്ചു.

വാണിജ്യ ട്രക്ക് ഡ്രൈവർമാർക്കുള്ള തൊഴിൽ വിസകൾ താൽക്കാലികമായി നിർത്തിവെച്ചതായി അദ്ദേഹം എക്സിൽ കുറിച്ചു. ഫ്ലോറിഡയിൽ ഇന്ത്യയിൽനിന്നുള്ള ഡ്രൈവർ ഉൾപ്പെട്ട വാഹനാപകടത്തിൽ മൂന്ന് പേർ മരിച്ച സംഭവത്തിൽ അന്വേഷണം നടക്കുന്നതിനിടെയാണ് ഈ നടപടി.

ട്രാൻസ്പോർട്ടേഷൻ സെക്രട്ടറി ഷോൺ ഡഫി സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ട്രക്ക് ഡ്രൈവർമാരുടെ ഇംഗ്ലീഷ് പ്രാവീണ്യം കർശനമായി നടപ്പാക്കാൻ ശ്രമിക്കുന്നതിന് പിന്നാലെയാണ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ ഈ തീരുമാനം.

ഫ്ലോറിഡയിലുണ്ടായ വാഹനാപകടത്തിൽ മരിച്ച മൂന്ന് പേരുടെ മരണത്തിന് കാരണക്കാരനായ ഇന്ത്യൻ ട്രക്ക് ഡ്രൈവർ ഹർജിന്ദർ സിംഗ് ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യ പരീക്ഷയിൽ പരാജയപ്പെട്ടിരുന്നുവെന്ന് ഫെഡറൽ മോട്ടോർ കാരിയർ സേഫ്റ്റി അഡ്മിനിസ്ട്രേഷൻ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തി. 12 വാക്കാലുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിനും നാല് ഹൈവേ സൈനുകളിൽ ഒരെണ്ണത്തിനും മാത്രമാണ് ഇയാൾക്ക് കൃത്യമായ ഉത്തരം നൽകാൻ കഴിഞ്ഞത്.

ഇത് പോലെയുള്ള വാഹനാപകടങ്ങൾ തടയുന്നതിന്, ട്രക്ക് ഡ്രൈവർമാരുടെ ഇംഗ്ലീഷ് പ്രാവീണ്യം വർദ്ധിപ്പിക്കാൻ മെയ് മാസത്തിൽ ഷോൺ ഡഫി ഉത്തരവിറക്കിയിരുന്നു. നിയമങ്ങൾ പാലിച്ചിരുന്നെങ്കിൽ ഈ ഡ്രൈവർ ഒരിക്കലും വാഹനം ഓടിക്കില്ലായിരുന്നുവെന്നും, അങ്ങനെയെങ്കിൽ ആ മൂന്ന് ജീവനുകൾ ഇപ്പോഴും ഉണ്ടാകുമായിരുന്നുവെന്നും ഷോൺ ഡഫി പറഞ്ഞു.

## ഡാളസിൽ 14 സായുധ കവർച്ചകൾ നടത്തിയ 22കാരൻ ജാഫത്ത് നജേരസുവേറ്റ് അറസ്റ്റിൽ

ഡാളസ്: ഈ വർഷം ഡാളസ് നഗരത്തിൽ 14 കവർച്ചകൾ നടത്തിയ കേസിൽ 22 വയസ്സുകാരനായ ജാഫത്ത് നജേരസുവേറ്റ് അറസ്റ്റിലായി. ഡാളസ് പോലീസ് സീരിയൽ റോബറി ടാസ്ക് ഫോഴ്സാണ് ഇയാളെ പിടികൂടിയത്.

ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി ഇയാൾ തോക്ക് ചൂണ്ടി നിരവധി സ്ഥാപനങ്ങളിൽ നിന്ന് പണം കവർന്നതായി പോലീസ് പറഞ്ഞു. മാർച്ച് ഒന്നിന് രാത്രി 9.30ഓടെ സൗത്ത് ലങ്കാസ്റ്റർ റോഡിലെ ഒരു സ്ഥാപനത്തിൽ നടന്ന കവർച്ചയെക്കുറിച്ച് നടത്തിയ അന്വേഷണത്തിലാണ് മറ്റു 13 കേസുകളിലും ഇയാൾക്ക് പങ്കുണ്ടെന്ന് കണ്ടെത്തിയത്. ജനുവരിയിൽ ഏഴ് കവർച്ചകളും, ഫെബ്രുവരിയിൽ അഞ്ചും, മാർച്ചിൽ രണ്ടും കേസുകളാണ് ഇയാൾക്കെതിരെ ചുമത്തിയിട്ടുള്ളത്.

ഇയാളെ ഡാളസ് കൗണ്ടി ജയിലിലേക്ക് മാറ്റി. 2024ൽ കവർച്ചകൾ വർധിച്ചതിനെത്തുടർന്ന് രൂപീകരിച്ച ഡാളസ് പോലീസ് സീരിയൽ റോബറി ടാസ്ക് ഫോഴ്സ്, ഈ വർഷം ഇതുവരെ 33 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 112 കവർച്ചാ കേസുകളുമായി ബന്ധപ്പെട്ട് 24 അന്വേഷണങ്ങളാണ് സംഘം നടത്തിവരുന്നത്.

## ഫോമാ ബിസിനസ് കൺവൻഷനും ഫാമിലി നൈറ്റും ലാസ് വേഗസിൽ



കാലിഫോർണിയ: ഫോമാ വെസ്റ്റേൺ റീജിയന്റെ ആഭിമുഖ്യത്തിൽ ലാസ് വേഗസിൽ വെച്ച് നവംബർ 14, 15 തീയതികളിൽ ബിസിനസ് കൺവൻഷനും, ഫാമിലി നൈറ്റും ഗംഭീരമായി നടത്തുവാൻ റീജിയണൽ കമ്മറ്റി തീരുമാനിച്ചു.

ലാസ് വേഗസിലെ പ്രശസ്തമായ റിയോ കാസിനോ ഹോട്ടലുമായി ഇതുസംബന്ധിച്ച് കരാർ ഒപ്പുവെച്ചു. ഈ വരുന്ന നവംബർ മാസത്തിലെ ഹേമന്തത്തിന്റെ കുളിരിൽ നിശയുണരുമ്പോൾ സജീവമാകുന്ന ലാസ് വേഗാസിന്റെ മാസ്മരികത ആസ്വദിച്ചുകൊണ്ട് കുടുംബമായും അല്ലാതെയും ഈ പ്രത്യേക പരിപാടിയിൽ പങ്കെടുക്കുവാൻ അവസരമൊരുക്കുന്നതാണ്.

അമേരിക്കൻ മലയാളി ബിസിനസ് സംരംഭകർക്കും തുടക്കക്കാർക്കും, അവരുടേതായ ബിസിനസ് വളർച്ചയ്ക്കു വേണ്ടിയും, വിവിധ മേഖലകളിൽ നിന്നും കിട്ടുന്ന ആനുകൂല്യങ്ങൾ, ബിസിനസ് മേഖലയിൽ നേരിടാവുന്ന പ്രശ്നങ്ങൾ, എന്നിങ്ങനെ ഒട്ടനവധി വിഷയങ്ങൾക്കു മാർഗനിദ്ദേശങ്ങൾ നൽകുകയെന്നുള്ളതാണ് ഈ ബിസിനസ് കൺവൻഷന്റെ ലക്ഷ്യം. ബിസിനസ് രംഗത്തു ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള വിദഗ്ധരാവും ഈ പരിപാടിയുടെ മുഖ്യാതിഥികൾ.

ബിസിനസ് സെഷനുകളിൽ വ്യവസായ നേതാക്കളും സംരംഭകരുമായുള്ള ആശയ വിനിമയം, പ്രമുഖ എക്സിക്യൂട്ടീവുകളുടെയും ഗസ്റ്റ് സ്പീക്കേഴ്സിന്റെയും മുഖ്യ പ്രസംഗങ്ങൾ, സ്ട്രാറ്റജി, ഗ്രോത്ത്, ഇന്നവേഷൻ ചർച്ചകൾ, വ്യവസായത്തെ കുറിച്ചുള്ള ധാരണകൾ, മാർക്കറ്റ് ട്രൻഡുകൾ, ഭാവി വിജയത്തിനുള്ള ആക്ഷൻ പ്ലാനുകൾ, പ്രൊഫെഷണൽ ഡെവലപ്മെന്റ് എന്നിവ ഉൾപ്പെടും.

കുടുംബങ്ങൾക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന വിനോദപരിപാടികളിൽ ഗൈഡഡ് സിറ്റി ടൂർ, ഷോപ്പിംഗ് യാത്രകൾ, ലൈവ് മ്യൂസിക്കിന്റെയും കലാ പ്രകടനങ്ങളുടെയും അകമ്പടിയോടെ ബാങ്കറ്റ്, പ്രശസ്ത ലാസ് വെഗാസ് ഷോകൾക്കുള്ള എക്സ്ക്ലൂസീവ് പ്രവേശനം, കുട്ടികൾക്കായി അക്വേറിയം, റൈഡ്സ്, പ്ലേ സോൺസ്, പൂൾ സൈഡ് ഗെയിമുകൾ, വിനോദ പരിപാടികൾ, മുതിർന്നവർക്ക് കാസിനോ നൈറ്റ് എന്നിവ ഒരുക്കിയിരിക്കുന്നു.

പങ്കെടുക്കാൻ വേണ്ടിയുള്ള രജിസ്ട്രേഷൻ വെബ്സൈറ്റ് പ്രസിദ്ധീകരിച്ചു. പരിപാടികളെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും വിശദമായി വെബ്സൈറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്. വെബ്സൈറ്റിലുള്ള ലിങ്കിൽ കൂടി രജിസ്ട്രേഷൻ പൂർത്തിയാക്കാം. ഏർലി ബേഡ് ബുക്കിങ്ങിന് മികച്ച് ഡിസ്കൗണ്ടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. പരിപാടിയിൽ പങ്കെടുക്കുവാൻ രജിസ്ട്രേഷൻ നിർബന്ധമാണ്.

വെസ്റ്റേൺ റീജിയൺ ആർ.വി.പി ജോൺസൺ ജോസഫിന്റെയും, ബിസിനസ് ചെയർ ബിജു സ്കറിയയുടെയും (കേരള അസോസിയേഷൻ ഓഫ് വാഷിംഗ്ടൺ, സിയാറ്റിൽ) നേതൃത്വത്തിൽ ഫോമയുടെ മിനി കൺവൻഷൻ എന്നു വിശേഷിപ്പിക്കാവുന്ന ഈ കൺവൻഷന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ മലയാളികളെയും സ്വാഗതം ചെയ്യുന്നതായി ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലയ്ക്കലോടി, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ, നാഷണൽ ബിസിനസ് ഫോറം ചെയർ ബേബി ഊരാളിൽ, ഫോമ മുൻ പ്രസിഡന്റും കൺവൻഷൻ ഉപദേശക സമിതി ചെയർമാനുമായ ജോൺ ടൈറ്റസ് എന്നിവർ അറിയിച്ചു.

നാഷണൽ കമ്മിറ്റി അംഗങ്ങളായ ജോർജ്ജ്കുട്ടി തോമസ് പുല്ലാപ്പള്ളി, സുജ ഔസോ, സജൻ മൂലേപ്ലാക്കൽ, ഓജസ് ജോൺ, ഡോ.മഞ്ജു പിള്ള, ശരത് നായർ, ആഗ്നസ് ബിജു, ചെയർമാൻ റെനി പൗലോസ്, സെക്രട്ടറി സജിത്ത് തൈവളപ്പിൽ, ട്രഷറർ മാത്യു ചാക്കോ, വൈസ് ചെയർമാൻ ജോസഫ് ഔസോ, ജോയിന്റ് സെക്രട്ടറി സെൽബി കുര്യാക്കോസ്, പി.ആർ.ഒ പന്തളം ബിജു തോമസ്, ജാസ്മിൻ പരോൾ, ഡോ. പ്രിൻസ് നെച്ചിക്കാട്ട്, ഡോ. രശ്മി സജി, രാജൻ ജോർജ്, ജാക്സൺ പൂയപ്പടം, റേച്ചൽ പോൾ, ടോജോ തോമസ്, ഡാനിഷ് തോമസ്, പോൾ ജോൺ, ഡോ. തോംസൺ ചെംപ്ലാവിൽ, ഡേവിഡ് പറപ്പിള്ളി, കുസുമം ടൈറ്റസ്, ഷൈജു വർഗീസ്, ഷോണ സാജൻ, ജോമി മാത്യു, ഷാൻ പരോൾ എന്നിവർ ഉൾപ്പെട്ട കമ്മറ്റി വിപുലമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കേരള അസോസിയേഷൻ ഓഫ് ലാസ് വേഗാസിന്റെ പരിപൂർണ്ണ സഹകരണത്തോടെയായിരിക്കും പരിപാടികളുടെ നടത്തിപ്പുകൾ.

മീഡിയ പാർട്ട്ണർ: ഫ്ളവേഴ്സ് ടിവി

കൂടുതൽ വിവരങ്ങൾക്കും, രജിസ്ടേഷനും

https://fomaavegas2025.com/

Johnson Joseph(RVP) - 310-986-9672, Biju Skariah(Business Chair)- (425) 329-9090

## വേൾഡ് മലയാളി കൗൺസിൽ സമൂഹ വിവാഹത്തിന് തിരഞ്ഞെടുക്കപ്പെട്ട ദമ്പതികളുടെ കൗൺസിലിംഗ് പൂർത്തിയായി



**– നൈനാൻ മത്തായി**

പത്തനാപുരം: വേൾഡ് മലയാളി കൗൺസിൽ ഫിലാഡൽഫിയ പ്രൊവിൻസും, പത്തനാപുരം ഗാന്ധിഭവനും ചേർന്നുകൊണ്ട് 2025 ഒക്ടോബർ മാസം രണ്ടാം തീയതി പത്തനാപുരം ഗാന്ധിഭവനിൽ വച്ച് നടത്തപ്പെടുന്ന സമൂഹ വിവാഹത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ദമ്പതികൾക്കായുള്ള കൗൺസിലിംഗ് പൂർത്തിയായതായി ഭാരവാഹികൾ അറിയിച്ചു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള നിർധനരായിട്ടുള്ള 25 പെൺകുട്ടികൾക്ക് വിവാഹം എന്ന അവരുടെ സ്വപ്നം സാക്ഷാത്കരിക്കുവാനുള്ള അവസരം ഈ സമൂഹ വിവാഹത്തിലൂടെ ലഭ്യമാകും. ഇവരെ വിവാഹം കഴിക്കുന്ന ആൺകുട്ടികൾ ഉൾപ്പെടെയുള്ള കുടുംബവും ഒന്നിച്ചു ചേർന്നുകൊണ്ട് ഗാന്ധിഭവനിൽ എത്തുകയും, വിവാഹത്തിന് മുൻപുള്ള കൗൺസിലിംഗ് പ്രൊവിൻസും ഗാന്ധിഭവനും ചേർന്ന് വളരെ വിജയകരമായി സംഘടിപ്പിച്ചു പൂർത്തീകരിച്ചു.

കുറ്റമറ്റ രീതിയിൽ, ആഘോഷമായി, എല്ലാവരുടെയും സാന്നിധ്യത്തിൽ സമൂഹവിവാഹം നടത്തുന്നതിന് വേണ്ടിയുള്ള എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയാവുകയാണ്. സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരും, മന്ത്രിമാരും, ജനപ്രതിനിധികളും, സംഘടനാ ഭാരവാഹികളും, ബന്ധുക്കളും, ഗാന്ധിഭവനിലെ മാതാപിതാക്കളും, കുട്ടികളും, സേവകരും മതനേതാക്കന്മാരും ഉൾപ്പെടെ വലിയ ഒരു വിഭാഗമാണ് സമൂഹ വിവാഹത്തിൽ പങ്കുകൊള്ളുന്നത്. ഇതിനായി പ്രധാനപ്പെട്ട വ്യക്തികളെ ഉൾപ്പെടുത്തി സുഗമമായ നടത്തിപ്പിന് കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഓരോ വിഭാഗത്തിലുമായി പ്രത്യേകം പ്രത്യേകം കമ്മിറ്റികളാണ് പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ളത്. അമേരിക്കയിലെ ഫിലാഡൽഫിയ പ്രൊവിൻസാണ് ഈ സാമൂഹ വിവാഹ പരിപാടി സംഘടിപ്പിക്കുന്നത്. വേൾഡ് മലയാളി കൗൺസിലിന്റെ മുപ്പതാം വാർഷികവുമായി ബന്ധപ്പെട്ടു കൊണ്ട് നടത്തുന്ന ഈ പരിപാടിയിൽ, ഫിലാഡൽഫിയ പ്രൊവിൻസിന്റെ പ്രസിഡന്റ് നൈനാൻ മത്തായി കേരളത്തിൽ എത്തി. ഗാന്ധി ഭവനുമായി സഹകരിച്ചുകൊണ്ടാണ് ഇതിന് നേതൃത്വം നൽകുന്നത്. കേരള സാമൂഹത്തിൽ വളരെ അധികം ആളുകൾക്ക്, പെൺകുട്ടികളുടെ വിവാഹം നടത്താൻ സാധിക്കാതെയിരിക്കുമ്പോഴാണ് സമൂഹത്തിന് മാതൃകയായി ഇത്തരം കാരുണ്യ പദ്ധതികൾ ഫിലാഡൽഫിയ പ്രൊവിൻസ് പ്രാവർത്തികമാക്കുന്നത്.

വേൾഡ് മലയാളി കൗൺസിലിനും ഈ പദ്ധതിയുടെ പൂർത്തീകരണം അഭിമാനത്തിന്റെ നിമിഷമാണെന്നു ഗ്ലോബൽ ഭാരവാഹികളും അഭിപ്രായപ്പെട്ടു. ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിവിധ പദ്ധതികൾക്ക് വേൾഡ് മലയാളീ കൗൺസിൽ നേതൃത്വം നൽകുന്നുണ്ടെന്നും നേതാക്കൾ എടുത്തു പറഞ്ഞു

## കാനഡ യാക്കോബായ സഭ ക്രിസ്മസ് ആഘോഷമായ നുഹറോ 25 നവംബർ 22ന്



ടൊറന്റോ: മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ നോർത്ത് അമേരിക്കൻ അതിഭദ്രാസനത്തിലെ കാനഡ റീജിയണിന്റെ ക്രിസ്മസ് ആഘോഷ പരിപാടിയായ നുഹറോ 25 നവംബർ 22ന് നടക്കും. പരിപാടിയുടെ ഒരുക്കങ്ങൾക്കായി സഭയുടെ ഔദ്യോഗിക വാർത്താ മാധ്യമമായസിറിയക് ഓർത്തഡോക്സ് ന്യൂസ് കാനഡയുടെ നേതൃത്വത്തിൽ അതിഭദ്രാസനാധിപൻ യെൽദൊ മാർ തീത്തോസ് തിരുമേനിയുടെ അധ്യക്ഷതയിൽ ടൊറന്റോയിൽ പത്രസമ്മേളനം സംഘടിപ്പിച്ചു.

നവംബർ 22ന് ഡാന്റോ അലിഗിറി അക്കാദമി കത്തോലിക് സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ചാണ് പരിപാടി. നുഹറോ 25ന്റെ വിജയത്തിന് ശേഷം നടത്തപ്പെടുന്ന ഈ പരിപാടിയുടെ മുഖ്യ അതിഥി സഭയുടെ നവാഭിഷിക്തനായ ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് ജോസഫ് ബാവയാണ്. കാനഡയിലെ വിവിധ പ്രവിശ്യകളിലെ ദൈവാലയങ്ങളുടെ സഹകരണത്തോടെയാണ് പരിപാടി ഒരുങ്ങുന്ന ശ്രേഷ്ഠ കാതോലിക്ക സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതിനു ശേഷം ആദ്യമായി നോർത്ത് അമേരിക്കൻ അതിഭദ്രാസനത്തിലേക്ക് എത്തുന്ന ബാവയ്ക്ക് പ്രൗഢഗംഭീരമായ സ്വീകരണവും അനുമോദന ചടങ്ങും ഒരുക്കുമെന്ന് യെൽദൊ മാർ തീത്തോസ് തിരുമേനി അറിയിച്ചു. ലണ്ടനിലെ സെന്റ് ഗ്രീഗോറിയോസ് പള്ളിയുടെ പ്രധാന പെരുന്നാളിൽ പങ്കെടുക്കാനുള്ള പ്രത്യേക ക്ഷണം സ്വീകരിച്ചാണ് ബാവ കാനഡ സന്ദർശിക്കുന്നത്.

പത്രസമ്മേളനത്തിൽ അതിഭദ്രാസനാധിപനോടൊപ്പം കാനഡ റീജിയണിന്റെ അഡ്മിനിസ്ട്രേറ്റർ എബി മാത്യു കശീശ, ട്രഷറർ ജെനു മഠത്തിൽ, കൗൺസിൽ അംഗങ്ങളായ അജോയ് ജോൺ, ജിൻസ് മാത്യു, സൺഡേ സ്കൂൾ റീജണൽ ഡയറക്ടർ അനിൽ ഏലിയാസ്, ടൈറ്റിൽ സ്പോൺസറായ ബോബൻ ജെയിംസ് എന്നിവരും പങ്കെടുത്തു. പരിപാടിയുടെ മുന്നൊരുക്കങ്ങളെക്കുറിച്ച് എബി മാത്യു കശീശ വിശദീകരിച്ചു. ട്രഷറർ ജെനു മഠത്തിൽ നന്ദി പറഞ്ഞശേഷം, പരിപാടിയുടെ ലോഗോ പ്രകാശനം ചെയ്തു.

# ഐസിഇസിഎച്ച് പ്രഥമ പിക്കിൾ ബോൾ ടൂർണമെന്റ്; സെന്റ് ജോസഫ്, സെന്റ് ജെയിംസ്, സെന്റ് തോമസ് ടീമുകൾ ജേതാക്കൾ

**– ജീമോൻ റാന്നി**

ഹൂസ്റ്റൺ: ബാഡ്മിന്റന്റെയും ടെന്നിസിന്റെയും വകഭേദമായ പിക്കിൾബോൾ ടൂർണമെന്റിനെ പ്രഥമ മത്സരത്തിൽ തന്നെ 25 ടീമുകളുടെ ഉജ്ജ്വല പോരാട്ടം.

ആദ്യന്തം ആവേശം നിറഞ്ഞു നിന്ന പ്രഥമ ടൂർണമെന്റിൽ ഹുസ്റ്റൻ സെന്റ് ജോസഫ് സീറോ മലബാർ ചർച്ച്, സെന്റ് ജെയിംസ് ക്നാനായ ചർച്ച്, സെന്റ് തോമസ് സിഎസ്ഐ ചർച്ച് ടീമുകൾ ജേതാക്കളായി എവർ റോളിങ്ങ് ട്രോഫികളിൽ മുത്തമിട്ടു.

എക്യൂമെനിക്കൽ ക്രിസ്ത്യൻ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റന്റെ ആഭിമുഖ്യത്തിലാണ് മത്സരങ്ങൾ നടന്നത്. ഓഗസ്റ്റ് 16, 17ന് ഹൂസ്റ്റൻ ട്രിനിറ്റി സെന്ററിൽ നടന്ന ടൂർണമെന്റ് ഐസിഇസിഎച്. പ്രസിഡന്റ് റവ.ഫാ. ഡോ.ഐസക് ബി. പ്രകാശ് ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ഷാജൻ ജോർജ് സ്വാഗതം ആശംസിച്ചു. ട്രിനിറ്റി മാർത്തോമാ ഇടവക വികാരി റവ.ജിജു എം ജേക്കബ് പ്രാരംഭ പ്രാർത്ഥന നടത്തി.

വിവിധ വിഭാഗങ്ങളിൽ മത്സരങ്ങൾ നടത്തി. ഓപ്പൺ പുരുഷ വിഭാഗത്തിൽ ഹൂസ്റ്റൻ സെന്റ് ജോസഫ് സീറോ മലബാർ ചർച്ച് ഹൂസ്റ്റൻ ട്രിനിറ്റി മാർത്തോമാ ചർച്ചിനെ 116,116. പോയിന്റിൽ പരാജയപെടുത്തി.

ഓപ്പൺ വനിതാ വിഭാഗത്തിൽ ഹുസ്റ്റൻ സെന്റ് ജെയിംസ് ക്നാനായ ചർച്ച് ട്രിനിറ്റി മാർത്തോമാ ചർച്ചിനെ 118, 711, 118 പോയിന്റിൽ പരാജയപ്പെടുത്തി. ഞായറാഴ്ച്ച നടന്ന സീനിയർസ് വിഭാഗത്തിൽ ഹുസ്റ്റൻ സെന്റ് തോമസ് സി.എസ്.ഐ ചർച്ച് ട്രിനിറ്റി മാർത്തോമാ ചർച്ചിനെയും 118,119 പോയിന്റിൽ പരാജയപ്പെടുത്തി.

ഞായറാഴ്ച്ച വൈകുന്നരം നടന്ന സമ്മാനദാന ചടങ്ങിൽ വിജയികൾക്കു സ്റ്റാഫ്ഫോർഡ് സിറ്റി മേയർ കെൻ മാത്യു ട്രോഫികൾ നൽകി.

മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ടു, ഫോർട്ട് ബെൻഡ് കൗണ്ടി ഡിസ്ട്രിക്ക്ട് ജഡ്ജ് സുരേന്ദ്രൻ പട്ടേൽ എന്നിവർ മുഖ്യ അതിഥികളായി സംബന്ധിച്ചു.

വിജയികൾക്കു ഫാൻസിമോൾ പള്ളാത്തുമഠം സ്പോൺസർ ചെയ്ത ട്രോഫി (മെൻസ് ഓപ്പൺ ചാംപ്യൻഷിപ്), മണ്ണിൽ ഉമ്മൻ ജോർജ് മെമ്മോറിയൽ ട്രോഫി (മെൻസ് സീനിയേർസ്), അപ്ന ബസാർ ട്രോഫി (വിമൺസ്, ഐസിഇ.സിഎച് വക ട്രോ ഫികളും നൽകി. ടൂർണമെന്റിന്റെ വിജയകരമായ നടത്തിപ്പിന് നേതൃത്വം നൽകിയ റജി കോട്ടയം, അനിത് ഫിലിപ്പ് എന്നിവരെ പ്രത്യേക മെമെന്റോകൾ നൽകി ആദരിച്ചു.

ഐസിഇസിഎച് വൈസ് പ്രസിഡണ്ട് റവ. ഫാ. രാജേഷ് കെ ജോൺ, സെക്രട്ടറി ഷാജൻ ജോർജ്, സ്പോർട്സ് കൺവീനർ റവ. ജീവൻ ജോൺ, സ്പോർട്സ് കോ ഓർഡിനേറ്റർ റെജി കോട്ടയം ട്രഷറർ രാജൻ അങ്ങാടിയിൽ ഐസിഇസിഎച്. പിആർഓ.ജോൺസൻ ഉമ്മൻ, പ്രോഗ്രാം കോർഡിനേറ്റർ ഫാൻസിമോൾ പള്ളാത്തുമഠം, നൈനാൻ വീട്ടീനാൽ, ബിജു ചാലക്കൽ, അനിത് ജോർജ് ഫിലിപ്പ്, ബാബു കലീന (ഫോട്ടോഗ്രാഫി) എന്നിവർ നേതൃത്വം നൽകി. ഫാൻസിമോൾ പള്ളാത്തുമഠം നന്ദി അറിയിച്ചു.



*എക്യൂമെനിക്കൽ ക്രിസ്ത്യൻ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റന്റെ ആഭിമുഖ്യത്തിൽ നടന്ന പിക്കിൾ ബോൾ ടൂണർമെന്റിൽ നിന്നും*

# ഡാളസ് സെന്റ് പോൾസിനു മാർത്തോമാ സൗത്ത് വെസ്റ്റ് റീജിയണൽ യൂത്ത് ഫെലോഷിപ്പ് വോളി ടൂർണമെന്റ് കിരീടം

ഡാളസ്: 2025ലെ മാർത്തോമാ സൗത്ത് വെസ്റ്റ് റീജിയണൽ യൂത്ത് ഫെലോഷിപ്പ് പുരുഷന്മാരുടെ വോളിബോൾ ടൂർണമെന്റിൽ ഡാളസ്സിലെ സെന്റ് പോൾസ് മാർത്തോമ പള്ളിക്ക് വിജയം. ഈ വർഷം കളിച്ച എല്ലാ മത്സരങ്ങളിലും വിജയിച്ച് അജയ്യരായി നിലകൊണ്ട ഡാളസ് സെന്റ് പോൾസ് ഫൈനലിൽ ഹൂസ്റ്റണിലെ ഇമ്മാനുവൽ മാർത്തോമ പള്ളിയിൽ നിന്നുള്ള മറ്റൊരു യുവ ടീമിനെ ആവേശകരമായ പോരാട്ടത്തിൽ പരാജയപ്പെടുത്തിയാണ് കിരീടം നേടിയത്.

ആർ.വൈ.എസ്.ഇ. എനർജി സ്റ്റാർ സെന്ററിൽ വെച്ചാണ് മത്സരം നടന്നത്. വെറും 2 വർഷം മുമ്പ് മാത്രം വോളിബോൾ കളിച്ചു തുടങ്ങിയ യുവത്വവും പ്രതിഭയുമുള്ള ടീമാണ് ഇവർ. കഴിഞ്ഞ വർഷം ഫൈനലിൽ എത്തിയിരുന്നെങ്കിലും തോൽവിയായിരുന്നു ഫലം. എന്നാൽ ഇത്തവണ അവർ ആ പരാജയത്തെ മറികടന്ന് ചാമ്പ്യൻഷിപ്പ് നേടി.

ജേക്കബ് സഖറിയ ടീം ക്യാപ്റ്റനും. സോജി സഖറിയ കോച്ചുമായിരുന്നു ഈ ടൂർണമെന്റിൽ അവരുടെ ഏറ്റവും മികച്ച പ്രകടനം പുറത്തെടുത്ത ദൈവഭയമുള്ള കുട്ടികളുടെ ഒരു കൂട്ടത്തെ പരിശീലിപ്പിക്കാൻ കഴിഞ്ഞത് ഒരു ഭാഗ്യവും ബഹുമതിയുമാണ്. കാഴ്ചകൊണ്ടല്ല, വിശ്വാസം കൊണ്ട് മുന്നോട്ട് പോകാൻ എല്ലാവർക്കും ഇതൊരു ജീവിത പാഠമായിരുന്നു. കഴിഞ്ഞ 12 മാസത്തിനിടെ, വോളിബോൾ കളിക്കാൻ മാത്രമല്ല, ഉപവസിച്ചും പ്രാർത്ഥിച്ചും വേദപുസ്തക ഭാഗങ്ങൾ പങ്കുവെച്ചും ഒരുമിച്ച് ആരാധിച്ചും ദൈവത്തോട് കൂടുതൽ അടുക്കാനും ടീം പഠിച്ചു. എല്ലാ മഹത്വവും സർവ്വശക്തനായ ദൈവത്തിന്കോച്ച് സോജി സഖറിയ പറഞ്ഞു



*മാർത്തോമാ സൗത്ത് വെസ്റ്റ് റീജിയണൽ യൂത്ത് ഫെലോഷിപ്പ് പുരുഷന്മാരുടെ വോളിബോൾ ടൂർണമെന്റിൽ നിന്നും*

# ചിക്കാഗോ മലയാളി അസോസിയേഷൻ നാഷണൽ സീനിയർസ് ഡേ ആഘോഷം അതിഗംഭീരമായി



ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിലുള്ള 'നാഷണൽ സീനിയർസ് ഡേ' ആഘോഷം ബുധനാഴ്ച 4ന് മൗണ്ട് പ്രോസ്പെക്റ്റിലുള്ള ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ നടന്നു. കാസർകോട് എം പി രാജ്മോഹൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്തു. മുതിർന്ന അംഗങ്ങളുടെ കലാപരിപാടികൾ, മനോജ് അച്ചേട്ട് നയിച്ച ഡിജിറ്റൽ സ്കിൽസ് ക്ലാസ് എന്നിവയുൾപ്പെടെ ഉള്ള പരിപാടികൾ ആഘോഷത്തോടനുബന്ധിച്ച് നടന്നു. പ്രസിഡന്റ് ജെസ്സി റിൻസി അധ്യക്ഷയായിരുന്ന യോഗത്തിൽ മുഖ്യ കോർഡിനേറ്ററായ വർഗീസ് തോമസ്, കോ ഓർഡിനേറ്റർമാരായ ഫിലിപ്പ് ലൂക്കോസ്, തോമസ് വിൻസെന്റ് എന്നിവർ സംസാരിച്ചു.

മുതിർന്നവർ നമ്മുടെ സമൂഹത്തിന്റെ വഴികാട്ടികളും ജീവിതാനുഭവങ്ങളുടെ ഭണ്ഡാരങ്ങളും ആണെന്ന് പരിപാടി ഉദ്ഘാടനം ചെയ്തു കൊണ്ട് രാജ്മോഹൻ ഉണ്ണിത്താൻ പറഞ്ഞു. അവർ നേടിയിട്ടുള്ള അറിവും ജീവിതപാഠങ്ങളും പുതിയ തലമുറയ്ക്ക് ദീപസ്തംഭം പോലെ വഴി തെളിച്ചുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥി ജീവിതത്തിലോ സംഘടനാപരമായ പ്രവർത്തനങ്ങളിലോ സീനിയർമാർ വെറുതെ മുന്നോട്ട് പോയവരല്ല, അവർ നമ്മെ കൈപിടിച്ചുയർത്തുന്ന വഴി കാട്ടികളും ഗുരുക്കന്മാരുമാണ്. അവരുടെ അനുഭവങ്ങളിൽ നിന്ന് നമുക്ക് ആത്മവിശ്വാസവും മാർഗ്ഗദർശനവും ലഭിക്കുന്നു.

സീനിയർ ആയിരിക്കുക എന്നത് ഒരു അലങ്കാരമല്ല, അത് ഉത്തരവാദിത്വവും പ്രചോദനവുമാണ്. സ്വന്തം അനുഭവങ്ങൾ പങ്കുവെച്ച് മറ്റുള്ളവരെ മുന്നോട്ട് കൊണ്ടുപോകുമ്പോഴാണ് സീനിയറുകളുടെ മഹത്വം പൂർത്തിയാകുന്നത്. ഈ സീനിയേഴ്സ് ഡേയിൽ, എല്ലാ സീനിയർമാർക്കും ഹൃദയം നിറഞ്ഞ ആശംസകൾ അർപ്പിക്കുന്നു എന്ന് തന്റെ ദീർഘമായ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

മലയാളി അസോസിയേഷന്റെ ഒരു അഭിമാന പ്രൊജക്റ്റ് ആയ മലയാളി സെൻസസ് 2025 രാജ്മോഹൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്തു. പ്രോജക്ടിന്റെ വിശദ വിവരങ്ങൾ പിന്നീട് പ്രഖ്യാപിക്കുമെന്ന് പ്രസിഡന്റ് ജെസ്സി റിൻസി യോഗത്തെ അറിയിച്ചു. പങ്കെടുത്തവർക്കെല്ലാം അവിസ്മരണീയമായ അനുഭവമായി ഇത്തവണത്തെ സീനിയർസ് ഡേ.

# ഒക്ലഹോമയിൽ അമ്മമാരുടെ മാനസികാരോഗ്യത്തിനായി പുതിയ ക്ലിനിക്ക്

**– പി പി ചെറിയാൻ**

ഗർഭകാലത്തും പ്രസവശേഷവും അമ്മമാർക്ക് മാനസികാരോഗ്യ പിന്തുണ നൽകുന്നതിനായി ഒക്ലഹോമയിലെ മെഴ്സി ഹോസ്പിറ്റൽ ഒരു പെരിനാറ്റൽ ബിഹേവിയറൽ ഹെൽത്ത് ക്ലിനിക്ക് തുറന്നു. ഒക്ലഹോമയിൽ ഇത്തരത്തിലുള്ള ആദ്യത്തെ സംരംഭമാണിത്.

പ്രസവാനന്തര വിഷാദം, ഉത്കണ്ഠ, മാനസികാഘാതം എന്നിവയുൾപ്പെടെ പുതിയ അമ്മമാർ നേരിടുന്ന വിവിധ മാനസികാരോഗ്യ പ്രശ്നങ്ങൾക്ക് ക്ലിനിക്കിൽ ചികിത്സ ലഭ്യമാണ്. മാനസികാരോഗ്യ പ്രശ്നങ്ങൾ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തിന് വലിയ അപകടമുണ്ടാക്കുമെന്ന് ക്ലിനിക്കിലെ സൈക്യാട്രിസ്റ്റായ കാലി വുഡി പറഞ്ഞു.

അമ്മമാർക്ക് തുറന്നു സംസാരിക്കാനുള്ള സുരക്ഷിതമായ ഒരിടം ഒരുക്കുക എന്നതാണ് ക്ലിനിക്കിന്റെ ലക്ഷ്യം. രോഗികളുടെ എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകുമെന്നും, അമ്മയ്ക്കും കുഞ്ഞിനും ഏറ്റവും മികച്ച ചികിത്സാ പദ്ധതി തയ്യാറാക്കുമെന്നും വുഡി കൂട്ടിച്ചേർത്തു. നിലവിൽ ക്ലിനിക്കിൽ രോഗികളെ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്.

# കേരള അസോസിയേഷൻ ഓഫ് ഡാളസ് ഓണാഘോഷം 6ന്

**– പി പി ചെറിയാൻ**

ഡാളസ്: കേരള അസോസിയേഷൻ ഓഫ് ഡാളസ് സംഘടിപ്പിക്കുന്ന ഓണാഘോഷം 2025, സെപ്റ്റംബർ 6ന് 10ന് മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ ഹാളിൽ നടക്കും. വൈവിധ്യമാർന്ന കലാപരിപാടികളോടെയാണ് ഇത്തവണത്തെ ഓണാഘോഷം ഒരുക്കിയിരിക്കുന്നത്.

ഹ്രസ്വ സന്ദർശനത്തിനായി അമേരിക്കയിൽ എത്തിച്ചേർന്ന ഫാർമസ്യൂട്ടിക്കൽ മാനുഫാക്ചറേഴ്സ് അസോസിയേഷൻ ഉക്രെയ്ൻ പ്രസിഡന്റായ ഡോ. യു.പി ആർ. മേനോൻ ഓണസന്ദേശം നൽകും.

ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിന്റെ ഉന്നമനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്ന, ഉക്രെയ്നിലെ ആരോഗ്യ മന്ത്രാലയത്തിന്റെ സീനിയർ കൺസൾട്ടന്റ് കൂടിയായ അദ്ദേഹത്തിന് മൂന്ന് പതിറ്റാണ്ടിലേറെയുള്ള ഔഷധ നിർമ്മാണ രംഗത്തെ പരിചയസമ്പത്തുണ്ട്.

ഒരു ഓർത്തോപീഡിക് സർജൻ കൂടിയായ ഡോ. മേനോൻ, ഇന്ത്യയ്ക്കും കിഴക്കൻ യൂറോപ്പിനുമിടയിലുള്ള ആരോഗ്യ മേഖലയിലെ സഹകരണങ്ങൾ ശക്തിപ്പെടുത്തുന്നതിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ ഉത്പന്നങ്ങൾ ഉക്രെയ്നിലേക്കും സമീപ രാജ്യങ്ങളിലേക്കും എത്തിക്കുന്നതിൽ അദ്ദേഹം നിർണായക പങ്ക് വഹിക്കുന്നു. പൊതുജനാരോഗ്യം, ധാർമികപരമായ ബിസിനസ്സ് രീതികൾ, സുസ്ഥിരമായ വ്യവസായ വളർച്ച എന്നിവയോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത ഈ രംഗത്ത് അദ്ദേഹത്തെ വേറിട്ടു നിർത്തുന്നു.

കളരി, മോഹിനിയാട്ടം, കേരള നടനം, മാർഗ്ഗംകളി, ഒപ്പന, തെയ്യം, കഥകളി, പുലികളി, ഓട്ടൻതുള്ളൽ തുടങ്ങിയ കേരളത്തിന്റെ തനതായ കലാരൂപങ്ങൾ വേദിയിൽ അവതരിപ്പിക്കും.

നാടൻനൃത്തം, വർണ്ണച്ചുവട് തുടങ്ങിയ മനോഹരമായ നൃത്തപരിപാടികളും ഉണ്ടാകും. പാരമ്പര്യവും നിറങ്ങളും ഒത്തുചേരുന്ന അത്തപ്പൂക്കളം ഒരുക്കിയിട്ടുണ്ട്. ഇത്തവണ ആദ്യമായി അവതരിപ്പിക്കുന്ന ചില പ്രത്യേക പരിപാടികളും ആഘോഷങ്ങൾക്ക് മാറ്റുകൂട്ടും. ഇവയെല്ലാം ഒത്തുചേർന്ന് ഒരുമയുടെയും സാഹോദര്യത്തിന്റെയും സന്ദേശം നൽകുന്ന ദൃശ്യവിരുന്നായിരിക്കും ഓണാഘോഷമെന്ന് സംഘാടകർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്കായി താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്:

സുബി ഫിലിപ്പ് (ആർട്ട്സ് ഡയറക്ടർ) 972 352 7825
പ്രദീപ് നാഗനൂലിൽ (പ്രസിഡന്റ്) 469 449 1905
മഞ്ജിത് കൈനിക്കര (സെക്രട്ടറി) 972 679 8555.

# കൊളംബസ് സീറോ മലബാർ കത്തോലിക്കാ മിഷൻ പുതിയ പാരിഷ് കൗൺസിൽ

**– കിരൺ ജോസഫ്**

കൊളംബസ് സീറോ മലബാർ കത്തോലിക്കാ മിഷൻ ഡയറക്ടർ ഫാദർ നിബി കണ്ണായിയുടെ നേതൃത്വത്തിൽ പാരിഷ് കൗൺസിൽ ചുമതലയേറ്റു

ചെറിയാൻ മാത്യു(ട്രസ്റ്റി), ജോസഫ് സെബാസ്റ്റ്യൻ (ട്രസ്റ്റി), കിരൺ ഏലുവിങ്കൽ (ഫിനാൻസ്), സുജ അലക്സ് (പി.ആർ.ഓ), ഷിംഷ മനോജ് (സെക്രട്ടറി, ലിറ്റർജി, ക്വയർ), ജെയിംസ് പതുശ്ശേരി (ഫാമിലി അപോസ്റ്റലേറ്റ്, സാക്രിസ്റ്റിൻ), റിയ ഐസക് (സി.സി.ഡി, ഐ.റ്റി , സോഷ്യൽ മീഡിയ), ജോബി തുണ്ടത്തിൽ (ചാരിറ്റി), ആന്റണി ജോർജ് (യൂത്ത് അപോസ്റ്റലേറ്റ്, ഫോട്ടോഗ്രാഫി, പ്രോഗ്രാം കോഓർഡിനേറ്റർ) എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ടത്.

ഇത് കൂടാതെ, മിഷനിലെ രണ്ടു വാർഡുകളും 2025 -2027 ലേക്കുള്ള ഭാരവാഹികളെയും തിരഞ്ഞെടുത്തു. മാർട്ടിൻ, ദീപ ജെയിംസ് (സെയിന്റ് അൽഫോൻസാ വാർഡ്), വർഗീസ് പള്ളിത്താനം, സ്നേഹ ജോസഫ് (സെയിന്റ് ചാവറ വാർഡ്) എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ടത്.

അതേദിവസം തന്നെ മിഷനിൽ മാതൃസംഗം, വിൻഡന്റ് ഡി പോൾ കമ്മിറ്റിയും നിലവിൽ വന്നു. എബ്രഹാം, ജിൽസൺ, ഷിനോ, ഓസ്റ്റിൻ, നിജിത് എന്നിവരുടെ നേതൃത്വത്തിൽ ആണ് വിൻഡന്റ് ഡി പോൾ പ്രവർത്തിക്കുന്നത്. യുവജന വിഭാഗത്തിന്റെയും മാതൃവേദിയുടെയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. യുവജനവേദിയുടെ പ്രസിഡന്റ് ആന്റണി ജോർജ്, വൈസ് പ്രസിഡന്റ് നേതൻ മനോജ്, സെക്രട്ടറി സാൻഡ്ര പറ്റാനി. മാതൃവേദി ഭാരവാഹികളായി ഡോണിയ ജോസ്, ജിബി ജോബിൻ, അയറീൻ തോമസ്, മെറിൻ ജോസ്, നിയ സിനോ എന്നിവരെയും തിരഞ്ഞെടുക്കുകയും ചുമതലയേൽക്കുകയും ചെയ്തു

സിറോ മലബാർ സൈന്റ് മേരീസ് മിഷൻ ഡയറക്ടർ ഡോക്ടർ ഫാദർ നിബി കണ്ണായി തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ അനുഗ്രഹിച്ചാശീർവദിച്ചു. തുടർന്നു പ്രാർത്ഥനയോടെ പുതിയ പ്രതിനിധികൾ ചുമതലയേറ്റു. തുടർന്ന് സ്ഥാനമൊഴിയുന്ന ട്രസ്റ്റിമാരായ ദീപുവും ജിൻസണും ചേർന്ന് പുതിയ കമ്മിറ്റക്ക് ആശംസകൾ നേരുകയും താക്കോൽ കൈമാറുകയും ചെയ്തു.

# കീനിന്റെ ആഭിമുഖ്യത്തിൽ നടത്തിയ എൻഗേജ് 2025 വൻവിജയം



**– ഫിലിപ്പോസ് ഫിലിപ്പ്**

എൻജിനീയറിങ് പഠനം ആഗ്രഹിക്കുന്ന ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് യഥാർത്ഥ ലോകവെല്ലുവിളികൾ എങ്ങനെ അഭിമുഖീകരിക്കാം എന്ന് മനസിലാക്കുന്നതിന് വേണ്ടി കീനിന്റെ ആഭിമുഖ്യത്തിൽ നടത്തിയ സമ്മർ റിസേർച്ച് പ്രോജക്ടസിന്റെ പ്രസന്റേഷനും ഒക്ടോബർ 18ന് റോയൽ ആൽബെർട്ടിൽ നടക്കുന്ന ഫാമിലി നൈറ്റ്, ടെക് നൈറ്റ് ലോഞ്ചിങ്ങും, ന്യൂ ജേഴ്സിയിലെ എഡിസണിൽ ഉള്ള ഷെറാട്ടൺ ഹോട്ടലിൽ ഓഗസ്റ്റ് 17ന് വിപുലമായി ആഘോഷിച്ചു.

4 മണിയോട് കൂടി ആരംഭിച്ച സെഷനിൽ വിവിധ ഗ്രൂപ്പുകളിലായി അവരവർ ചെയ്ത വിഷയങ്ങളുടെ പ്രസന്റേഷൻ അവതരിപ്പിച്ചു.

എച്.പി.ഇ. ഓപ്പറേഷന്റെ എൻവയൺമെന്റൽ സസ്റ്റയിനബിലിറ്റി പ്രോഗ്രാം മാനേജർ ഡോ. നൂറി രജ്ബൻഷിയുടെ നേതൃത്വത്തിൽ ഹൗസ് ഹോൾഡ് പ്രൊജക്റ്റ്സ് സസ്റ്റയിനബിലിറ്റി, പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റി ഡയറക്റ്റർ പ്രഡ് ടാ ജോ ലേക്കറിന്റെ നേതൃത്വത്തിൽ ഡയറക്ട് ഡ്രോപ് എഐ പവേർഡ് പാക്കേജ് ഡെലിവറി ആന്റ് ഓർഗനൈസേഷൻ സിസ്റ്റം, ഐ.ഇ.ഇ. പ്രിൻസ്ടൺ ചാപ്റ്റർ ഹെഡ് ഹെമന്റ് വോറയുടെ നേതൃത്വത്തിൽ സ്മാർട്ട് മീറ്റർ, എ.എൻ.എൽ. മെക്കാനിക്കൽസ് പ്രസിഡന്റ് ലാജി ജോർജിന്റെ നേതൃത്വത്തിൽ ഒപ്ടിമൈസിങ് എനർജി കൺസംപ്ഷൻ ഓൺ കൊമേർഷ്യൽ ബിൽഡിങ്സ് സ്ട്രാറ്റജീസ് ഫോർ എഫിഷ്യൻസി എന്നതിനെക്കുറിച്ചും കുട്ടികൾ ഗവേഷണം നടത്തി തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവച്ചു. 17 കുട്ടികൾ ഈ വിവിധ ഗവേഷണങ്ങളിൽ പങ്കെടുത്തു. കൗതുകകരവും വിജ്ഞാന പ്രദവുമായ കാര്യങ്ങൾ ഈ ഗവേഷണങ്ങളിലൂടെ കൊണ്ടുവരാൻ കുട്ടികൾക്ക് സാധിച്ചു.

പ്രസിഡന്റ് നീന സുധീർ നേതൃത്വം വഹിച്ചു. ഡോ. സിന്ധു സുരേഷ് പ്രോഗ്രാം ഡയറക്ടറായും ഫ്ളേവിസ് ഡി സൂസ, ടീന സുരേന്ദ്രൻ എന്നിവർ പ്രോഗ്രാം കോർഡിനേറ്റർമാരായും പ്രവർത്തിച്ചു.

പ്രസിഡന്റ് നീന സുധീർ, വൈസ് പ്രസിഡന്റ് ജേക്കബ് തോമസ്, സ്റ്റുഡന്റ് ഔട്ട് റീച് കോ ഓർഡിനേറ്റർ ഡോ. സിന്ധു സുരേഷ്, പബ്ലിക് റിലേഷൻ ഓഫീസർ ഫിലിപ്പോസ് ഫിലിപ്, ബി ഓ ടി മെമ്പർ ലിസി ഫിലിപ്പ്, മധു കൊട്ടാരക്കര, ദിലീപ് വർഗീസ് എന്നിവർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

# പാസ്റ്റർ എബ്രഹാം സാമുവേൽ സുവിശേഷകർക്ക് മാതൃക: സെനറ്റർ പിക്കോസി സിബിൻ മുല്ലപ്പള്ളി



ഫിലദൽഫിയ: ജനങ്ങളെ ക്രിസ്തുവിലേക്ക് നയിക്കാൻ ത്യാഗവും സമർപ്പണവും മുഖമുദ്രയാക്കിയ പാസ്റ്റർ എബ്രഹാം സാമുവേലിന്റെ ജീവിതം സുവിശേഷകർക്ക് മാതൃകയാണെന്ന് പെൻസിൽവേനിയ സെനറ്റർ ജോ പിക്കോസി.

അമേരിക്കയിലെ ആദ്യ മലയാളി സഭയായ ന്യൂയോർക്ക് ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയുടെ പ്രാരംഭ പ്രവർത്തകനും ന്യൂയോർക്ക് പെന്തകോസ്തൽ അസംബ്ലിയുടെ സ്ഥാപകനുമായ പാസ്റ്റർ എബ്രഹാം സാമുവേലിന്റെ 90-ാമത് ജന്മദിന പരിപാടിയിൽ പുരസ്കാരം നൽകി ആദരിച്ചു സംസാരിക്കുകയായിരുന്നു സെനറ്റർ.

അധ്യക്ഷത വഹിച്ച ഐ. പി. സി. അരുണാചൽ പ്രദേശ് സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ ഡോ. ആൽവിൻ ഡേവിഡ്, പാസ്റ്റർ എബ്രഹാം സാമുവേലിന്റെ സഭാ പ്രവർത്തനങ്ങൾ അനുസ്മരിച്ചു.

ആത്മ നിറവോടെയുള്ള ആത്മീക ശുശ്രൂഷകളിലൂടെ, കുടുംബങ്ങളുടെ ആത്മീക ഉന്നമനത്തിനു സഹായിച്ച പാസ്റ്റർ എബ്രഹാം സാമുവേൽ തന്റെ ജീവിതം തന്നെ സന്ദേശമാക്കിയെന്ന് ഐ.പി.സി. ജനറൽ പ്രെസ്ബിറ്റർ പാസ്റ്റർ വർഗീസ് മത്തായി മുഖ്യ പ്രഭാഷണത്തിൽ പറഞ്ഞു.

പാസ്റ്റർമാരായ തോമസ് എബ്രഹാം, ചെറിയാൻ പി ചെറിയാൻ, ബേബി ഡാനിയേൽ, ജോസഫ് മാത്യു, പി.സി.ചാണ്ടി, ജോൺ തോമസ്, രഞ്ജൻ ഫിലിപ്പ്, സണ്ണി മാത്യു, സാമുവേൽ അലക്സാണ്ടർ, ജോർജ് കോശി, ജെയിംസ് എബ്രഹാം, ഡോ. കോശി വൈദ്യൻ എന്നിവരും മാത്യു സക്കറിയ, ജോർജ്കുട്ടി ഡാനിയേൽ, ബെഞ്ചമിൻ തോമസ്, ജോൺ ചെറിയാൻ, മാത്യു പെരുമാൾ, അനിഷ വർഗീസ്, ശലോമി ചാണ്ടി, ഷിനു വർഗീസ്, സൂസമ്മ ഏബ്രഹാം ഏന്നിവരും ആശംസാ പ്രസംഗങ്ങൾ നടത്തി. സ്റ്റാൻലി ജോർജ് സ്വാഗതവും, സജി തട്ടയിൽ കൃതജ്ഞതയും പറഞ്ഞു.

# യു.എസിലേക്കുള്ള എല്ലാ തപാൽ സേവനങ്ങളും ഇന്ത്യൻ തപാൽ വകുപ്പ് താൽക്കാലികമായി നിർത്തിവെച്ചതായി അധികൃതർ

ന്യൂഡൽഹി: യു.എസിലേക്കുള്ള എല്ലാ തപാൽ സേവനങ്ങളും ഇന്ത്യൻ തപാൽ വകുപ്പ് താൽക്കാലികമായി നിർത്തിവെച്ചതായി അധികൃതർ അറിയിച്ചു.

യു.എസ് കസ്റ്റംസ് വകുപ്പ് പുറപ്പെടുവിച്ച പുതിയ നിയമങ്ങളിലെ വ്യക്തതക്കുറവാണ് തീരുമാനത്തിന് പിന്നിൽ. യു.എസിലേക്കുള്ള കത്തുകൾ, രേഖകൾ, 100 യു.എസ് ഡോളർ വരെ മൂല്യമുള്ള സമ്മാനങ്ങൾ എന്നിവയുൾപ്പെടെ എല്ലാ വിഭാഗത്തിലുള്ള തപാൽ സേവനങ്ങളുടെയും ബുക്കിങ്ങാണ് പൂർണമായും നിർത്തിവെക്കാൻ തീരുമാനിച്ചത്.

## അരിസോണ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ ആയിരക്കണക്കിന് ഇന്ത്യൻ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു

**– പി പി ചെറിയാൻ**

അരിസോണ സ്റ്റേറ്റ് യൂണിവേഴ്സിറ്റി (എഎസ്യു) 2025ലെ ശരത്കാലത്തേക്ക് റെക്കോർഡ് എൻറോൾമെന്റ് റിപ്പോർട്ട് ചെയ്തു. ഇന്ത്യൻ വിദ്യാർത്ഥികളാണ് അതിന്റെ അന്താരാഷ്ട്ര സമൂഹത്തിന്റെ ഏറ്റവും വലിയ പങ്ക് വഹിക്കുന്നത്.

ഈ സെമസ്റ്ററിൽ 42,000ൽ അധികം പുതിയ വിദ്യാർത്ഥികൾ ചേർന്നിട്ടുണ്ട്. ഇതിൽ 5,600ൽ അധികം പേർ ഇന്ത്യയിൽ നിന്നാണ്. മൊത്തത്തിൽ, എഎസ്യുവിന്റെ അന്താരാഷ്ട്ര വിദ്യാർത്ഥി സമൂഹത്തിന്റെ മൂന്നിലൊന്നിൽ കൂടുതൽ ഇന്ത്യയിൽ നിന്നാണ്. ഇത് ഒരു ദശാബ്ദക്കാലത്തെ പ്രവണതയെ പ്രതിഫലിപ്പിക്കുന്നു.

ഈ വർഷത്തെ അന്താരാഷ്ട്ര പ്രവേശനം 14,600 ആണ്. കഴിഞ്ഞ തവണ 15,104 ആയിരുന്നതിൽ നിന്ന് നേരിയ കുറവ്. യുഎസ് വിസ പ്രോസസ്സിംഗ് കാലതാമസവും ട്രംപ് ഭരണകൂടത്തിന്റെ നയ മാറ്റങ്ങളും അന്താരാഷ്ട്ര വിദ്യാർത്ഥികളെ നിരുത്സാഹപ്പെടുത്തുകയും അക്കാദമിക് സ്ഥാപനങ്ങളെ നിയന്ത്രണത്തിലാക്കാൻ സമ്മർദ്ദം ചെലുത്തുകയും യാത്രാ പദ്ധതികളെ തടസ്സപ്പെടുത്തുകയും ചെയ്തതിനെ തുടർന്നാണിത്. ചില വിദ്യാർത്ഥികൾക്ക് കാമ്പസിലെത്താൻ കൃത്യ സമയത്ത് വിസ നേടാൻ കഴിയുന്നില്ലെങ്കിലും, ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുക, പ്രവേശനം മാറ്റിവയ്ക്കുക, അല്ലെങ്കിൽ വിദേശത്തുള്ള പങ്കാളി സ്ഥാപനങ്ങളിൽ ചേരുക തുടങ്ങിയ ബദലുകൾ എഎസ്യു വാഗ്ദാനം ചെയ്തിട്ടുണ്ട്.

യാത്രാ പെർമിറ്റുള്ള വിദ്യാർത്ഥികൾക്ക് 24 മണിക്കൂറും എത്തിച്ചേരൽ പിന്തുണ നൽകുന്നതിനായി എഎസ്യു ജീവനക്കാർ ഫീനിക്സ് സ്കൈ ഹാർബർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിലയുറപ്പിച്ചിരുന്നു.

അറൈവൽ വീക്ക് പ്രോഗ്രാമിംഗിൽ മുൻ നാഷണൽ സയൻസ് ഫൗണ്ടേഷൻ ഡയറക്ടറും നിലവിലെ എഎസ്യു പ്രൊഫസറുമായ സേതുരാമൻ പഞ്ചനാഥന്റെ സന്ദേശം ഉൾപ്പെടുത്തിയിരുന്നു.

## പതിറ്റാണ്ടുകൾക്കിടെ ആദ്യമായി അമേരിക്കയിലെ കുടിയേറ്റക്കാരുടെ എണ്ണത്തിൽ കുറവ്

**– പി പി ചെറിയാൻ**

വാഷിംഗ്ടൺ: പതിറ്റാണ്ടുകൾക്ക് ശേഷം ആദ്യമായി അമേരിക്കയിലെ കുടിയേറ്റക്കാരുടെ എണ്ണത്തിൽ വലിയ കുറവ് രേഖപ്പെടുത്തി. 2025 ജനുവരിക്കും ജൂണിനും ഇടയിൽ വിദേശ ജനസംഖ്യയിൽ 15 ലക്ഷത്തോളം പേരുടെ കുറവുണ്ടായതായി പ്യൂ റിസർച്ച് സെന്ററിന്റെ പുതിയ പഠനം വെളിപ്പെടുത്തുന്നു. ട്രംപ് ഭരണകൂടത്തിന്റെ കർശനമായ കുടിയേറ്റ നിയമങ്ങളാണ് ഈ മാറ്റത്തിന് പിന്നിലെ പ്രധാന കാരണം.

കുടിയേറ്റ നിയന്ത്രണങ്ങൾ കാരണം രാജ്യത്തേക്ക് വരുന്നവരുടെ എണ്ണത്തിൽ കുറവുണ്ടായതും, സ്വന്തം ഇഷ്ടപ്രകാരം രാജ്യം വിട്ട് പോവുന്നവരും ഈ കണക്കുകളിൽ ഉൾപ്പെടുന്നു. ഈ വർഷം ജൂൺ മാസത്തിൽ അമേരിക്കയിലെ കുടിയേറ്റക്കാരുടെ എണ്ണം 51.9 ദശലക്ഷമായി കുറഞ്ഞു. ഇത് കഴിഞ്ഞ ആറ് മാസത്തെ കണക്കിനേക്കാൾ 1.5 ദശലക്ഷത്തിന്റെ കുറവാണ് കാണിക്കുന്നത്.

പുതിയ പഠനമനുസരിച്ച് കുടിയേറ്റക്കാരുടെ എണ്ണം കുറയുന്നത് രാജ്യത്തെ സാമ്പത്തിക മേഖലയിലും തൊഴിൽ രംഗത്തും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് വിദഗ്ദ്ധർ മുന്നറിയിപ്പ് നൽകുന്നു. അമേരിക്കൻ സമ്പദ്വ്യവസ്ഥയുടെ പല മേഖലകളിലും കുടിയേറ്റ തൊഴിലാളികൾ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും കൂടുതൽ ആളുകൾ വിരമിക്കുന്ന സാഹചര്യത്തിൽ അവരുടെ പ്രാധാന്യം വർധിച്ചുവരികയാണെന്നും പഠനം ചൂണ്ടിക്കാട്ടുന്നു.

ട്രംപിന്റെ കർശനമായ കുടിയേറ്റ നയങ്ങൾ ഭയം സൃഷ്ടിച്ചതായി പല കുടിയേറ്റക്കാരും പറയുന്നു. ഷാർലറ്റിലെ വീട്ടുവേലക്കാരിയായിരുന്ന ലിലിയൻ ഡിവൈന ലീറ്റ് എന്ന ബ്രസീലിയൻ യുവതി സ്വന്തം ഇഷ്ടപ്രകാരം രാജ്യം വിടാൻ തീരുമാനിച്ചു. വളരെ ഭയത്തോടെയാണ് താൻ ഇവിടെ ജീവിച്ചതെന്ന്അവർ പറഞ്ഞു. നിയമപരമായ രേഖകളില്ലാത്ത പലരും രാജ്യത്ത് നിന്ന് സ്വയം ഒഴിഞ്ഞുപോയതായും റിപ്പോർട്ടുകളുണ്ട്.

## അമേരിക്കൻ കൊച്ചിൻ കൂട്ടായ്മ സെപ്റ്റംബർ ഏഴിന്

ഷിക്കാഗോ: അലുമ്നി അസോസിയേഷൻ ഓഫ് സേക്രട്ട് ഹാർട്ട് കോളജ് ആൻഡ് അമേരിക്കൻ കൊച്ചിൻ ക്ലബ് ചിക്കാഗോ സംയുക്തമായി സംഘടിപ്പിക്കുന്ന അമേരിക്കൻ കൊച്ചിൻ കൂട്ടായ്മ സെപ്റ്റംബർ ഏഴിന് ഞായറാഴ്ച നടക്കും. പരിപാടിയിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു.

ഫാ. ജോൺസൺ (പ്രശാന്ത്) പാലയ്ക്കാപ്പള്ളിൽ (മുൻ പ്രിൻസിപ്പൽ, എസ്. എച്ച് കോളജ്, തേവര) ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും.

കൂടുതൽ വിവരങ്ങൾക്ക്:

ഹെറാൾഡ് ഫിഗുരേദോ (പ്രസിഡന്റ്) 630 400 4744), അലൻ ജോർജ് (സെക്രട്ടറി) 331 262 1301).

# കെഎച്ച്എൻഎയുടെ സിൽവർ ജൂബിലി ഗ്ലോബൽ കൺവൻഷൻ സമാപിച്ചു



കെഎച്ച്എൻഎയുടെ സിൽവർ ജൂബിലി ഗ്ലോബൽ കൺവൻഷൻ സമാപിച്ചു.

സനാതനധർമ്മ പ്രചരണാർത്ഥം രണ്ടരപ്പതിറ്റാണ്ടായി വടക്കേ അമേരിക്കയിലും കാനഡയിലും പ്രവർത്തിച്ചുവരുന്ന കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക (കെഎച്ച്എൻഎ)യുടെ രജതജൂബിലി ആഘോഷങ്ങൾക്കും ലോക ഹൈന്ദവ സമ്മേളനവും വൻ വിജയമാക്കിത്തീർത്തതിന് പ്രസിഡന്റ് ഡോ.നിഷപിള്ള ഏവരോടും നന്ദി അറിയിച്ചു.

അറ്റ്ലാന്റിക് സിറ്റിയിലെ എം.ജി.എം.റിസോർട്സ് ഇന്റർനാഷണലാണ് (7 സ്റ്റാർ)17 മുതൽ 19 വരെയാണ് ഈ ത്രിദിന മാമാങ്കം അരങ്ങേറിയത്. മധു ചെറിയേടത്ത് (ജനറൽ സെക്രട്ടറി), രഘുവരൻ നായർ(ട്രഷറർ), സുനിൽ പൈങ്കോൽ (കൺവൻഷൻ ചെയർ), മറ്റു അംഗങ്ങൾ എന്നിവരുടെ സഹകരണത്തോടെ വൈവിധ്യമാർന്ന ഒട്ടേറെ പരിപാടികൾ അവതരിപ്പിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും ടി.ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിലെ ഭരണസമിതിക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു എന്നും നിഷപിള്ള അറിയിച്ചു.

ഹൈന്ദവ ആചാര്യന്മാർ, സാംസ്കാരിക നായകന്മാർ, കലാസാഹിത്യ മാധ്യമ ബിസിനസ് രംഗങ്ങളിലെ പ്രമുഖരുടെ സാന്നിധ്യം കൊണ്ട് സമ്പന്നമാകുന്ന കൺവൻഷനിൽ 500ൽപരം കുടുംബങ്ങളിൽ നിന്ന് 2000ത്തില്പരം അംഗങ്ങൾ വിരാട് 25 എന്ന പതാകയ്ക്ക് കീഴിൽ അണിനിരന്നുകൊണ്ടാണ് കൺവൻഷൻ ആരംഭിച്ചത്.രജിസ്റ്റർ ചെയ്ത അംഗങ്ങൾക്കു പുറമെ രാഷ്ട്രീയസാംസ്കാരികസാമുദായിക രംഗങ്ങളിൽ നിന്നുള്ള ഇരുപത്തിയഞ്ചോളം വിശിഷ്തിടാതിഥികൾ പങ്കെടുത്തു. മീനാക്ഷി ലേഖി, ജഡ്ജ് രാജരാജേശരി, സിബു നായർ (ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അമേരിക്കൻ ഏഷ്യൻ അഫയേഴ്സ് ഓഫ് ന്യൂയോർക്ക്), ജെ.നന്ദകുമാർ, അഡ്വ.ജയശങ്കർ തുടങ്ങിയവർ വേദിയെ ധന്യമാക്കി. അമൃതാനന്ദമയി അമ്മ ഓൺലൈൻ ആയി കൺവൻഷന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചുകൊണ്ട് അനുഗ്രഹപ്രഭാഷണം നടത്തി. സ്വാമി അമൃതസ്വരൂപാനന്ദ പുരി ആചാര്യോപദേശം നൽകി.

കേരളത്തിന്റെ തനതുകലകൾ അമേരിക്കയിലേക്ക് അക്ഷരാർത്ഥത്തിൽ പറിച്ചുനടുക എന്ന ഉദ്ദേശത്തോടെ നിരവധി പ്രോഗ്രാമുകളാണ് കണ്ണൂരുള്ള ഫോക് ലാൻഡ് ഇന്റർനാഷണൽ എന്ന ടീം അവതരിപ്പിച്ചത്. കളരിപ്പയറ്റ്, ഗുരുവായൂർ ഉറിയടി, കാവിലാട്ടം, തെയ്യം, ഗരുഡൻപറവ, തീയാട്ട്,മുടിയേറ്റ് എന്നിങ്ങനെ നിരവധി വ്യത്യസ്ത പരിപാടികൾ കാണികൾക്ക് വേറിട്ട അനുഭവമായി. കഥകളി, മേളം പോലുള്ള ക്ഷേത്രകലകൾക്കും പ്രാധാന്യം നൽകിയത് പ്രശംസ പിടിച്ചുപറ്റി.നൂറുപേരുടെ താലപ്പൊലിയും മുത്തുക്കുടയുമൊക്കെയായി നാട്ടിലെ പൂരത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന ഘോഷയാത്രയും കണ്ണുകളെ കുളിരണിയിച്ചു. കെഎച്ച്എൻഎ പ്രസിഡന്റ് ഡോ.നിഷ പിള്ളയും എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് ആചാരമര്യാദകൾ പാലിച്ചുകൊണ്ട് ആചാര്യന്മാരെ സ്വീകരിച്ചു. സ്ഥാപക നേതാക്കളെയും മുൻ പ്രസിഡന്റുമാരെയും വേദിയിൽ ആദരിച്ചു.തുടർന്ന് പ്രച്ഛന്ന വേഷ മത്സരവും മെഗാതിരുവാതിരയും അരങ്ങേറി. വിരാട് എന്ന തീമിൽ അധിഷ്ഠിതമായ 'സമഷ്ടി' എന്ന നൃത്തനാടകവും ചലച്ചിത്രതാരം ദിവ്യ ഉണ്ണിയുടെ നേതൃത്വത്തിൽ കാശി എന്ന നൃത്തപ്രകടനവും കലാസ്വാദകരെ ഹരംകൊള്ളിച്ചു.

സ്വാമി അമൃതസ്വരൂപാനന്ദ പുരിയുടെ സത്സംഗ്, സ്വാമി ചിതാനന്ദ പുരി ആചാര്യോപദേശം, ആറ്റുകാൽ തന്ത്രിയുടെ നേതൃത്വത്തിൽ സർവ്വൈശ്വര്യ പൂജ, ലളിത സഹസ്രനാമം 3 കോടി മന്ത്രാർച്ചന സമർപ്പണം എന്നിവ സംഘടനയിലെ ഓരോ അംഗങ്ങളിലും സനാതനധർമ്മത്തിന്റെ ശക്തി ഊട്ടിയുറപ്പിച്ചു.

യൂത്ത് ഫോർ ട്രൂത്ത് എന്ന പേരിൽ വിശിഷ്ടാതിഥികളും യുവാക്കളുമായുള്ള ചോദ്യോത്തര സെഷൻ, ലോലിപോപ്സ് വണ്ടർ എന്നപേരിൽ സനാതനധർമവുമായി ബന്ധപ്പെട്ടുള്ള കുട്ടികളുടെ സംശയങ്ങൾക്ക് ആചാര്യന്മാർ മറുപടി കൊടുക്കുന്ന സെഷൻ, അരങ്ങ് യൂത്ത് ഫെസ്റ്റിവൽ,മാധ്യമ സെമിനാർ, യൂത്ത് ഫോറത്തിന്റെ കായിക പരിപാടി, ബിസിനസ് സെമിനാർ, രമേശ് നാരായണനും മധുശ്രീയും അവതരിപ്പിക്കുന്ന മൃദുമൽഹാർ എന്ന ഹിന്ദുസ്ഥാനി സംഗീതപരിപാടി, മാധ്യമസെമിനാറിൽ 24 ന്യൂസ്, ഇമലയാളി, ജന്മഭൂമി എന്നിങ്ങനെ പ്രമുഖ മാധ്യമപ്രതിനിധികൾക്കൊപ്പം അമേരിക്കയിലെ മലയാളികളിൽ ഏറ്റവും പ്രായം കുറഞ്ഞ ഇലക്റ്റഡ് ഒഫീഷ്യലായ പ്രീനു നായരും പങ്കെടുത്തു.

കാലിഫോർണിയ ടീമിന്റെ ഛായാമുഖി, മിഷിഗൺ ടീമിന്റെ കാളിയൻ ചാത്തൻ എന്നീ പരിപാടികളും കൺവൻഷനെ മറ്റൊരു തലത്തിലേക്കുയർത്തി. സംവിധായകൻ ഹരിഹരന്റെ നേതൃത്വത്തിലുള്ള സെലിബ്രിറ്റി നൈറ്റിൽ നരെയ്ൻ,ശാന്തികൃഷ്ണ, അഭിലാഷ് പിള്ള തുടങ്ങി നിരവധിപേർ പങ്കെടുത്തു. യൂത്ത് ഡിജെ നൈറ്റ് ആയിരുന്നു മറ്റൊരു ആകർഷണം. യോഗ, പൂജ, ഭജൻ, ഭക്തി മഞ്ജരി, മെഗാ മോഹിനിയാട്ടം, സ്ത്രീ ശക്തിയെ അടിസ്ഥാനമാക്കിയുള്ള ഫാഷൻ ഷോ 'ലീല', സൗത്ത് ഫ്ലോറിഡ ടീമിന്റെ ' വൈശാലി', മാട്രിമോണിയൽ നെറ്റ്വർക്കിങ്, ജാനകി രംഗരാജന്റെ ഭരതനാട്യം,ലിറ്റററി ഫോറം, ഹെൽത്ത് സെമിനാർ,പ്രൊഫഷണൽ ഫോറം, തനിമ,സൂമ്പ ഡാൻസ് തുടങ്ങി ഒട്ടേറെ പരിപാടികൾ രണ്ടാം ദിവസവും മൂന്നാം ദിവസവുമായി അരങ്ങേറി.1500 പേർക്ക് ഇലയിൽ വിളമ്പിയ പഴയിടം സ്പെഷ്യൽ സദ്യയും മനംകവർന്നു.

സമാപന സമ്മേളനത്തിന് ശേഷം അഗം ബാൻഡ് അവതരിപ്പിച്ച പ്രത്യേക പരിപാടി യുവാക്കളെ ഇളക്കിമറിച്ചു.പാട്ടിനൊത്ത് അവരെക്കൊണ്ട് നൃത്തചുവടുകൾവയ്പ്പിക്കാൻ സാധിച്ചതും കെഎച്ച്എൻഎ യ്ക്ക് നവ്യാനുഭവമായി. രജത ജൂബിലി വർഷം തന്റെ സാരഥ്യത്തിൽ സംഘടനയിൽ യുവാക്കളുടെ പ്രാതിനിധ്യം വർധിപ്പിക്കുമെന്ന വാഗ്ദാനം പാലിക്കാൻ സാധിച്ചതിൽ ചാരിതാർഥ്യമുണ്ടെന്ന് സമാപനസമ്മേളനത്തിലെ ഹൃദയനിർഭാരമായ പ്രസംഗത്തിൽ ഡോ.നിഷ പിള്ള പറഞ്ഞു. നേതൃസ്ഥാനത്തേക്ക് കൂടുതൽ യുവാക്കൾ കടന്നുവരുന്നതിൽ സന്തോഷമുണ്ടെന്നും ഇത് തന്നെയായിരുന്നു അധികാരമേൽക്കുമ്പോൾ താൻ ആഗ്രഹിച്ചിരുന്നതെന്നും നിറഞ്ഞ മനസോടെയാണ് പടിയിറക്കാമെന്നും അവർ കൂട്ടിച്ചേർത്തു.

1st September - **National Nutrition Week :** National Nutrition Week is observed from 1st September to 7th September to provide knowledge among people about the importance of nutrition and its importance for the human body, for better health.

2nd September - **World Coconut Day :** World Coconut Day is observed on 2nd September every year to make people aware of the importance of this crop in poverty reduction. This day also commemorates the formation day of the Asian Pacific Coconut Community (APCC).

## യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് 6,000 വിദ്യാർത്ഥി വിസകൾ റദ്ദാക്കി

**– പി പി ചെറിയാൻ**

യുഎസ് നിയമങ്ങൾ ലംഘിച്ചതിനും വിസാ കാലാവധി കഴിഞ്ഞിട്ടും രാജ്യത്ത് തങ്ങിയതിനും 6,000ത്തിലധികം അന്താരാഷ്ട്ര വിദ്യാർത്ഥി വിസകൾ റദ്ദാക്കിയതായി സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ബിബിസിയോട് പറഞ്ഞു. ആക്രമണം, മദ്യപിച്ച് വാഹനമോടിക്കൽ, മോഷണം, തീവ്രവാദത്തിന് പിന്തുണ നൽകൽ എന്നിവയാണ് ഇതിൽ ഭൂരിഭാഗം നിയമലംഘനങ്ങളെന്നും ഏജൻസി വ്യക്തമാക്കി.

കുടിയേറ്റത്തിനും അന്താരാഷ്ട്ര വിദ്യാർത്ഥികൾക്കുമെതിരായ ട്രംപ് ഭരണകൂടത്തിന്റെ നിലപാടുകളുടെ ഭാഗമായാണ് ഈ നടപടി. തീവ്രവാദത്തിന് പിന്തുണ നൽകൽ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്ന് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വ്യക്തമാക്കുന്നില്ലെങ്കിലും, പലസ്തീനെ പിന്തുണച്ച് പ്രതിഷേധിച്ച ചില വിദ്യാർത്ഥികളെ ട്രംപ് ഭരണകൂടം ലക്ഷ്യമിട്ടിരുന്നതു യഹൂദ വിരുദ്ധ ഭീകരത കൂടി ആരോപിച്ചാണ്.

റദ്ദാക്കിയ 6,000 വിസകളിൽ, ഏകദേശം 4,000 എണ്ണം നിയമലംഘനങ്ങൾ നടത്തിയതിനാണ്. ഐഎൻഎ 3 ബി അനുസരിച്ച് 'തീവ്രവാദം' നടത്തിയതിന് 200300 വിസകളും റദ്ദാക്കിയതായി സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് അറിയിച്ചു. മനുഷ്യജീവന് അപകടമുണ്ടാക്കുന്നതോ യുഎസ് നിയമങ്ങൾ ലംഘിക്കുന്നതോ ആയ പ്രവർത്തനങ്ങളെ 'തീവ്രവാദ പ്രവർത്തനം' എന്ന് ഈ കോഡ് വിശാലമായി നിർവചിക്കുന്നു.

ഈ വർഷം ആദ്യം, അന്താരാഷ്ട്ര വിദ്യാർത്ഥികൾക്കായുള്ള വിസ അപ്പോയിന്റ്മെന്റുകൾ ട്രംപ് ഭരണകൂടം താൽക്കാലികമായി നിർത്തിവെച്ചിരുന്നു. ജൂണിൽ അപ്പോയിന്റ്മെന്റുകൾ പുനരാരംഭിച്ചപ്പോൾ, കൂടുതൽ സൂക്ഷ്മപരിശോധനക്കായി എല്ലാ അപേക്ഷകരോടും അവരുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ പൊതുവാക്കാനും ആവശ്യപ്പെട്ടിരുന്നു.

യുണൈറ്റഡ് സ്റ്റേറ്റ്സിലെ പൗരന്മാർ, സംസ്കാരം, സർക്കാർ, സ്ഥാപനങ്ങൾ, അല്ലെങ്കിൽ സ്ഥാപക തത്വങ്ങൾ എന്നിവയോടുള്ള ശത്രുതയുടെ ഏതെങ്കിലും സൂചനകൾ' അവർ തിരയുമെന്നും അറിയിച്ചിരുന്നു.

മെയ് മാസത്തിൽ, വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ, ജനുവരി മുതൽ 'ആയിരക്കണക്കിന്' വിദ്യാർത്ഥി വിസകൾ റദ്ദാക്കിയിട്ടുണ്ടെന്ന് നിയമനിർമ്മാതാക്കളോട് പറഞ്ഞിരുന്നു.

'ഏറ്റവും പുതിയ കണക്ക് എനിക്കറിയില്ല, പക്ഷെ ഇനിയും കൂടുതൽ ചെയ്യാനുണ്ട്,' മെയ് 20ന് റൂബിയോ യുഎസ് നിയമനിർമ്മാതാക്കളോട് പറഞ്ഞു. അതിഥികളായി ഇവിടെയുള്ളവരും നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ തടസ്സപ്പെടുത്തുന്നവരുമായ ആളുകളുടെ വിസകൾ റദ്ദാക്കുന്നത് ഞങ്ങൾ തുടരും.

ഡെമോക്രാറ്റുകൾ ട്രംപ് ഭരണകൂടത്തിന്റെ ഈ നീക്കത്തെ എതിർക്കുകയും, ഇത് നിയമപരമായ നടപടികൾക്ക് നേരെയുള്ള ആക്രമണമാണെന്ന് വിശേഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

വിദേശ വിദ്യാർത്ഥികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്ന 'ഓപ്പൺ ഡോർസ്' എന്ന സംഘടനയുടെ കണക്കനുസരിച്ച്, 2023-24 അധ്യയന വർഷത്തിൽ 210ൽ അധികം രാജ്യങ്ങളിൽ നിന്നുള്ള 1.1 ദശലക്ഷത്തിലധികം അന്താരാഷ്ട്ര വിദ്യാർത്ഥികൾ യുഎസ് കോളേജുകളിൽ പഠനം നടത്തിയിരുന്നു.

## മലയാളി വിദ്യാർഥികൾക്കുള്ള മലയാളി എൻജിനീയേഴ്സ് അസോസിയേഷൻ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

ഹൂസ്റ്റൺ: ഇന്ത്യയിൽ എൻജിനീയറിങ്/ആർക്കിടെക്ചർ കോഴ്സിനു പഠിക്കുന്ന ഒന്നാം വർഷ മലയാളി വിദ്യാർഥികൾക്ക് മലയാളി എൻജിനീയേഴ്സ് അസോസിയേഷൻ (എംഇഎ) സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. അർഹരായ വിദ്യാർഥികൾക്ക് പ്രതിവർഷം 600 ഡോളർ സ്കോളർഷിപ്പായി ലഭിക്കും. വിദ്യാർഥികൾക്ക് നവംബർ ഒന്നു വരെ അപേക്ഷ സമർപ്പിക്കാം.

കുടുംബത്തിന്റെ വാർഷിക വരുമാനം 1.5 ലക്ഷം രൂപയിൽ കവിയരുത്. എൻജിനീയറിങ് വിദ്യാർഥികൾക്ക് കീം റാങ്ക്ലിസ്റ്റിൽ 7000 റാങ്കിനുള്ളിലുള്ളവരാകണം. ആർക്കിടെക്ചർ വിദ്യാർഥികൾക്ക് നാറ്റസ്കോർ 110 വേണം. 10,12 ക്ലാസുകളിൽ 85% മാർക്കും വേണം.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.meahouston.org

3rd September - **Skyscraper Day :** Skyscraper Day is observed on 3rd September. Skyscrapers are very tall buildings that define a city's skyline. The day marks the ability of a man to construct an industrial masterpiece.

4 September **Eid Milad-Un-Nabi :** Eid Milad un-Nabi is an important Islamic festival. Also known as Mawlid al-Nabi, the day commemorates the birth of Prophet Muhammad. Eid Milad un-Nabi on the 12th day of Rabi' al-Awwal in the Islamic lunar calendar reminds the teaching of the Prophet. It motivates people to pray and perform acts of charity.

## കേരള സെന്റർ, പയനിയർ ക്ലബ് സംയുക്ത സ്വാതന്ത്ര്യദിനാഘോഷത്തിൽ രാജ്മോഹൻ ഉണ്ണിത്താൻ എംപി പങ്കെടുത്തു



കേരള സെന്ററും പയനിയർ ക്ലബും സംയുക്തമായി ഓഗസ്റ്റ് 15ന് ഇന്ത്യയുടെ എഴുപത്തൊമ്പതാമത് സ്വാതന്ത്ര്യദിനം ആഘോഷിച്ചു. കേരള സെന്റർ അങ്കണത്തിലെ ഫ്ളാഗ് പോസ്റ്റിൽ ഇന്ത്യൻ ലോകസഭാ മെമ്പർ രാജ്മോഹൻഉണ്ണിത്താൻ ദേശീയ പതാക ഉയർത്തി. തദവസരത്തിൽ എല്ലാവരും കൂടി ദേശീയഗാനം ആലപിച്ചത് വളരെ ഹൃദയഹാര്യമായിരുന്നു.

പതാക ഉയർത്തലിനെ തുടർന്ന് കേരള സെന്റർ ഓഡിറ്റോറിയത്തിൽ പബ്ലിക് മീറ്റിംഗ് ആരംഭിച്ചു. പയനിയർ ക്ലബ് സെക്രട്ടറി വർഗീസ് അബ്രഹാമിന്റെ (രാജു) ആമുഖത്തോടുകൂടി യോഗം ആരംഭിച്ചു. കേരള സെന്റർ പ്രസിഡന്റ് അലക്സ് കാവുംപുറത്ത് എസ്തപ്പാൻ സ്വാഗതം ആശംസിച്ചു. എല്ലാവരും കൂടിയുള്ള വന്ദേമാതരം ആലപനത്തിനു ശേഷം പയനിയർ ക്ലബ് പ്രസിഡന്റ് ജോണി സക്കറിയ പ്രസംഗിച്ചു.

രാജ്മോഹൻ ഉണ്ണിത്താൻ എംപിയെ ഒരു പാർലമെന്റ് അംഗമെന്ന നിലയിലുള്ള സേവനങ്ങളെ പ്രശംസിച്ചുകൊണ്ടുള്ള ഫലകം നൽകിയും അദ്ദേഹത്തെയും സഹധർമ്മിണിയെയും പൊന്നാട അണിയിച്ചും ആദരിച്ചു. ഉണ്ണിത്താൻ ഇന്ത്യയുടെ എഴുപത്തൊമ്പതാം സ്വാതന്ത്ര്യദിന സന്ദേശം നൽകി. ഇത് ഇന്ത്യക്കുപുറത്തുള്ള അദ്ദേഹത്തിന്റെ ആദ്യത്തെ സ്വാതന്ത്ര്യ ദിനാഘോഷമായിരുന്നു എന്നുള്ളത് അദ്ദേഹത്തിന് വളരെ സന്തോഷകരമായിരുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരചരിത്രത്തെപ്പറ്റിയും സ്വതന്ത്ര ഭാരതത്തിന്റെ ഭരണാധികാരികൾ നൽകിയ സംഭാവനകളെ പറ്റിയും ഇന്ന് രാജ്യം നേരിടുന്ന വെല്ലുവിളികളെപറ്റിയും അദ്ദേഹം ദീർഘമായി പ്രസംഗിച്ചു. ഭാരതത്തിന്റെ പാരമ്പര്യവും ജനാധിപത്യവും ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളും സംരക്ഷിക്കാൻ നമോരോരുത്തർക്കും കഴിയട്ടെ എന്ന് അദ്ദേഹം ആശംസിച്ചു. ലീല മാരേട്ട് ഉണ്ണിത്താനെ സദസ്സിന് പരിചയപ്പെടുത്തി.

ആശംസകൾ നേർന്നുകൊണ്ട് മുൻ ന്യുയോർക്ക് സെനറ്റർ കെവിൻ തോമസ്, ജോർജ് എബ്രഹാം (ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്), പോലീസ് ഓഫീസർ തോമസ് ജോയി എന്നിവർ പ്രസംഗിച്ചു.

തുടർന്ന് കേരള സെന്ററിന്റെ ഫൗണ്ടർ മെമ്പേഴ്സിനെ ആദരിച്ചുകൊണ്ടുള്ള ചടങ്ങു നടന്നു. പത്ത് ഫൗണ്ടർ മെമ്പേഴ്സിനെ അവർ കേരള സെന്ററിന് നൽകിയ സേവനങ്ങളെ പ്രശംസിച്ചുകൊണ്ടുള്ള ഫലകങ്ങൾ നൽകി ആദരിച്ചു. രാജ്മോഹൻ ഉണ്ണിത്താൻ, എംപിയിൽ നിന്നാണ് അവർ ഫലകങ്ങൾ ഏറ്റുവാങ്ങിയത്. കേരള സെന്റർ സെക്രട്ടറി രാജു തോമസ് ഈ പരിപാടിക്ക് നേതൃത്വം നൽകുകയും ഡോ. തോമസ് എബ്രഹാം ആശംസ നേരുകയും ചെയ്തു.

തുടർന്നുനടന്ന സെമിനാറുകളിൽ അറ്റോർണി വിനോദ് കെയാർക്കെ ട്രസ്റ്റ്, വിൽ സംബന്ധിച്ചും ഡോൺ തോമസ് സോളാർ എനർജി, സബ്സിഡി എന്നിവയെ പറ്റിയും സംസാരിച്ചു.

ഈ ആഘോഷത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച കേരള സെന്ററിലെയും പയനിയർ ക്ലബ്ബിലെയും എല്ലാവർക്കും ഈ സമ്മേളനത്തിൽ പങ്കെടുത്ത് ഇതിനെ വിജയിപ്പിച്ച എല്ലാ സ്നേഹിതർക്കും യോഗത്തിന്റെ എംസിയായിരുന്ന വർഗീസ് എബ്രഹാം നന്ദി പറഞ്ഞു. രാവിലെ ഒമ്പത് മണിക്ക് ബ്രേക്ക് ഫാസ്റ്റോടുകൂടി ആരംഭിച്ച സ്വാതന്ത്ര്യദിനാഘോഷപരിപാടികൾ ഒരു മണിക്ക് ലഞ്ചോടുകൂടി അവസാനിച്ചു.

## വേൾഡ് മലയാളി കൗൺസിൽ ഫ്ളോറിഡ പ്രൈം പ്രോവിൻസ് ഓണാഘോഷം ഹൃദ്യമായി

ടാമ്പാ: വേൾഡ് മലയാളി കൗൺസിൽ ഫ്ളോറിഡ പ്രൈം പ്രോവിൻസിന്റെ ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ ഹൃദ്യമായി. സ്നേഹസാന്ദ്രമായ കുടുംബാന്തരീക്ഷത്തിൽ അരങ്ങേറിയ ഈ സന്തോഷ സായാഹ്നത്തിൽ, അമേരിക്കയിലെ വിവിധ സാമൂഹ്യ, സാംസ്കാരിക, സാമുദായിക പ്രതിനിധികൾ പങ്കെടുത്തു.

16ന് ജോൺമൂർ റോഡ് കമ്യൂണിറ്റി സെന്ററിന്റെ ഗ്രൗണ്ടിലും ഹാളിലുമായി വൈവിധ്യമാർന്ന കലാപരിപാടികൾ നടന്നു. വിഭവസമൃദ്ധമായ ഓണസദ്യ ആസ്വാദ്യകരമായി.

എം.സിയായി പ്രവർത്തിച്ച സെക്രട്ടറി അഞ്ജലി നായർ വിശിഷ്ടാതിഥികളേയും സദസ്യരേയും പൊതുസമ്മേളനത്തിലേക്ക് ക്ഷണിച്ചു.

തുടർന്ന് നടന്ന നിലവിളക്ക് കൊളുത്തൽ ചടങ്ങിൽ സീനിയർ മെമ്പർ ലീലാമ്മ ബേബി, ബ്ളസൻ മണ്ണിൽ (അമേരിക്കൻ റീജിയൻ പ്രസിഡന്റ്), സോണിയാ തോമസ് (വൈസ് ചെയർ), രാജു മൈലപ്രാ (മീഡിയാ ചെയർ), കാരളിൻ ബ്ളസൻ (ഫ്ളോറിഡ പ്രസിഡന്റ്), ബിജു തോണിക്കടവിൽ (ഫോമാ മുൻ ജനറൽ സെക്രട്ടറി), അഞ്ജലി നായർ (സെക്രട്ടറി), ദീപക് സതീഷ് (ട്രഷറർ), സിദ്ധാർത്ഥ് (ബിസിനസ് ഫോറം), ബേബി സെബാസ്റ്റ്യൻ (പ്രൈം പ്രോവിൻസ് സ്ഥാപക നേതാവ്) എന്നിവർ പങ്കെടുത്തു.

സാഹിത്യകാരൻ രാജു മൈലപ്രാ ഓണസന്ദേശം നൽകി. ഫോമാ മുൻ ജനറൽ സെക്രട്ടറി ബിജു തോണിക്കടവിൽ, ദീപക് സതീഷ് എന്നിവർ ഓണാശംസകൾ നേർന്നു.

ഫ്ളോറിഡ പ്രോവിൻസ് പ്രസിഡന്റ് കരോളിൻ ബ്ളസൻ പ്രോവിൻസിന്റെ ഭാവി പരിപാടികളെക്കുറിച്ച് വിവരണം നൽകി. ആഘോഷങ്ങളിൽ പങ്കെടുത്തവർക്ക് നന്ദി രേഖപ്പെടുത്തി.

ശീതൾ തോമസ് ഗാനം ആലപിച്ചു. ഓണസദ്യയ്ക്കുശേഷം നടത്തപ്പെട്ട അന്താക്ഷരി, അക്ഷരയുദ്ധം, ഫോട്ടോ ഷൂട്ട്, മധുര വെറ്റില മുറുക്കാൻ തുടങ്ങിയ പരിപാടികൾ ആഘോഷങ്ങൾക്ക് മിഴിവേകി.

## ടി. ഉണ്ണികൃഷ്ണൻ: കെ.എച്ച്.എൻ.എക്കു പുതിയ സാരഥി



അറ്റ്ലാന്റിക് സിറ്റി, ന്യൂജേഴ്സി: ഫോമാ ജനറൽ സെക്രട്ടറിയായ ടി. ഉണ്ണികൃഷ്ണൻ കെ.എച്ച്. എൻ. എ. പ്രസിഡന്റായി.

2013 മുതൽ കെ.എച്ച്.എൻ.എ. ഡയറക്ടർ ബോർ ഡ്, ട്രസ്റ്റി ബോർഡ് എന്നിവയിൽ അംഗമായി പ്രവർത്തിക്കുകയും നിരവധി വർഷങ്ങളിൽ അഞ്ജലി മാഗസിൻ, കൺവൻഷൻ സോവനീർ എന്നിവയുടെ ചീഫ് എഡിറ്റർ ആയി പ്രവർത്തിക്കുകയും 2021 അരിസോണ കെ.എച്ച്.എൻ.എ കൺവൻഷൻ ചീഫ് ഇലക്ഷൻ കമ്മീഷണർ ആയി സേവനം ചെയ്യുകയും ചെയ്ത ഉണ്ണികൃഷ്ണൻ നിലവിൽ സംഘടനയുടെ ട്രസ്റ്റി ബോർഡ് അംഗമാണ്.

2013ൽ ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിൽ ആരംഭിച്ച അസോസിയേഷൻ ഓഫ് റ്റാമ്പാ ഹിന്ദു മലയാളീ (ആത്മ) ഇന്ന് 300 ലധികം കുടുംബങ്ങളുള്ള ശക്തമായ സംഘടനകളിലൊന്നാണ്. 2013-2016 കാലഘട്ടത്തിൽ ആത്മയുടെ പ്രഥമ പ്രസിഡന്റായും നിലവിൽ ട്രസ്റ്റീ ബോർഡ് ചെയർമാനായും പ്രവർത്തിക്കുന്നു.

2015ൽ ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിൽ നടത്തിയ കെഎച്ച്എൻഎ ശുഭാരംഭവും 2025 ഫെബ്രുവരിയിൽ 600 ലധികം ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് രാവിലെ 11 മുതൽ വൈകുന്നേരം 7:30 വരെ തുടർച്ചയായ പരിപാടികളോടെ നടത്തിയ വിരാട് 25 ഫ്ലോറിഡ ശുഭാരംഭവും ശ്രദ്ധേയമായിരുന്നു. 2009 മുതൽ റ്റാമ്പാ അയ്യപ്പ ക്ഷേത്രത്തിന്റെ ലൈഫ് മെമ്പറായ ഉണ്ണികൃഷ്ണൻ നിലവിൽ ക്ഷേത്രത്തിന്റെ കമ്മ്യൂണിറ്റി ഔട്ട് റീച് കമ്മിറ്റിയുടെ ചെയർ ആയി പ്രവർത്തിക്കുന്നു.

## ലാലു ജോസഫ് കേരളീയം സെക്രട്ടറി ജനറൽ



ഗ്ലോബൽ കേരള ഇനിഷ്യേറ്റീവ് കേരളീയം സെക്രട്ടറി ജനറൽ ആയി ലാലു ജോസഫിനെ തിരഞ്ഞെടുത്തു. സ്ഥാപക സെക്രട്ടറി ജനറൽ എൻ ആർ ഹരികുമാറിന്റെ വിയോഗത്തെ തുടർന്നാണ് പുതിയ സെക്രട്ടറി ജനറൽ തിരഞ്ഞെടുപ്പ് വേണ്ടി വന്നത്. ചെയർമാൻ പി വി അബ്ദുൽ വഹാബ് എം പി അധ്യക്ഷനായിരുന്നു. ജെ കെ മേനോൻ (പ്രസിഡന്റ്)ജി രാജാമോഹൻ (വർക്കിംഗ് ചെയർമാൻ) എന്നിവരാണ് മറ്റ് പ്രധാന ഭാരവാഹികൾ.

ട്രഷറർ അജയകുമാർ ബജറ്റ് അവതരിപ്പിച്ചു. വൈസ് ചെയർമാൻ സരോഷ് പി എബ്രഹാം സ്വാഗതം പറഞ്ഞു . മുതിർന്ന മാധ്യമ പ്രവർത്തകരായ എസ് ആർ ശക്തിധരൻ, ആർ അജിത്കുമാർ, റെഡ് ക്രോസ്സ് തിരുവനന്തപുരം ജില്ലാ ചെയർമാൻ ഭാസ്കരൻ, പ്രൊജക്റ്റ് ഡയറക്ടർ ആർ എസ് ശശികുമാർ, ഫിനാൻസ് കൺട്രോളർ ശശി നായർ, കോർ കമ്മിറ്റി അംഗങ്ങളായ ജെ എസ് ഇന്ദുകുമാർ ഷാജുദീൻ ചന്ദ്രകാന്ത് പി ടി, ശാസ്തമംഗലം മോഹൻ, സാന്റി മാത്യു എന്നിവർ സംസാരിച്ചു.

## ഡിട്രോയിറ്റ് ക്നാനായ കത്തോലിക്ക ഇടവകയിൽ വെക്കേഷണൽ ബൈബിൾ സർവീസ് നടത്തി

ഡിട്രോയിറ്റ് ക്നാനായ കത്തോലിക്ക ഇടവകയിൽ സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്കായി വെക്കേഷണൽ ബൈബിൾ സർവീസ് നടത്തി. റവ ഫാ. മെൽവിൻ പോളിന്റെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളിൽ പ്രമീള ഇട്ടൂപ്പ് കാഞ്ഞിരത്തിങ്കൽ, ജോൺ മൂലക്കാട്ട്, സുബി തേക്കിലക്കാട്ടിൽ എന്നിവർ ക്ലാസ്സുകൾ എടുത്തു.

ഇടവക വികാരി റെവ.ഫാ. ജോസഫ് തറയ്ക്കൽ, ഡി.ആർ.ഈ.സിമി തൈമാലിൽ, കൈക്കാരന്മാരായ സെബാസ്റ്റ്യൻ വഞ്ചിത്താനത്ത്, സേവ്യർ തോട്ടത്തിൽ, സൗമി അച്ചിറത്തലയ്ക്കൽ, ഫിലിപ്സൺ താന്നിച്ചുവട്ടിൽ, സിമി മണിമലേത്തു, അനു കണ്ണച്ചാൻപറമ്പിൽ, ജെയിസ് കണ്ണച്ചാൻപറമ്പിൽ, സ്റ്റെല്ല പാറയിൽ, ആഷ്ലി ചെറുവള്ളിൽ, ആഷ്ന വെട്ടിക്കാട്ട്, രോഹൻ എരുമത്ര, എയിഡൻ ബോബി ആലപ്പാട്ട്, നികിത ബിജു, റേച്ചൽ ബിജു, ക്രിസ്റ്റൽ മരിയ എഡ്വേർഡ് എന്നിവർ വെക്കേഷണൽ ബൈബിൾ സർവീസിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

5 September - **International Day of Charity :** International Day of Charity is observed on 5 September every year to eradicate poverty in all its forms and dimensions to achieve sustainable development goals.

## വേൾഡ് മലയാളി കൗൺസിൽ ന്യൂയോർക്ക് പ്രൊവിൻസിന്റെ ഓണാഘോഷം വർണ്ണാഭമായി



**- സാം മണ്ണിക്കരോട്ട്**

ന്യൂയോർക്ക്: വേൾഡ് മലയാളി കൗൺസിൽ ന്യൂയോർക്ക് പ്രൊവിൻസിന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ ഓണാഘോഷം വൈവിദ്ധ്യമായ കലാപരിപാടികളോടുകൂടി സന്തൂർ ബാങ്ക്വറ്റ് ഹാളിൽ വെച്ച് ആഗസ്റ്റ് പതിനേഴാം തീയതി നടത്തപ്പെട്ടു. സംഗീത സാന്ദ്രമായ ചുറ്റുപാടിൽ നടന്ന ആഘോഷത്തിൽ ന്യൂയോർക്കിലെ വിവിധ സംഘടനയുടെ പ്രതിനിധികൾ പങ്കെടുത്തു.

ഹീര പോൾ, റിയ അലക്സാണ്ടർ, ഗ്രേസ് ജോൺ, അജു അലക്സാണ്ടർ, ജോസ് കുര്യൻ, റേച്ചൽ ഡേവിഡ് എന്നിവരുടെ ഗാനങ്ങൾ ആലപിച്ചു.

പ്രൊവിൻസ് ചെയർമാൻ മോൻസി വർഗീസ്, പ്രസിഡന്റ് പ്രൊഫ. സാം മണ്ണിക്കരോട്ട്, ട്രഷറർ ഷാജി മാത്യു, വൈസ് പ്രസിഡന്റ് റേച്ചൽ ഡേവിഡ്, വിമൻസ് ഫോറം പ്രസിഡന്റ് ഡോളമ്മ പണിക്കർ, പ്രോഗ്രാം കോർഡിനേറ്റർ ഹീര പോൾ, ഉഷ ജോർജ് എന്നിവർ ചടങ്ങുകൾക്ക് ചുക്കാൻ പിടിച്ചു. വൈ.എം.സി അമേരിയ്ക്ക റീജിയൺ ചെയർമാൻ ചാക്കോ കോയിക്കലേത്ത്, റീജിയൻ വിമൻസ് ഫോറം ട്രഷറർ ശോശാമ്മ അലക്സാണ്ടർ, ഗ്ലോബൽ വൈസ് ചെയർമാൻ ജോർജ് ജോൺ, പ്രോവിൻസ് മുൻ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്, സർഗ്ഗവേദി ഭാരവാഹി മനോഹർ തോമസ് എന്നിവരെല്ലാം പ്രോവിൻസ് അംഗങ്ങളോടൊപ്പം അണിചേർന്ന് ഈ വർഷത്തെ ന്യൂയോർക്കിലെ ആദ്യ ഓണാഘോഷം കെങ്കേമമാക്കി.

## ഇന്ത്യാക്കാരൻ എന്നതിൽ എന്നും അഭിമാനിച്ച വ്യക്തിത്വമായിരുന്നു ഡോ എം. അനിരുദ്ധന്റേതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ



തിരുവനന്തപുരം: ഇന്ത്യാക്കാരൻ എന്നതിൽ എന്നും അഭിമാനിച്ച വ്യക്തിത്വമായിരുന്നു ഡോ എം. അനിരുദ്ധന്റേതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അമേരിക്കൻ പൗരത്വം ലഭിക്കാൻ എല്ലാ അവസരങ്ങളും സാധ്യതകളും ഉണ്ടായിട്ടും ഇന്ത്യൻ പൗരത്വം വെടിയേണ്ടതില്ലെന്ന ഉറച്ച നിലപാട് സ്വീകരിച്ച വ്യക്തിത്വമായിരുന്നു ഡോ എം. അനിരുദ്ധന്റെതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നോർക്ക റൂട്ട്സ് ഡയറക്ടർ ബോർഡ് അംഗവും ലോക കേരള സഭാംഗവും ശാസ്ത്രഗവേഷകനും ഫൊക്കാന പ്രഥമ പ്രസിഡന്റും അമേരിക്കയിലെ പ്രമുഖ പ്രവാസി സംരംഭകനുമായിരുന്ന ഡോ എം. അനിരുദ്ധൻ. അനുസ്മരണ യോഗത്തിൽ മുഖ്യ അനുസ്മരണ പ്രഭാഷണം നടത്തി സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ജീവിതാവസാനം വരെ ഇന്ത്യൻ പാസ്സ്പോർട്ടായിരുന്നു ഡോ അനിരുദ്ധന്. എല്ലാ കാലത്തും ഇന്ത്യാക്കാരൻ എന്ന് അഭിമാനിക്കുകയും ആ സ്വത്വം നിലനിർത്തുകയും ചെയ്ത വ്യക്തിത്വമായിരുന്നു ഡോ. എം. അനിരുദ്ധന്റേതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു. തന്റെ അമേരിക്കൻ സന്ദർശന വേളയിലെയും കേരളത്തിലേയും അനിരുദ്ധനൊപ്പമുളള സൗഹൃദ നിമിഷങ്ങളും അനുഭവങ്ങളും മുഖ്യമന്ത്രി ഓർമ്മിച്ചു. സഹോദരതുല്യമായ സ്നേഹമായിരുന്നു പരസ്പരമുണ്ടായിരുന്നതെന്നും ഡോ എം. അനിരുദ്ധന്റെ വിയോഗം തനിക്ക് വ്യക്തിപരമായ നഷ്ടം കൂടിയാണെന്നും പിണറായി വിജയൻ പറഞ്ഞു. ഡോ എം. അനിരുദ്ധന്റെ ദീർഘവീക്ഷണവും നിസ്വാർത്ഥമായ സേവനവും നോർക്ക റൂട്ട്സിന്റെ ഉന്നതിയ്ക്കു സഹായകരമായെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ചു സംസാരിച്ച പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടിയും ഓർമ്മിച്ചു .

ഓരോ പ്രവാസിയുടേയും കണ്ണീരും സ്വപ്നവും അദ്ദേഹം തന്റേതു കൂടിയായി കണ്ട് അതിനായി നിരന്തരം പ്രയത്നിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹമെന്നും വി.ശിവൻകുട്ടി അനുസ്മരിച്ചു. അമേരിക്കൻ മലയാളികളുടെ സാംസ്കാരിക അന്യവൽക്കരണത്തിനുള്ള സാധ്യത മുന്നിൽ കണ്ട് മലയാള ഭാഷാ സ്വത്വത്തിനുവേണ്ടിയും സാംസ്കാരിക തിരിച്ചറിവിനുവേണ്ടിയും അദ്ദേഹം നടത്തിയ ശ്രമങ്ങളെ അനുസ്മരണ പ്രഭാഷണത്തിൻ നോർക്ക റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ ഓർമ്മിച്ചു. നാടുമായുള്ള ബന്ധം എന്നും നിലനിർത്തിയിരുന്ന വ്യക്തിയായിരുന്നു ഡോ. അനിരുദ്ധനെന്ന് സഹപ്രവർത്തകനെന്ന നിലയിലും സുഹൃത്തെന്ന നിലയിലും അദ്ദഹത്തോടൊപ്പമുള്ള ഓർമ്മകൾ പങ്കുവെച്ച് നോർക്ക റൂട്ട്സ് വൈസ് ചെയർമാൻ ഡോ. എം.എ യൂസഫലിയും അഭിപ്രായപ്പെട്ടു. തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച അനുസ്മരണ യോഗത്തിൽ മുൻ മന്ത്രിമാരായ എം.എം. ഹസ്സൻ, കെ. സി. ജോസഫ്, ഡോ. എം.അനിരുദ്ധന്റെ മക്കളായ അരുൺ അനിരുദ്ധൻ, ഡോ.അനൂപ് അനിരുദ്ധൻ എന്നിവരും ലോക കേരള സഭ അംഗങ്ങൾ, പ്രവാസിസംഘടനാ പ്രതിനിധികൾ തുടങ്ങിയവരും സംബന്ധിച്ചു. ചടങ്ങിൽ നോർക്ക വകുപ്പ് സെക്രട്ടറി എസ്. ഹരികിഷോർ ഐഎഎസ് സ്വാഗതവും, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി നന്ദിയും പറഞ്ഞു.

# കേരള സമാജം ഓഫ് ന്യൂജേഴ്സി രക്തദാനം സംഘടിപ്പിച്ചു



– ജിനേഷ് തമ്പി

ന്യൂജേഴ്സി: കേരള സമാജം ഓഫ് ന്യൂജേഴ്സിയും വൈറ്റാലൻറ് ഗ്രൂപ്പും സംയുക്തമായി ബർഗെൻഫീൽഡിൽ രക്തദാനം സംഘടിപ്പിച്ചു.

28 പേർ പങ്കെടുത്ത ഈ രക്തദാന പരിപാടിക്ക് കേരള സമാജം ഓഫ് ന്യൂജേഴ്സി ഭാരവാഹികളായ റ്റോമി തോമസ്, സെബാസ്റ്റ്യൻ ചെറുമടത്തിൽ, ബോബി തോമസ്, ബിനു ജോസഫ് പുളിക്കൽ, സിറിയക് കുര്യൻ എന്നിവർ നേതൃത്വം കൊടുത്തു.

## മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയും കേരള കൾച്ചറൽ ഫോറവും സംയുക്തമായി ഓണം സംഘടിപ്പിക്കുന്നു

– രാജു ജോയി

കേരളത്തിലെ ഏറ്റവും പ്രിയപ്പെട്ട സാംസ്കാരിക ഉത്സവമായ ഓണം 2025 ആഘോഷിക്കാൻ മലയാളി സമൂഹം ഒത്തുചേരുന്നു. മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയും കേരള കൾച്ചറൽ ഫോറവും സംയുക്തമായി സംഘടിപ്പിക്കുന്ന ഓണാ ഘോഷം സെപ്റ്റംബർ 13ന് ഉച്ചക്ക് പാറ്റേഴ്സണിലുള്ള സെൻ്റ് ജോർജ് സിറോ മലബാർ ചർച്ച് ഓഡിറ്റോറിയത്തിൽ നടക്കും.

കേരളത്തിന്റെ വിളവെടുപ്പ് ഉത്സവമായ ഓണം, സാംസ്കാരിക പ്രകടനങ്ങൾ, രുചികരമായ വിരുന്നുകൾ, കേരള പൈതൃകത്തിന്റെ ഊർജ്ജസ്വലമായ പ്രദർശനങ്ങൾ എന്നിവയാൽ അടയാളപ്പെടുത്തിയ സന്തോഷത്തിന്റെയും ഐക്യത്തിന്റെയും പാരമ്പര്യത്തിന്റെയും സമയമാണ്. ഈ വർഷത്തെ പരിപാടി മലയാളികൾക്ക് മറക്കാനാവാത്ത ഒരു അനുഭവമായിരിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു,

പരമ്പരാഗത പ്രകടനങ്ങളായ തിരുവാതിര, ചെണ്ടമേളം, മാവേലി എഴുന്നള്ളത്ത്, കൂടാതെ പൂക്കളം, സംഗീതം, നൃത്തം, പ്രശസ്ത കലാകാരന്മാർ ഒരുക്കുന്ന ഗാനമേള, വാഴയിലയിൽ വിളമ്പുന്ന പരമ്പരാഗത ഓണസദ്യ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

കുടുംബങ്ങൾക്കും സുഹൃത്തുക്കൾക്കും കേരളത്തിന്റെ സമ്പന്നമായ സംസ്കാരം അനുഭവിക്കാനും, വൈവിധ്യത്തിൽ ഐക്യം ആഘോഷിക്കാനും, ഓണത്തിന്റെ ചൈതന്യം പങ്കുവെക്കാനുമുള്ള അവസരമാണിത്. ആഘോഷങ്ങളിൽ പങ്കുചേരാൻ എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു

5 September - **Teachers' Day (India) :** Teachers' Day in India is celebrated on 5 September every year to mark the birth anniversary of India's second President, Dr. Sarvapalli Radhakrishnan. On this day we appreciate and acknowledge the efforts of teachers in making responsible individuals.

## കേരള അസോസിയേഷൻ ഓഫ് ഡാളസ് ഓണാഘോഷപരിപാടിക്ക് കേളികൊട്ട്

ഡാളസ്: ചിങ്ങം ഒന്നിനോടനുബന്ധിച്ച് സെപ്റ്റംബർ 6ന് ശനിയാഴ്ച 10ന് നടക്കാനിരിക്കുന്ന കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ ഓണാഘോഷ പരിപാടി കേളികൊട്ടുണർത്തി തുടക്കം കുറിച്ചു. കെഎഡി പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ, ഐസിഇസി പ്രസിഡന്റ് മാത്യു നൈനാൻ, കെഎഡി സെക്രട്ടറി മഞ്ജിത്ത് കൈനിക്കര, ഐസിഇസി സെക്രട്ടറി തോമസ് ഈശോ, ദീപക് നായർ, നെബു കുര്യാക്കോസ്, പി ടി സെബാസ്റ്റ്യൻ, പീറ്റർ നെറ്റോ, കോശി പണിക്കർ, ഹരിദാസ് തങ്കപ്പൻ, സിജു വി ജോർജ്, ബേബി കൊടുവത്തു, വിനോദ് ജോർജ്, സുബി ഫിലിപ്പ്, സാബു മാത്യു, ഡാനിയേൽ കുന്നേൽ, ജോർജ് ജോസഫ്, രാജീവ് മേനോൻ, ബാബു കൊടുവത്തു, മുതിർന്ന മാധ്യമ പ്രവർത്തകൻ പി.പി.ചെറിയാൻ, ബിജിലി ജോർജ് സാഹിത്യ പ്രവർത്തകരായ സി.വി ജോർജ്, റോസമ്മ ജോർജ്, വൈസ് പ്രസിഡന്റ് അനശ്വരം മാമ്പിള്ളി കൂടാതെ പ്രധാന സ്പോൺസരായ ഷിജു എബ്രഹാം, ജിൻസ് മടമന തുടങ്ങി വ്യവസായികളുൾപ്പെടെയുള്ള കലാ സാംസ്കാരിക സാമൂഹ്യ നായകരുടെ സാന്നിധ്യത്തിലായിരുന്നു കിക്ക് ഓഫ് നടത്തിയത്. ഓണാഘോഷ പരിപാടിയിൽ ഡോ. യു.പി.ആർ. മേനോൻ അതിഥിയായി പങ്കെടുക്കും.

# മയാമിയിൽ മലയാളി കത്തോലിക്ക വൈദികരുടെ മഹാസംഗമത്തിന്റെ കിക്ക് ഓഫ്



ജോയി കുറ്റിയാനി

മയാമി: ചിക്കാഗോ സീറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അമേരിക്കൻ മലയാളി കത്തോലിക്ക ചരിത്രത്തിൽ ഇടം നേടുവാൻ പോകുന്ന വൈദിക മഹാസംഗമം 2025 നവംബർ 18, 19 തീയതികളിൽ കേരളത്തിന്റെ മനോഹാരിതയുമായി സാമ്യമുള്ള സൗത്ത് ഫ്ളോറിഡയിലെ ലോകപ്രശസ്തമായ മയാമിയിൽ വേദി ഒരുങ്ങുന്നു.

മയാമി നഗരാതിർത്തിയിൽ മലയാളികളുടെ ആത്മീയ അഭിമാനകേന്ദ്രമായി നിലകൊള്ളുന്ന ഔവർ ലേഡി ഓഫ് ഹെൽത്ത് കാത്തലിക് ഫോറോനാ ദേവാലയത്തിന്റെ ആഭിമുഖ്യത്തിലാണ് മലയാളി പ്രീസ്റ്റ് കോയ്നോനിയ എന്ന പേര് നൽകിയിരിക്കുന്ന (കോയ്നോനിയഎന്ന ഗ്രീക്ക് പദം ഒരുമ, കൂട്ടായ്മ, സൗഹൃദം പങ്കിടൽ) ഈ വൈദിക സമ്മേളനത്തിന് അരങ്ങ് ഒരുങ്ങുന്നത്.

ചിക്കാഗോ സീറോ മലബാർ രൂപതയുടെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ സേവനം ചെയ്യുന്ന സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ റീത്തുകളിലും, വിവിധ കോൺഗ്രിഗേഷനുകൾ, സന്യാസസഭകൾ എന്നിവയിൽ പ്രവർത്തിക്കുന്ന അഞ്ഞൂറിലധികം വരുന്ന മലയാളി കത്തോലിക്ക വൈദികർക്ക് ഒരുമിച്ചു ചേരാൻ സാധിക്കുന്ന ഒരു അപൂർവ്വ വേദിയാണ് ഈ മഹാസമ്മേളനം.

ഇദംപ്രഥമമായി നടക്കുന്ന ഈ ആത്മീയ വൈദിക സമ്മേളനത്തിന്റെ വിജയത്തിനായി മയാമി ഔവർ ലേഡി ഓഫ് ഹെൽത്ത് ഫോറോനാ ദേവാലയത്തിലെ വിശ്വാസിസമൂഹം ഒന്നുചേർന്ന് ക്രമീകരണങ്ങൾ ഒരുക്കിവരുന്നു.

ചിക്കാഗോ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോയി ആലപ്പാട്ട് രക്ഷാധികാരിയും, വികാരി ജനറാൾ റവ. ഫാ.ജോൺ മേലേപ്പുറം സഹരക്ഷാധികാരിയും, ഫോറോനാ വികാരി റവ. ഫാ.ജോഷി ഇളംബാശ്ശേരി ചെയർമാനും, ജോഷി ജോസഫ് ജനറൽ കൺവീനറുമായി മുപ്പതിലധികം വിവിധ കമ്മിറ്റി ചെയർമാന്മാരും, കൈക്കാരന്മാരും, വിവിധ കമ്മിറ്റി അംഗങ്ങളുമായി ഈ ആത്മീയ നേതാക്കന്മാരുടെ ഒത്തുചേരലിനായി വിവിധ പരിപാടികൾ ക്രമീകരിച്ചുവരുന്നു.

മയാമിയിൽ നടക്കുന്ന മലയാളി കത്തോലിക്ക വൈദികരുടെ മഹാസംഗമത്തിന്റെ ഭാഗമായി കൃതജ്ഞതാബലിയിൽ നൂറുകണക്കിന് മലയാളി വൈദികർ പങ്കെടുക്കുന്നു.

ഈ മഹാസംഗമത്തിന് ആധ്യാത്മിക ഭംഗി പകരുന്നതിന് സീറോ മലബാർ മേജർ ആർച്ച് ബിഷപ്പിന്റെയും, അമേരിക്കൻ ബിഷപ്പ് കൗൺസിൽ അംഗങ്ങളുടെയും, മയാമി ആർച്ച് ബിഷപ്പിന്റെയും, പാംബീച്ച് ബിഷപ്പിന്റെയും സാന്നിധ്യമുണ്ട്.

പൊതുസമ്മേളനത്തിലും കലാപരിപാടികളിലും ഫ്ളോറിഡ സംസ്ഥാന ഭരണാധികാരികളും, സെനറ്റർമാരും, കോൺഗ്രസ് അംഗങ്ങളും, മേയർമാരും, പ്രാദേശിക നേതാക്കളും പങ്കുചേരും.

സംഗമത്തിന്റെ സൗഹൃദവും സാംസ്കാരിക വൈവിധ്യവും പ്രതിഫലിപ്പിക്കുന്ന അത്താഴ വിരുന്ന് ഏവർക്കും ഐക്യത്തിന്റെയും സ്നേഹത്തിന്റെയും ആഘോഷമായിരിക്കും. കൂടാതെ, പങ്കെടുക്കുന്ന വൈദികർക്കായി മയാമിയുടെ മനോഹാരിത അനുഭവിക്കുവാൻ പ്രത്യേക ബോട്ട് ടൂറും ഒരുക്കിയിരിക്കുന്നു.

സംഗമത്തിൽ പങ്കെടുക്കുന്ന വൈദികർക്കായി സൗജന്യ രജിസ്ട്രേഷനും താമസ സൗകര്യവുമാണ് ഒരുക്കിയിരിക്കുന്നത്.

ഈ മഹാസമ്മേളനത്തിനായി വരുന്ന സാമ്പത്തിക ചിലവുകൾ സുമനസ്സുകളുടെ സ്പോൺസർഷിപ്പുകളിൽ നിന്ന് ഏറ്റുവാങ്ങുന്നതിനായുള്ള കിക്ക് ഓഫ് വിജയകരമായി. സംഗമത്തിന്റെ ചെയർമാൻ റവ. ഫാ.ജോഷി ഇളംബാശ്ശേരിയും ഫിനാൻസ് കമ്മിറ്റിയും കിക്ക് ഓഫിന് നേതൃത്വം നൽകി.

അമേരിക്കയിലെ വിവിധ കർമ്മമേഖലകളിൽ സേവനം ചെയ്യുന്ന മലയാളി വൈദിക സമൂഹത്തെ അമേരിക്കയിൽ ഒരുമിപ്പിക്കുന്ന ആദ്യവേദി ആയിരിക്കും ഈ മഹാസംഗമം. ആത്മീയ ഐക്യത്തിനും, സഭയുടെ ദൗത്യബോധത്തിനും, പരസ്പര ബന്ധങ്ങളിൽ ഊഷ്മളത കൊണ്ടു വരുവാനും, ഭാവി തലമുറയ്ക്ക് പ്രചോദനം നൽകുന്ന ഒരു ചരിത്രനിമിഷമായി തീരും ഈ മഹാസമ്മേളനമെന്ന് ബിഷപ്പ് മാർ ജോയി ആലപ്പാട്ടും, ബിഷപ്പ് എമിററ്റസ് മാർ ജേക്കബ് അങ്ങാടിയത്തും ഓർമ്മപ്പെടുത്തി.



കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ ഓണാഘോഷ പരിപാടി കേളികൊട്ടുണർത്തി തുടക്കം കെഎഡി പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ ഉദ്ഘാടനം ചെയ്യുന്നു

## ഇന്ത്യൻ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റ് പാവപ്പെട്ടവർക്ക് ധനസഹായം വിതരണം ചെയ്തു



ഡാളസ്/കോട്ടയം: ജോസഫ് ചാണ്ടി മാനേജിംഗ് ട്രസ്റ്റിയായ ഇന്ത്യൻ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റ് കോട്ടയത്തുള്ള സിഎംഎസ് കോളേജിൽ വിവിധ ധനസഹായ പദ്ധതികളും സ്കോളർഷിപ്പുകളും ഉദ്ഘാടനം ചെയ്തു. ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം ട്രസ്റ്റിന്റെ അഖിലേന്ത്യ കോർഡിനേറ്ററായ കേണൽ പ്രൊഫസർ ഡോക്ടർ കാവുമ്പായി ജനാർദ്ദനൻ അധ്യക്ഷനേയും മുഖ്യാതിഥിയേയും വിശിഷ്ടാതിഥികളേയും സ്വാഗതം ചെയ്തു. അതിനു ശേഷം അഖിലേന്ത്യാതലത്തിൽ ഇന്ത്യൻ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റിന്റെ വിവിധ കാരുണ്യസേവാ പ്രവർത്തനങ്ങളെപ്പറ്റി വിവരിച്ചു. ദരിദ്രരായ 3,64,100 സ്കൂൾ കുട്ടികൾക്കും 29,310 കോളേജ് വിദ്യാർഥികൾക്കും വിദ്യാഭ്യാസ ധനസഹായം, പാവപ്പെട്ടവർക്ക് ഭവന നിർമ്മാണം, സ്വയംതൊഴിൽ പദ്ധതി, സാധു പെൺകുട്ടികളുടെ വിവാഹം തുടങ്ങിയവയ്ക്കുള്ള ധനസഹായം എന്നിവ നൽകിയതുൾപ്പെടെ 14,66,30,000 രൂപ മലയാളിയായ ജോസഫ് ചാണ്ടി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ടി വിനിയോഗിച്ചു. ഇതിനു പുറമേ, പാവപ്പെട്ടവർക്ക് ഭവനനിർമ്മാണം, ഭവന പുനർനിർമാണം, ചികിത്സ, പെൺകുട്ടികളുടെ വിവാഹം എന്നിവയ്ക്ക് സാമ്പത്തിക സഹായങ്ങൾ നൽകി. അനാഥാലയങ്ങൾക്കും സ്വയം തൊഴിൽ പദ്ധതികൾക്കും സാമ്പത്തിക സഹായം നൽകി. കനിവിന്റെ സൂര്യതേജസ് എന്ന ഓമന പേരിൽ അറിയപ്പെടുന്ന കോട്ടയം സ്വദേശിയായ ജോസഫ് ചാണ്ടി അമേരിക്കൻ പൗരൻ കൂടിയാണ്. അമേരിക്കയിൽ നിന്നുകൊണ്ട് ഇന്ത്യയിലെ നിസ്വാർത്ഥരായ സാമൂഹ്യ സേവകരുടെ സഹായത്താൽ ഇന്ത്യയിലുടനീളം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കോട്ടയത്തെ സിഎംഎസ് കോളേജ് ഹാളിൽ വെച്ച് നടന്ന പരിപാടിയിൽ കോട്ടയം മുനിസിപ്പാലിറ്റി കൗൺസിലർ സാബു മാത്യു അധ്യക്ഷത വഹിച്ചു. അധ്യക്ഷ പ്രസംഗത്തിൽ ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെയും മാനേജിംഗ് ട്രസ്റ്റിയുടെ ഉദാരതയെയും വളരെയധികം പ്രശംസിച്ചു. കോട്ടയം ജില്ലയിൽ ട്രസ്റ്റിനു വേണ്ടി നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിയ ഗോപി കൃഷ്ണന് മദർ തെരേസ ജീവകാരുണ്യ സേവാ പുരസ്കാരം നൽകി.

ഉമ്മൻചാണ്ടി മെമ്മോറിയൽ ഭവന പുനരുദ്ധാരണ പദ്ധതി മുഖ്യാതിഥി ഡോക്ടർ മറിയം ഉമ്മൻ ഉദ്ഘാടനം ചെയ്തു. പുതുപ്പള്ളി പഞ്ചായത്തിലെ 10 പാവപ്പെട്ട കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണ പദ്ധതി വഴി ഒന്നര ലക്ഷം രൂപയാണ് ട്രസ്റ്റ് നൽകിയത്. ഉമ്മൻചാണ്ടി മെമ്മോറിയൽ ഭവന നിർമ്മാണ പദ്ധതി വിശിഷ്ടാതിഥി അഡ്വക്കേറ്റ് സണ്ണി പാമ്പാടി ഉദ്ഘാടനം ചെയ്തു. ഈ പദ്ധതിക്ക് വേണ്ടി ട്രസ്റ്റ് മൂന്നുലക്ഷം രൂപ സഹായധനം നൽകി. കോട്ടയം സിഎംഎസ് കോളേജിലെയും പുതുപ്പള്ളി വിജെഓഎം സ്കൂളിലെയും 10 വീതം വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളുടെ ഉദ്ഘാടനം കോട്ടയം മുനിസിപ്പൽ ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യൻ നിർവഹിച്ചു. സി.എം.എസ് കോളേജ് പ്രിൻസിപ്പൽ ഡോക്ടർ അഞ്ചു സൂസൻ ജോർജ്, കോട്ടയം മുനിസിപ്പാലിറ്റി വൈസ് ചെയർമാൻ ബി ഗോപകുമാർ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ട്രസ്റ്റിന്റെ കോട്ടയം ജില്ലാ കോഡിനേറ്റർ സുനിൽ ദേവ് നന്ദി പ്രകടനം നടത്തിയതോടെ യോഗം സമാപിച്ചു.

5 September - **Onam :** India celebrates Onam, which is a colourful and joyful celebration that commemorates the return of the mythical King Mahabali. There are lavish feasts, traditional boat races, and vibrant floral carpets during this ten-day festival. Onam will be observed on September 5 this year.

## റോക്ക് ലാൻഡിൽ ദേശസ്നേഹം തുടിച്ചു നിന്ന സ്വാതന്ത്ര്യദിന പരേഡ്



ന്യൂയോർക്ക്: റോക്ക് ലാൻഡിലെ ന്യൂ സിറ്റിയിൽ ഇന്ത്യൻ കൾച്ചറൽ സൊസൈറ്റി ഓഫ് റോക്ക് ലാൻഡിന്റെ (ഐ.സി.എസ്.ആർ) നേതൃത്വത്തിൽ ഇന്ത്യ ഡേ പരേഡ് വർണാഭമായി. ദേശസ്നേഹം തുടിച്ചു നിന്ന അന്തരീക്ഷത്തിൽ ന്യൂ സിറ്റി ലൈബ്രറിക്കു മുന്നിൽ നിന്നാരംഭിച്ച പരേഡ് കൗണ്ടി കോർട്ടിന് മുന്നിൽ സമാപിച്ചു.

ഇന്ത്യൻ വസ്ത്രങ്ങളണിഞ്ഞ് എത്തിയ ജനങ്ങൾ ഭാരതമാതാ കീ ജെയ്, വന്ദേമാതരം മുദ്രാവാക്യങ്ങളുമായി മാർച്ച് ചെയ്തു. ചെണ്ടമേളത്തിന്റെ മുഴങ്ങുന്ന ശബ്ദം ഇന്ത്യൻ സമൂഹത്തിന്റെ മുന്നേറ്റത്തിന്റെ കാഹളമായി. അശ്വാരൂഢരായ പോലീസ് മാർ ച്ച് മുന്നിൽ നിന്ന് നയിച്ചു.

ഫൊക്കാന, ഹഡ്സൺവാലി മലയാളി അസോസിയേഷൻ തുടങ്ങി വിവിധ മലയാളി സംഘടനകളും പരേഡിൽ പങ്കെടുത്തു. റോക്ക് ലാൻഡ് കൗണ്ടി ടൂറിസവും പരേഡിനെ പിന്തുണച്ചു.

കൗണ്ടി കോർട്ടിന് മുന്നിൽ ഐ.സി.എസ്.ആർ പ്രസിഡന്റ് അൽക ഷാ ഇന്ത്യൻ പതാക ഉയർത്തി.

ഇന്ത്യയിൽ നിന്ന് എത്തിയ രാജ്മോഹൻ ഉണ്ണിത്താൻ എം.പി. ആയിരുന്നു മുഖ്യാതിഥി. സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം എടുത്തുകാട്ടിയ അദ്ദേഹം പ്രവാസ നാട്ടിലും ഇന്ത്യാക്കാർ ജന്മനാടിനോടുള്ള സ്നേഹം അചഞ്ചലമായി കാത്തു സൂക്ഷിക്കുന്നതിൽ അഭിമാനം കൊണ്ടു. സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയവർക്കും ജീവൻ ബലിയർപ്പിച്ചവർക്കും അദ്ദേഹം ആദരാഞ്ജലി അർപ്പിച്ചു.

റോക്ക് ലാൻഡ് കൗണ്ടി എക്സിക്യൂട്ടീവ് എഡ് ഡേ, ക്ലാർക്സ്ടൗൺ ടൗൺ സൂപ്പർവൈസർ ജോർജ് ഹോമൻ, സ്റ്റേറ്റ് സെനറ്റർ ബിൽ വെബ്ബർ, റോക്ക് ലാൻഡ് കൗണ്ടി ലെജിസ്ളേറ്റർ ഡോ. ആനി പോൾ തുടങ്ങിയവർ ജനങ്ങളെ അഭിസംബോധന ചെയ്തു.

ഓഗസ്റ്റ് 15 റോക്ക്‌ലാൻഡ് കൗണ്ടിയിൽ ഇന്ത്യാ ദിനമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രൊക്ലമേഷൻ ഡോ.ആനി പോൾ വായിച്ചു. സമ്മേളനത്തിന് ശേഷം വിവിധ കലാപരിപാടികൾ നടന്നു.

## കേരള അസോസിയേഷൻ ഓഫ് ഡാളസ് സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു



ഡാളസ്: കേരള അസോസിയേഷൻ ഓഫ ഡാളസ് 79-ാമത് സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു. കേരള അസോസിയേഷൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐസിഇസി ഹാളിൽ വെച്ചായിരുന്നു ആഘോഷം നടത്തിയത്. കെഎഡി പ്രസിഡന്റ് പ്രദീപ് നാഗനുലിൽ, ഐസിഇസി പ്രസിഡന്റ് നൈനാൻ മാത്യു എന്നിവർ സംസാരിച്ചു. കെഎഡി സോഷ്യൽ ഡയറക്ടർ ജയ്സി ജോർജ് നന്ദി പ്രകാശിപ്പിച്ചു. ഐസി ഇസി കമ്മിറ്റിയംഗം പി.റ്റി സെബാസ്റ്റ്യൻ, മുതിർന്നയംഗം സണ്ണി ജേക്കബ്, ഗാർലന്റ് സിറ്റി സീനിയർ അഡ്വൈസറി കമ്മിറ്റി ചെയർമാൻ പി.സി മാത്യു, മുതിർന്ന മാധ്യമ പ്രവർത്തകൻ പി.പി ചെറിയാൻ, മുതിർന്നയംഗങ്ങളായ സിജു വി. ജോർജ്, ജോസ് കുഴിപ്പിള്ളി, മാധ്യമ പ്രവർത്തകരായ രാജു തരകൻ, ബാബു സൈമ്മൺ, കൂടാതെ ബാബു മാത്യു, ജേക്കബ് സൈമ്മൺ, കെഎഡി കമ്മിറ്റിയംഗം വിനോദ് ജോർജ്, ടോമി കളത്തിവീട്ടിൽ തുടങ്ങി അമ്പതോളം അസോസിയേഷൻ അംഗങ്ങൾ സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പങ്കെടുത്തു.

## അമേരിക്കൻ പൗരത്വം: അപേക്ഷിക്കുന്നവർക്ക് പുതിയ മാനദണ്ഡങ്ങൾ

**- ലാൽ വർഗീസ്**

ഡാളസ്: അമേരിക്കൻ പൗരത്വം നേടാൻ അപേക്ഷിക്കുന്നവർക്ക് പുതിയ മാനദണ്ഡങ്ങൾ. യുഎസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസ് പുറത്തിറക്കിയ പുതിയ നയപരമായ മെമ്മോറാണ്ടം അനുസരിച്ച്, അപേക്ഷകരുടെനല്ല സ്വഭാവംവിലയിരുത്തുമ്പോൾ അവരുടെ മോശം പ്രവർത്തികൾ മാത്രമല്ല, നല്ല സ്വഭാവങ്ങളും പരിഗണിക്കും.

അപേക്ഷകരുടെ സ്വഭാവം, സാമൂഹിക നിയമങ്ങൾ പാലിക്കാനുള്ള കഴിവ്, സമൂഹത്തിനുള്ള നല്ല സംഭാവനകൾ എന്നിവയെല്ലാം ഇതിൽ പരിഗണിക്കും. ഇതിലൂടെ, കുറ്റകൃത്യങ്ങളിൽ ഏർപ്പെടാത്തവർ എന്നതിനപ്പുറം, നല്ല രീതിയിൽ ജീവിച്ച വ്യക്തിയാണോ എന്ന് കൂടുതൽ സമഗ്രമായി വിലയിരുത്താൻ ഉദ്യോഗസ്ഥർക്ക് സാധിക്കും.

പുതിയ മാനദണ്ഡം അനുസരിച്ച്, നല്ല സ്വഭാവമായി പരിഗണിക്കുന്ന ചില കാര്യങ്ങൾ ഇവയാണ്: യു.എസിൽ സ്ഥിരമായുള്ള സാമൂഹിക പങ്കാളിത്തവും സംഭാവനകളും. കുടുംബ കാര്യങ്ങളിലുള്ള ഉത്തരവാദിത്തം. വിദ്യാഭ്യാസ യോഗ്യത. സ്ഥിരവും നിയമപരവുമായ തൊഴിൽ ചരിത്രം. യു.എസിൽ നിയമപരമായി താമസിച്ച കാലയളവ്. നികുതി ബാധ്യതകളും സാമ്പത്തിക ഉത്തരവാദിത്തങ്ങളും കൃത്യമായി പാലിക്കുന്നത്.

പുതിയ നയം പ്രകാരം, അപേക്ഷകരുടെ പോസിറ്റീവ് വശങ്ങൾക്കും സംഭാവനകൾക്കും കൂടുതൽ ഊന്നൽ നൽകും. ഇത് പൗരത്വം അപേക്ഷിക്കുന്നവരുടെ കാര്യത്തിൽ ഒരു സമഗ്രമായ സമീപനം ഉറപ്പാക്കുന്നു.

# സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് പ്രതിഷ്ഠാ ശുശ്രൂഷ ബിഷപ്പ് മോസ്റ്റ് റവ.ഡോ. തോമസ് എബ്രഹാം നിർവഹിച്ചു



**– സജി പുല്ലാട്**

ഹൂസ്റ്റൺ: സേനയിൻ യഹോവയേ നീ വാനസേനയോടെഴുന്നള്ളേണമേ ശാലോമിതിൽഎന്ന ഗാനം ആലപിച്ച് പ്രദക്ഷിണമായി വിശ്വാസികൾ ദേവാലയത്തിലേക്ക് പ്രവേശിച്ചതോടെ ശുശ്രൂഷകൾ ആരംഭിച്ചു.

സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യ ഗ്രേറ്റർ ഹൂസ്റ്റൺ പാരീഷ് പുതിയതായി നിർമ്മിച്ച ദേവാലയത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷ 16ന് 9ന് സഭയുടെ പ്രിസൈഡിങ് ബിഷപ്പ് മോസ്റ്റ്. റവ.ഡോ.തോമസ് എബ്രഹാം നിർവഹിച്ചു.

ഇടവക വികാരി റവ.ഡോ. ജോബി മാത്യു സ്വാഗതം ആശംസിച്ചു. വിവിധ ദേവാലയങ്ങളിൽ നിന്നുള്ള വൈദീകരായ റവ.ഫാ.ഡോ. ഐസക് ബി പ്രകാശ്, റവ. ദീപു എബി ജോൺ, റവ. ഡോ. ജോൺസി ജോസഫ് (ഭദ്രാസന സെക്രട്ടറി), മത്തായി കെ മത്തായി (ഇടവക വൈസ് പ്രസിഡന്റ്), ജോർജ് വർഗീസ്, (സഭാ ലേ ട്രസ്റ്റി) എന്നിവർ ആശംസകൾ നേർന്നു. ബാബു കൊച്ചുമ്മൻ, മിനി ജേക്കബ് എന്നിവർ വേദഭാഗങ്ങൾ വായിച്ചു.

ഡോ.ആനറ്റ് ഗോൾഡ് ബർഗ് (ആർക്കോള സിറ്റി മേയറുടെ പ്രതിനിധി) സമ്മേളനം ഉദ്ഘാടനം ചെയ്തു.

സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, മിസോറി സിറ്റി മേയർ റോബിൻ ജെ ഇലക്കാട്ട് എന്നിവരും ആശംസകൾ നേർന്നു സംസാരിച്ചു.

ദേവാലയ നിർമ്മാണത്തിന് വിവിധ സേവനങ്ങൾ നൽകിയവരെ ബിഷപ്പ് ഡോ. തോമസ് ഏബ്രഹാം പൊന്നാടയിട്ട് ആദരിച്ചു.

ഡോ.ബിനി ജോസഫ് ബിൽഡിംഗ് കമ്മിറ്റി കോർഡിനേറ്റർ ആയി പ്രവർത്തിച്ചു.

ദേവാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച്, അനുഗ്രഹിക്കപ്പെട്ട പ്രതിഷ്ഠാ ശുശ്രൂഷ നടത്തുവാൻ സാധിച്ചതിൽ ദൈവത്തിനും, ഇടവക വിശ്വാസികൾക്കും, വന്ന് സംബന്ധിച്ച എല്ലാവർക്കും സെക്രട്ടറി ജോർജ് മാത്യു നന്ദി അർപ്പിച്ചു. ചർച്ച് ക്വയർ ഇംഗ്ലീഷ് മലയാളം ഗാന ശുശ്രൂഷയും, ഷൈൻ വർഗീസ് മനോഹരമായ ഒരു ഗാനവും ആലപിച്ചു.

റൊഷാരൻ കൗണ്ടിയിൽ ഹൈവേ 6 നോട് ചേർന്ന് ഒന്നര ഏക്കർ സ്ഥലത്താണ് ദേവാലയം നിർമ്മിച്ചിരിക്കുന്നത്. എല്ലാ ഞായറാഴ്ചയും 9 മണിക്ക് കുട്ടികൾക്ക് സൺഡേ സ്കൂൾ പഠനവും, തുടർന്ന് 10 മണിക്ക് ശുശ്രൂഷയും ആരംഭിക്കുമെന്ന് ഇടവക ഭാരവാഹികൾ അറിയിച്ചു.

# ഫോമാ സൗത്ത് ഈസ്റ്റ് റീജിയൻ ഓണം ഗംഭീരമായി ആഘോഷിച്ചു

അറ്റലാന്റാ ഫോമാ സൗത്ത് ഈസ്റ്റ് റീജിയന്റെ ഓണാഘോഷം റീജിനൽ വൈസ് പ്രസിഡന്റ് പ്രകാശ് ജോസ ഫ്, നാഷണൽ കമ്മറ്റി അംഗങ്ങളായ കാജൽ സഖറിയ, ബബ്ലൂ ചാക്കൊ എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

ചടങ്ങിൽ മുൻ ആർ.വി.പിമാരായിരുന്ന തോമസ് കെ. ഈപ്പൻ, ബിജു ജോസഫ്, ഡൊമനിക് ചാക്കോനാൽ എന്നിവരും മുൻ നാഷണൽ കമ്മറ്റി അംഗങ്ങളായിരുന്ന സാം ആന്റോ, ദീപക് അലക്സാണ്ടർ, ജയിംസ് ജോയി എന്നിവരും പങ്കെടുക്കുകയുണ്ടായി. പ്രധാന അതിഥികളും സംഘാടകരും ചേർന്ന് നിലവിളക്ക് തെളിയിച്ച് ഓണാശംസകൾ നേർന്നു.

ഓണപ്പൂക്കളമിട്ട് അലങ്കരിച്ച ഹാളിൽ മലയാള തനിമയോടെ വാഴയിലയിൽ വിളമ്പിയ രുചികരമായ ഓണസദ്യ 'അച്ചായൻസിന്റ്' പാചകകലയിലുള്ളപാടവം വിളിച്ചറിയിക്കുന്നതായിരുന്നു. രുചികരമായ ഓണ സദ്യക്ക് ശേഷം റീജിനൽ കമ്മറ്റി ചെയർ ജയിംസ് കല്ലറക്കാനിയിൽ, കൾചറൽ കമ്മറ്റി ചെയർ ബിനു കാസിം, സെക്രട്ടറി ഉഷ പ്രസാദ് എന്നിവരുടെ നേതൃത്വത്തിൽ, കാണികളുടെ കണ്ണിനും കാതിനും ഇമ്പകരമായ വിധത്തിൽ അണിയിച്ചൊരുക്കിയ തിരുവാതിര, കൊച്ചു കുട്ടികളുടെ ഫാഷൻഷോ, പാട്ടുകൾ എന്നിവയും ഉണ്ടായിരുന്നു.

6 September- **Ananta Chaturdashi :** Ananta Chaturdashi is a famous Hindu Festival. The annual celebration marks the end ten-day-long Ganesh Chaturthi festivity. It symbolizes the natural cycle of life, where endings lead to new beginnings. People celebrating the day tie sacred threads called 'Ananta Dhara' as a mark of unwavering faith and commitment to the divine.

# ഇന്ത്യയുടെ സ്വാതന്ത്ര്യവും ജനാധിപത്യവും അപകടത്തിലായ വർഷം: രാജ്മോഹൻ ഉണ്ണിത്താൻ എംപി



ന്യൂ യോർക്ക്: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ട്രൈസ്റ്റേറ്റ് ചാപ്റ്റേഴ്സ് റോക്ക് ലാൻഡിലെ യോങ്കേഴ്സിൽ സംഘടിപ്പിച്ച സ്വാതന്ത്ര്യദിനാഘോഷത്തിൽ മുഖ്യാതിഥിയായി കാസർകോഡ് എം.പി രാജ്മോഹൻ ഉണ്ണിത്താൻ പങ്കെടുത്തു.

ഐ.ഓ.സി. പ്രസിഡന്റ് മൊഹിന്ദർസിംഗ് ഗിൽസിയൻ, ഐ.ഓ.സി. വൈസ് ചെയർ ജോർജ് എബ്രഹാം, കേരള ചാപ്ടർ നേതാക്കളായ ലീല മാരേട്ട്, പോൾ കറുകപ്പള്ളി, ജോസ് ജോർജ്, നോവ ജോർജ്, ഷൈമി ജേക്കബ്, വർഗീസ് പോത്താനിക്കാട് തുടങ്ങിയവർ നേതൃത്വം നൽകി. റോക്ക് ലാൻഡ് ലെജിസ്ളേറ്റർ ഡോ. ആനി പോൾ, ബൽദേവ് രൺധാവ തുടങ്ങിയവർ പ്രസംഗിച്ചു.

1968 ൽ രാഷ്ട്രീയത്തിൽ പ്രവേശിച്ച താൻ ആദ്യമായാണ് അമേരിക്കയിൽ വരുന്നതെന്നും ജീവിതത്തിൽ ആദ്യമായാണ് ഒരു വിദേശരാജ്യത്ത് ഇന്ത്യയുടെ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നതെന്നും പറഞ്ഞുകൊണ്ടാണ് രാജ്മോഹൻ ഉണ്ണിത്താൻ എം.പി. പ്രസംഗം ആരംഭിച്ചത്.

പോർച്ചുഗീസുകാർ, ഡച്ചുകാർ, ഈസ്റ്റ് ഇന്ത്യ കമ്പനി, ബ്രിട്ടീഷുകാർ എന്നിങ്ങനെ 200 വർഷക്കാലം നമ്മുടെ രാജ്യം വൈദേശിക ആധിപത്യത്തിൽ കഴിഞ്ഞത് അദ്ദേഹം അനുസ്മരിച്ചു. അവരൊക്കെയും കച്ചവടത്തിനായി വന്ന് ഭാരതത്തിന്റെ സമ്പത്ത് അവരുടെ നാട്ടിലേക്കുകൊണ്ടുപോയപ്പോൾ, ബ്രിട്ടീഷുകാർ സമ്പത്ത് കൊള്ളയടിക്കുന്നതുകൂടാതെ ബ്രിട്ടന്റെ ഒരു കോളനിയാക്കി നമ്മുടെ രാജ്യത്തെ മാറ്റുകയും ചെയ്തു.

ആ ദുർഭരണത്തിനെതിരെ ആദ്യം ശബ്ദമുയർത്തിയ മംഗൽ പാണ്ഡെ എന്ന പട്ടാളക്കാരനെക്കുറിച്ചും 1857 ൽ നടന്ന ഒന്നാം സ്വാതന്ത്ര്യസമരം അഥവാ ശിപ്പായി ലഹളയെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണത്തിന് പിന്നാലെ ആഫ്രിക്കയിൽ നിന്ന് ഭാരതത്തിലേക്കുള്ള മഹാത്മാ ഗാന്ധിയുടെ വരവും വഴിത്തിരിവായി.

ഗാന്ധിജി സ്വാതന്ത്ര്യ സമരത്തിന്റെ നേതൃത്വം ഏറ്റെടുക്കും മുൻപ്, അദ്ദേഹത്തിന്റെ രാഷ്ട്രീയ ഗുരുവായ ഗോപാലകൃഷ്ണ ഗോഖലെയുടെ ഉപദേശപ്രകാരം ഭാരതത്തിലെ ജനങ്ങൾ അനുഭവിച്ച ക്ലേശങ്ങൾ മനസ്സിലാക്കുന്നതിന് രാജ്യത്തിന്റെ അങ്ങോളമിങ്ങോളം സഞ്ചരിച്ചു. ഓരോ സംസ്ഥാനത്തെയും നവോത്ഥാന നായകന്മാരെ നേരിൽ കണ്ട് അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ടാണ് ഗാന്ധിജി ഭാരതപര്യടനം പൂർത്തിയാക്കിയത്.

സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന് നെഹ്റു പാർലമെന്റിൽ നടത്തിയ പ്രസംഗം കേൾക്കാൻ മഹാത്മാ ഗാന്ധി എത്തിച്ചേർന്നില്ല, സമാധാനത്തിന്റെ ദൂതുമായി ആ അർദ്ധനഗ്നനായ ഫക്കീർ കലാപം നടന്ന ഇടങ്ങളിൽ ആയിരുന്നു. നെഹ്റുവിന് ഹിന്ദു മഹാസഭ ഒരു തീവണ്ടി സമ്മാനമായി അയച്ചുകൊടുത്തു. മുസ്ലീങ്ങളുടെ ദുർഗന്ധം വമിക്കുന്ന മൃതശരീരങ്ങളുടെ കൂമ്പാരമായിരുന്നു അതിൽ. സ്വതന്ത്ര ഭാരതത്തിന്റെ ആദ്യ പ്രധാനമന്ത്രിക്ക് ഹിന്ദു മഹാസഭയുടെ ഉപഹാരം എന്ന് ആ തീവണ്ടിയിൽ എഴുതിയിരുന്നു.

ഇന്ന് കാണുന്ന ആധുനിക ഇന്ത്യയ്ക്ക് അടിത്തറ പാകിയത് നെഹ്രുവാണ്. പിന്നീട് അദ്ദേഹത്തിന്റെ പുത്രി ഇന്ദിര ഗാന്ധി ഹരിത വിപ്ലവവും ധവള വിപ്ലവവും കൊണ്ടുവന്നതും ബാങ്കുകൾ ദേശസാത്കരിച്ചതും ആണവായുധ രംഗത്തേക്കും വികസനത്തിന്റെ പാതയിലേക്കും നടത്തിച്ചത് ഉണ്ണിത്താൻ എണ്ണിയെണ്ണി പറഞ്ഞു.

ഖലിസ്ഥാൻ തീവ്രവാദത്തെ എതിർത്തതിന്റെ പേരിൽ അവർക്ക് ജീവത്യാഗം ചെയ്യേണ്ടി വന്നു. പിന്നീട് രാജീവ് ഗാന്ധി പ്രധാനമന്ത്രി ആയപ്പോൾ ഇൻഫോർമേഷൻ റവല്യൂഷന് തുടക്കം കുറിച്ചതും രാജ്മോഹൻ ഉണ്ണിത്താൻ ചൂണ്ടിക്കാട്ടി. ലോകത്തിലെ ഏറ്റവും വലിയ വാർത്താവിനിമയ വിപ്ലവം നമ്മുടെ രാജ്യത്തുണ്ടായി.

സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയൊമ്പതാം വാർഷികത്തിൽ അത് നേടിത്തന്നതും രാജ്യത്ത് ജനാധിപത്യവും മതേതരത്വവും സാധ്യമാക്കിയതും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഐതിഹാസിക പോരാട്ടം കൊണ്ടാണെന്ന് ഓർക്കണമെന്ന് ഉണ്ണിത്താൻ പറഞ്ഞു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 400 സീറ്റ് കിട്ടിയാൽ ഇന്ത്യയുടെ ഭരണഘടന മാറ്റിയെഴുതും എന്നുപറഞ്ഞവരാണ് ഇന്ന് രാജ്യം ഭരിക്കുന്നത്. ആർഎസ്എസ് രൂപീകരിച്ച് 100 വർഷത്തിനുള്ളിൽ ഇന്ത്യയിലെ ജനാധിപത്യം തകർക്കുമെന്നും ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കി മാറ്റുമെന്നുമുള്ള അവരുടെ പ്രഖ്യാപനവും അദ്ദേഹം ഊന്നിപ്പറഞ്ഞു. 2025 ഇന്ത്യയുടെ സ്വാതന്ത്ര്യവും ജനാധിപത്യവും അപകടത്തിലായ വർഷമാണെന്നും എംപി ചൂണ്ടിക്കാട്ടി. രാഹുൽ ഗാന്ധി പുറത്തുകൊണ്ടുവന്ന കർണാടകയിലെ വോട്ടിങ് ക്രമക്കേടുകളെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു.



## ഐഎംഎ ഓണാഘോഷം കോൺസൽ ജനറൽ മുഖ്യാതിഥി



ചിക്കാഗോ: നോർത്ത് അമേരിക്കയിലെ പ്രവാസി സംഘടനകളിൽ പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ഇല്ലിനോയി മലയാളി അസോസിയേഷൻ ഈ വരുന്ന സെപ്റ്റംബർ 5 വെള്ളിയാഴ്ച വൈകുന്നേരം ആറുമണി മുതൽ ഡെസ്പ്ലെയിൻസിലെ ക്നാനായ സെന്ററിൽ ഓണാഘോഷം സംഘടിപ്പിക്കുന്നു.

ചിക്കാഗോയിലെ ഇൻഡ്യൻ കോൺസൽ ജനറൽ സോംനാഥ് ഘോഷ് മുഖ്യാതിഥിയായി പങ്കെടുക്കുന്ന ഈ ഓണാഘോഷപരിപാടികളിൽ ശോഭാ നായരുടെയും ആനീസ് സണ്ണിയുടെയും നേതൃത്വത്തിൽ ആകർഷകങ്ങളായ കലാപരിപാടികളും വിഭവസമൃദ്ധമായ ഓണസദ്യയും ആഘോഷങ്ങളുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

ഈ ഓണാഘോഷങ്ങളിൽ ഉടനീളം പങ്കെടുത്ത് ഈ പരിപാടിയെ വിജയിപ്പിക്കണമെന്ന് ഷിക്കാഗോയിലെ നല്ലവരായ മലയാളി സമൂഹത്തോട് അഭ്യർത്ഥിക്കുന്നതായി പ്രസിഡണ്ട് ജോയ് പീറ്റേഴ്സ് ഇണ്ടിക്കുഴി, സെക്രട്ടറി പ്രജിൽ അലക്സാണ്ടർ, എക്സിക്യൂട്ടീവ് അംഗങ്ങളായ സ്റ്റീഫൻ ചൊള്ളമ്പേൽ, ഷാനി എബ്രഹാം, ലിൻസ് താന്നിച്ചുവട്ടിൽ, ജോസി കുരിശിങ്കൽ, ജോർജ് മാത്യു എന്നിവർ അറിയിച്ചു.

സംഘടനയുടെ മുൻ പ്രസിഡണ്ട് ആയിരുന്ന സാം ജോർജ് ആണ് ഇത്തവണത്തെ ഓണാഘോഷങ്ങളുടെ കോർഡിനേറ്റർ.

## ശുഭാംശു ശുക്ല ഇന്ത്യൻ മണ്ണിൽ വീണ്ടും കാൽ കുത്തി, ഡൽഹിയിൽ വീരോചിത സ്വീകരണം



ആക്സിയം 4 ദൗത്യത്തിൽ ബഹിരാകാശത്തു പോയി വന്ന ഇന്ത്യൻ എയർ ഫോഴ്സ് ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല ഞായറാഴ്ച പുലർച്ചെ ഇന്ത്യൻ മണ്ണിൽ വീണ്ടും കാൽ കുത്തി. ഡൽഹി ഇന്ദിരാ ഗാന്ധി എയർപോർട്ടിൽ പുലർച്ചെ അദ്ദേഹത്തിനു വീരോചിതമായ സ്വീകരണം നൽകി.

കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്, ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത തുടങ്ങിയവർ അദ്ദേഹത്തെ സ്വീകരിച്ചു. വിമാനത്താവളത്തിനു പുറത്തു ആയിരങ്ങളാണ് കാത്തു നിന്നത്.

കുടുംബാംഗങ്ങളെ കാണാൻ ശുക്ല ലക്നോവിലേക്കു പോകും. പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും അദ്ദേഹം കാണുന്നുണ്ട്.

ലോക് സഭ ശുക്ലയുടെ ബഹിരാകാശ ദൗത്യം ചർച്ച ചെയ്യുമെന്നു അറിയിച്ചിട്ടുണ്ട്.

വിങ് കമാൻഡർ രാകേഷ് ശർമയുടെ 1984 ലെ ബഹിരാകാശ ദൗത്യം കഴിഞ്ഞു 41 വർഷത്തിനു ശേഷം സമാനമായൊരു ദൗത്യത്തിന് അവസരം ലഭിച്ച ശുക്ല ജൂലൈ 16നാണു ഫ്ലോറിഡയിൽ തിരിച്ചെത്തിയത്. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഗവേഷണങ്ങൾ നടത്തിയ ശുക്ലയ്ക്കു മറ്റു നാലു യാത്രികർ കൂട്ടുണ്ടായിരുന്നു.

## ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരള ഘടകം സ്വാതന്ത്ര്യദിനം ആഘോഷിച്ചു



**– ബാബു പി സൈമൺ, ഡാളസ്**

ഡാലസ്: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് സൗത്ത് വെസ്റ്റ് റീജിയനും കേരള ഘടകവും സംയുക്തമായി രാജ്യത്തിന്റെ 79-ാം സ്വാതന്ത്ര്യദിനം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. ഡാലസിലെ ഇർവിങ്ങിലുള്ള ഔർ പ്ലേസ് ഇന്ത്യൻ റെസ്റ്റോറന്റിൽ 15 വെള്ളിയാഴ്ച വൈകിട്ട് 7നാണ് പരിപാടികൾ സംഘടിപ്പിച്ചത്.

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് സൗത്ത് വെസ്റ്റ് റീജിയൺ പ്രസിഡന്റ് ഗുരുദേവ് ഹയർ ദേശീയ പതാക ഉയർത്തി. തുടർന്ന് ഐ.ഒ.സി. കേരള ഘടകം പ്രസിഡന്റ് മാത്യു നൈനാൻ, രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച ധീര ദേശാഭിമാനികളുടെ ഓർമ്മകൾ പുതുക്കിക്കൊണ്ടും ഇന്ത്യയുടെ സമ്പന്നമായ ചരിത്രവും സംസ്കാരവും ഓർമ്മിപ്പിച്ചുകൊണ്ടും സംസാരിച്ചു.

സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖ വ്യക്തിത്വങ്ങളും സാമൂഹിക പ്രവർത്തകരുമുൾപ്പെടെ നിരവധിപേർ പരിപാടിയിൽ പങ്കെടുത്തു സ്വാതന്ത്ര്യദിന ആശംസകൾ നേർന്നു.

ഐ.ഒ.സി. കേരള ഘടകം ജനറൽ സെക്രട്ടറി അഞ്ജു ബിജിലി, ചെയർമാൻ സാക്ക് തോമസ്, വൈസ് ചെയർമാൻ സന്തോഷ് കാപ്പിൽ, വൈസ് പ്രസിഡന്റും മുൻ നാവിക ഉദ്യോഗസ്ഥനുമായ ജോജി ജോർജ്, മീഡിയ കോർഡിനേറ്റർ പ്രിയ വെസ്ലി, യൂത്ത് കോർഡിനേറ്റർ ജോഫി ജേക്കബ് എന്നിവർ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും ഉയർത്തിപ്പിടിക്കാൻ ഓരോ ഇന്ത്യക്കാരനും പ്രതിജ്ഞാബദ്ധനാണെന്ന് ഓർമ്മിപ്പിച്ചു.

സ്വാതന്ത്ര്യദിന ആഘോഷത്തിൽ പങ്കെടുത്ത എല്ലാവർക്കും ഐ.ഒ.സി. കേരള ഘടകം ട്രഷറർ ബിനോയ് ഫിലിപ്പ് നന്ദി പറഞ്ഞു

## ഇന്ത്യൻ ദേശീയ പതാകയേയും പ്രധാനമന്ത്രിയെയും അപമാനിച്ചു; അമേരിക്കൻ മലയാളിക്ക് എതിരെ പോലീസ് കേസെടുത്തു

**– എബി മക്കപ്പുഴ**

കോട്ടയം: ദേശീയ പതാകയെ അപമാനിക്കുന്ന ഫേസ്ബുക്ക് പോസ്റ്റ് ഇട്ടതിന് അമേരിക്കയിൽ താമസിക്കുന്ന കോട്ടയം സ്വദേശിയായ പ്രവാസി മലയാളിക്ക് എതിരെ പോലീസ് കേസെടുത്തു. ബിജെപി പ്രാദേശിക പ്രവർത്തകനായ അനൂപ് നൽകിയ പരാതിയെ തുടർന്നാണ് കോട്ടയം സ്വദേശി അൽബിച്ചൻ മുരിങ്ങയിലിനെതിരെ വെള്ളിയാഴ്ച എടത്തല പോലീസ് കേസെടുത്തത്.

സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട് ദേശീയ പതാകയെ അപമാനിക്കുന്ന തരത്തിലുള്ള ഉള്ളടക്കമാണ് അൽബിച്ചൻ മുരിങ്ങയിൽ തന്റെ ഫേസ്ബുക്ക് അക്കൗണ്ടിൽ പങ്കുവെച്ചതെന്ന് പോലീസ് പറയുന്നു. നിലവിൽ അമേരിക്കയിലാണ് പ്രതി താമസിക്കുന്നത്. ഇദ്ദേഹത്തിന്റെ ഫേസ്ബുക്ക് അക്കൗണ്ടിൽ ഇന്ത്യയെയും പ്രധാനമന്ത്രിയെയും അപമാനിക്കുന്ന തരത്തിലുള്ള നിരവധി പോസ്റ്റുകളുണ്ടായിരുന്നുവെന്ന് ഒരു മുതിർന്ന പോലീസ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

ദേശീയ ബഹുമതിയെ അപമാനിക്കുന്നത് തടയൽ നിയമത്തിലെ പ്രസക്തമായ വകുപ്പുകൾ പ്രകാരമാണ് അൽബിച്ചൻ മുരിങ്ങയിലിനെതിരെ കേസെടുത്തിരിക്കുന്നത്. കേസിനെക്കുറിച്ച് കൂടുതൽ അന്വേഷണം നടത്തുന്നതിനായി ഉടൻതന്നെ സൈബർ പോലീസിന് കൈമാറുമെന്നും ഉദ്യോഗസ്ഥൻ കൂട്ടിച്ചേർത്തു.

## താമ്പായിൽ സൺഡേ സ്കൂൾ അധ്യയന വർഷത്തിന് തുടക്കം

താമ്പാ: സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ പള്ളിയിൽ ഈ വർഷത്തെ വിശ്വാസ പരിശീലന വർഷത്തിന് തുടക്കമായി. ഇടവക വികാരി ഫാ.ജോസ് ആദോപ്പിള്ളിൽ പുതിയഅധ്യയന വർഷം തിരി തെളിച്ചു ഉദ്ഘാടനം ചെയ്തു. തുടർന്ന് പ്രത്യേക അനുഗ്രഹ പ്രാർത്ഥനയും അദ്ധ്യാപകരുടെ പ്രതിജ്ഞയും നടന്നു.

അദ്ധ്യാപകർക്കായി നടന്ന ഏകദിന സെമിനാറിൽ സുനിൽ നടരാജൻ ക്ലാസുകൾ നയിച്ചു. സൺഡേ സ്കൂൾ പ്രിൻസിപ്പൽ സാലി കുളങ്ങര സ്വാഗതവും അസിസ്റ്റന്റ് പ്രിൻസിപ്പൽ സിജോയ് പറപ്പള്ളിൽ നന്ദിയും പറഞ്ഞു

7 September - **Brazilian Independence Day :** Brazilian Independence Day is celebrated on 7 September every year to commemorate the birth of the nation. On 7 September 1822, Brazil got its independence from the Portuguese. In 1889 Brazil ended up with the monarchical system and became a republic but kept 7 September as its Independence Day.

## മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയും കേരള കൾച്ചറൽ ഫോറവും സംയുക്തമായി ഓണം സംഘടിപ്പിക്കുന്നു

**– ശ്രീകുമാർബാബു ഉണ്ണിത്താൻ**

കേരളത്തിലെ ഏറ്റവും പ്രിയപ്പെട്ട സാംസ്കാരിക ഉത്സവമായ ഓണം 2025 ആഘോഷിക്കാൻ മലയാളി സമൂഹം ഒത്തുചേരുന്നു. മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയും കേരള കൾച്ചറൽ ഫോറവും സംയുക്തമായി സംഘടിപ്പിക്കുന്ന ഓണാഘോഷം സെപ്റ്റംബർ 13 ശനിയാഴ്ച ഉച്ചക്ക് പാറ്റേഴ്സണിലുള്ള സെന്റ് ജോർജ് സിറോ മലബാർ ചർച്ച് ഓഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെടും.

കേരളത്തിന്റെ വിളവെടുപ്പ് ഉത്സവമായ ഓണം, സാംസ്കാരിക പ്രകടനങ്ങൾ, രുചികരമായ വിരുന്നുകൾ, കേരള പൈതൃകത്തിന്റെ ഊർജ്ജസ്വലമായ പ്രദർശനങ്ങൾ എന്നിവയാൽ അടയാളപ്പെടുത്തിയ സന്തോഷത്തിന്റെയും ഐക്യത്തിന്റെയും പാരമ്പര്യത്തിന്റെയും സമയമാണ്. ഈ വർഷത്തെ പരിപാടി മലയാളികൾക്ക് മറക്കാനാവാത്ത ഒരു അനുഭവമായിരിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു.

പരമ്പരാഗത പ്രകടനങ്ങളായ തിരുവാതിര , ചെണ്ടമേളം, മാവേലി എഴുന്നള്ളത്ത്, കൂടാതെ പൂക്കളം സംഗീതം, നൃത്തം, പ്രശസ്ത കലാകാരന്മാർ ഒരുക്കുന്ന ഗാനമേള, വാഴയിലയിൽ വിളമ്പുന്ന പരമ്പരാഗത ഓണസദ്യ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

കുടുംബങ്ങൾക്കും സുഹൃത്തുക്കൾക്കും കേരളത്തിന്റെ സമ്പന്നമായ സംസ്കാരം അനുഭവിക്കാനും, വൈവിധ്യത്തിൽ ഐക്യം ആഘോഷിക്കാനും, ഓണത്തിന്റെ ചൈതന്യം പങ്കുവെക്കാനുമുള്ള അവസരമാണിത്. ആഘോഷങ്ങളിൽ പങ്കുചേരാൻ എല്ലാവരെയും ക്ഷണിക്കുന്നു.